## പൗരോഹിത്യ ശുശ്രൂഷയിൽ

## 25 വർഷങ്ങൾ പിന്നിടുന്ന

### ബഹു. ജോസച്ചന്

### ആശംസകൾ!

### പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. ജോസ് പുളിന്താനം**

പൗരോഹിത്യ സ്വീകരണം 03 – 01 – 1994

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 ജൂൺ - 2018 ലക്കം 6**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ലോകമാധ്യമദിനസന്ദേശം .......................................... 07
പുരോഹിതനും പുരോഹിത ശുശ്രൂഷയും ............. 16
രൂപതാകച്ചേരി വാർത്തകൾ ..................................... 23
രൂപതാദിനാഘോഷവും കുടുംബകൂട്ടായ്മ
ഉദ്ഘാടനവും .......................................................... 28
വൈദികരുടെ മാസധ്യാനം ..................................... 32
കുടുംബകൂട്ടായ്മ ...................................................... 33
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 35
മതബോധനരംഗം ........................................................ 39
ചെറുപുഷ്പമിഷൻലീഗ് ............................................ 43
*Department of Youth Ministry* ............................................ 48
കെ.സി.വൈ.എം. ...................................................... 50
കുടുംബപ്രേഷിതത്വം ................................................ 57
സീയോൻ വാർത്തകൾ ............................................. 62
കത്തോലിക്കാ കോൺഗ്രസ് ....................................... 64
വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... 68
സാമൂഹ്യ സേവനരംഗം (WSSS) ................................. 70
ബയോവിൻ അഗ്രോ റിസർച്ച് ...................................... 80
റേഡിയോ മാറ്റൊലി ................................................... 83
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ........................ 89
Mary Matha Arts & Science College ................................ 91
ഡി.എഫ്.സി. ........................................................... 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... 95
ബിഷപ്സ് പ്രോഗ്രാം ................................................... 96

Ref: 3086/K-5/KCBC/OL/DS

## ലോക മധ്യമദിനസന്ദേശം - 2018

**ഫ്രാൻസിസ് മാർപാപ്പ**

### "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)
### വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമ പ്രവർത്തനവും

പ്രിയ സഹോദരീ സഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (cf ഉത്പ 4:4-16; 11:1-9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹമെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും ലോകത്ത് "വ്യജവാർത്തകൾ" എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യമെന്ന വിഷയം വീണ്ടും അവതരിപ്പി

ക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6–ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972–ലെ സന്ദേശം "സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്" എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്ത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. വ്യാജവാർത്തയെ സംബന്ധിച്ച "വ്യാജം" എന്താണ്?**

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നൽകലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥവാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യം കൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി

വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുന്നു. സഹനശേഷിയില്ലാത്തതും അമിതവികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.

**2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?**

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നുകാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവുമായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. "നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ" എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെയാണ്

ഉത്പത്തി പുസ്തകത്തിലെ "തന്ത്രശാലിയായ പാമ്പ്" പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ 3:1-15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങി വച്ചു. സഹോദരനെ കൊല്ലുന്നതുവരെ അത് എത്തി (cf ഉത്പ 4). ദൈവ ത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ "നുണ കളുടെ പിതാവിന്റെ" (യോഹ. 8:44) സമരതന്ത്രം കൃത്യമായി പറ ഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങ ളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമ ത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ. 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മ യുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പി ച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്ക പ്പെട്ടു. അവൾ ആ വഞ്ചകൻ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുക യില്ല" (ഉത്പ 3:4). പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറ ക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ 3:5). ദൈവത്തിന്റെ പിതൃ സഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്ക പ്പെട്ടു: "ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും

അറിവു നൽകാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത് 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അനന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവക്കൽ ബോധംമൂലമല്ല. പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവര സമ്പ്രദായത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുള്ള ആഗ്രഹത്തിലും അടിയുറച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.

**3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)**

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടുതന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയിലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട്

സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്രവികാരങ്ങളിലേക്കും മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടുതന്നെയും മറ്റുള്ളവരോടും നിരന്തം നുണപറഞ്ഞതുകൊണ്ടുതന്നെ" (കാരമസോവ് ബ്രദേഴ്സ് II,2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കൽപപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" - മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ *അലെത്തേയിയ* (അ-ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനിൽക്കാവുന്ന ഒന്നാണ് സത്യം. ബന്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32).

**തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:** നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജി

ക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് പരസ്പര ശ്രവണത്തിൽനിന്ന് – ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?

**4. സമാധാനമാണ് യഥാർത്ഥ വാർത്ത**

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവൻ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാരണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് – ജേർണലിസ്റ്റുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലു

ത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന – പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവനംചെയ്യുന്ന ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടുതൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനു സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.

കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.

മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീ സഹോദരന്മാരായി കണ്ട് സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,

അവിടുന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു, ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:

ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.
ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.
സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.
പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.
പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.
ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.
മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.
ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.
അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

---

**NB:- ഈ സർക്കുലർ മാധ്യമദിനമായ 2018 ജൂൺ മാസം 3-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# പുരോഹിതനും പുരോഹിത ശുശ്രൂഷയും

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

(തിരുവചനഭാഗം: ശ്ലീഹ 4,1-37)

പത്രോസും യോഹന്നാനും ജറുസലേം ദൈവാലയത്തിന്റെ സുന്ദരകവാടത്തിങ്കൽ നടത്തിയ അത്ഭുതവും അതേത്തുടർന്ന് പത്രോസ് നടത്തിയ പ്രസംഗവും അനേകരെ ആകർഷിച്ചു. സഭാംഗങ്ങളാകുവാൻ അത് അനേകർക്കു പ്രചോദനമായി. തുടക്കത്തിൽ മൂവായിരമായിരുന്ന സഭാംഗങ്ങളുടെ സംഖ്യ അയ്യായിരമായി എന്നാണ് ഈ അദ്ധ്യായത്തിൽ നാം വായിക്കുന്നത്: "അവരുടെ വചനം കേട്ടവരിൽ അനേകർ വിശ്വസിച്ചു. അവരുടെ സംഖ്യ അയ്യായിരത്തോളമായി" (4,4). സഭയുടെ വളർച്ചയുടെ ആരംഭ ദശയിൽ ശ്ലീഹന്മാർക്ക് രാഷ്ട്രീയ അധികാരികളിൽനിന്നുണ്ടായ എതിർപ്പും അതിന്റെ ഫലമായി പത്രോസും യോഹന്നാനും അറസ്റ്റു ചെയ്യപ്പെടുകയും ഭീഷണിപ്പെടുത്തപ്പെടുകയും ചെയ്തപ്പോൾ, അവർ വിശ്വാസികളുടെ സമൂഹവുമായി ബന്ധപ്പെടുകയും അവർ പ്രാർത്ഥിച്ച് ശ്ലീഹന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. അഞ്ചു ഭാഗങ്ങളായി ഈ അദ്ധ്യായത്തെ തിരിക്കാം.

1. 4,1-4 ശ്ലീഹന്മാരെ അറസ്റ്റു ചെയ്യുന്നു.
2. 4,5-12 സാൻഹെദ്രീൻ സംഘത്തിനുമുമ്പിൽ ശ്ലീഹന്മാരുടെ സാക്ഷ്യം.
3. 4,13-22 അധികാരികളുടെ നിസ്സഹായാവസ്ഥ.
4. 4,23-31 പ്രാർത്ഥനയിൽ ശക്തി പ്രാപിക്കുന്ന സമൂഹം.
5. 4,32-37 ഒരു ഹൃദയവും ഒരാത്മാവുമായ സമൂഹം.

ശ്ലൈഹികശുശ്രൂഷയുടെയും സഭാഗാത്രനിർമ്മാണത്തിന്റെയും തുടർച്ചയാണ് പൗരോഹിത്യശുശ്രൂഷ. അതുകൊണ്ട് ഈ ഭാഗത്തെ ആധാരമാക്കിയുള്ള വചനവിചിന്തനങ്ങൾ പൗരോഹിത്യശുശ്രൂഷയ്ക്ക് പ്രചോദനമാകും.

**1. പുരോഹിത ശുശ്രൂഷയും രക്തസാക്ഷിത്വവും**

"*അവർ ജനത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും അവർക്കെതിരേ ചെന്നു. ... അവർ അവരെ പിടികൂടി, സന്ധ്യയായതുകൊണ്ട്, അടുത്ത ദിവസംവരെ കാരാഗൃഹത്തിൽ സൂക്ഷിച്ചു.*" (4,1.3).

ദൈവാലയകവാടത്തിൽ മുടന്തനെ സുഖപ്പെടുത്തിയ അത്ഭുതത്തെത്തുടർന്ന് പത്രോസും യോഹന്നാനും ജനത്തോടു സുവിശേഷം

പ്രസംഗിച്ചുകൊണ്ടിരുന്നു. മരിച്ചവരുടെ ഉത്ഥാനമായിരുന്നു അവരുടെ പ്രസംഗത്തിന്റെ പ്രധാനവിഷയം. അത് ഈശോയുടെ ഉത്ഥാനത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നു (4,2): "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി. 15,14). സുവിശേഷ പ്രഘോഷണത്തിന്റെയും അതിന്റെ ഫല മായി സംജാതമാകുന്ന സഭാവിശ്വാസത്തിന്റെയും അടിസ്ഥാനം മിശി ഹായുടെ ഉത്ഥാനവും നമ്മുടെ ഉത്ഥാനവുമാണ്. മിശിഹാ ഉത്ഥാനം ചെയ്തു എന്നതിന്റെ തെളിവാണ്, അവിടുത്തെ നാമത്തിൽ അഥവാ അരൂപിയിലൂടെ അവിടുത്തോടുള്ള ഐക്യത്തിൽ ശ്ലീഹന്മാരിലൂടെ നടക്കുന്ന അത്ഭുതങ്ങൾ. അതുപോലെതന്നെ ഈശോ പാപത്തെയും അതിന്റെ ഫലമായ മരണത്തെയും ജയിച്ച് നമ്മെ രക്ഷിച്ചതുകൊണ്ട് നമുക്കും പാപത്തെയും മരണത്തെയും ജയിച്ച് രക്ഷ പ്രാപിക്കാൻ കഴി യുമെന്നുള്ള ഉറപ്പും ഉത്ഥിതനായ മിശിഹാ നമുക്കു നല്കുന്നു (1 കൊറി 15,15-16). ഈ സുവിശേഷ പ്രഘോഷണമാണ് സഭയോടുചേരാൻ അനേ കർക്കു പ്രചോദനമായത് (ശ്ലീഹ 4,4). നമ്മുടെ പുരോഹിതശുശ്രൂഷ യുടെ പ്രഥമദൗത്യവും ഈ സുവിശേഷ പ്രഘോഷണം തന്നെയാണ്.

ഇപ്രകാരമുള്ള സുവിശേഷ പ്രഘോഷണം അനേകരെ മിശിഹാ യിലുള്ള വിശ്വാസത്തിലേക്കും സഭാംഗത്വത്തിലേക്കും ആകർഷിക്കു ന്നുവെന്നു കണ്ടപ്പോൾ പുരോഹിതന്മാരും ദൈവാലയ സേനാധിപനും സദുക്കായരും ശ്ലീഹന്മാർക്കെതിരേ ചെന്നു (4,1). ഈ സാഹചര്യം അവരെ വളരെ അസ്വസ്ഥരാക്കി (4,2). അതുകൊണ്ട് അവർ ശ്ലീഹന്മാരെ പിടികൂടി, കാരാഗൃഹത്തിലടച്ചു (4,2-3). സുവിശേഷപ്രഘോഷണവും അതിലൂടെയുള്ള സഭാവളർച്ചയും വിശ്വാസികളല്ലാത്ത രാഷ്ട്രീയ അധി കാരികളുടെ എതിർപ്പിനും പീഡനത്തിനും കാരണമാകുമെന്നുള്ളതിന് ചരിത്രം സാക്ഷിയാണ്. സഭയുടെ ആരംഭംമുതൽ ഇന്നുവരെയുള്ള ചരിത്രം അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പത്രോസും യോഹന്നാനും ഇത് പ്രതീക്ഷിച്ചിരുന്നിരിക്കണം. കാരണം ഈശോയിൽനിന്നും അവർ ഇതു കേട്ടിരുന്നു (യോഹ 15,18-21). ശിഷ്യത്വത്തിലേക്കുള്ള വിളി രക്ത സാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. പത്രോസിനോടും യോഹന്നാ നോടും ഈശോ പറഞ്ഞ വാക്കുകൾ ഇതു സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 21,18-23). മരണത്തിലൂടെയുള്ള പത്രോസിന്റെ രക്തസാക്ഷി ത്വമാണ് ഈശോ പ്രവചിച്ചതെങ്കിൽ ജീവിതത്തിലൂടെയുള്ള യോഹ ന്നാന്റെ രക്തസാക്ഷിത്വമാണ് അവിടുന്നു പ്രവചിച്ചത്. പുരോഹിതന്റെ വിളി ശിഷ്യത്വത്തിലേക്കുള്ള വിളിയാണ്. അത് അവശ്യം രക്തസാക്ഷി ത്വത്തിലേക്കുള്ള വിളിയാണ്. പുരോഹിത ശുശ്രൂഷയിൽ എതിർപ്പുകളെ നേരിടേണ്ടിവരുമ്പോൾ ഈ ബോദ്ധ്യം നമ്മെ ശക്തിപ്പെടുത്തണം.

**2. പുരോഹിത ശുശ്രൂഷയും ആധികാരികതയും**

*"ശ്ലീഹന്മാരെ അവർ തങ്ങളുടെ മധ്യത്തിൽ നിർത്തി ഇങ്ങനെ ചോദിച്ചു: എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്? അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ് അവരോടു പറഞ്ഞു: .... നിങ്ങളും ഇസ്രായേൽജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസറായനായ ഈശോമിശിഹായുടെ നാമത്തിലാണ് ഈ മനുഷ്യൻ സുഖംപ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നില്ക്കുന്നത്"* (4,7-8.10).

ഈശോയെ വിസ്തരിക്കുകയും മരണത്തിനു വിധിക്കുകയും ചെയ്ത യഹൂദ ഉന്നതാധികാര സമിതിതന്നെയാണ് പത്രോസിനെയും യോഹന്നാനെയും തങ്ങളുടെ മധ്യത്തിൽ നിർത്തി ചോദ്യം ചെയ്തത് (4,5-7). മുടന്തന് അത്ഭുതകരമായ രോഗശാന്തി നല്കിയതിനെപ്പറ്റിയാണ് അവർ ശ്ലീഹന്മാരെ ചോദ്യംചെയ്തത്: "എന്തധികാരത്താലാണ്, അഥവാ ആരുടെ നാമത്തിലാണ് നിങ്ങൾ ഇതു പ്രവർത്തിച്ചത്?" (4,7). അപ്പോൾ പത്രോസ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവരോടു മറുപടി പറയുന്നു (4,8). ഉത്ഥിതനായ ഈശോ ശ്ലീഹന്മാർക്ക് വാഗ്ദാനം ചെയ്ത ആധികാരികതയോടുകൂടിയും അതേപ്പറ്റിയുമാണ് പത്രോസ് അവർക്കു മറുപടി കൊടുക്കുന്നത്: "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1,8). അവർ കുരിശിൽ തറച്ചുകൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത ഈശോമിശിഹായുടെ നാമത്തിലാണ് അവർ ഈ അത്ഭുതം പ്രവർത്തിച്ചതെന്ന് പത്രോസ് വ്യക്തമായി പറഞ്ഞു (4,10).

'ഈശോയുടെ നാമത്തിൽ' എന്നു പറഞ്ഞാൽ 'ഈശോയുമായുള്ള ഐക്യത്തിൽ' എന്നാണർത്ഥം. പ്രാർത്ഥനയെപ്പറ്റി ഈശോ ശിഷ്യന്മാരോടു പറയുന്ന വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്. "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്ത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" എന്ന് യോഹ 14,13-14 ൽ പറയുമ്പോൾ, യോഹ 15,7 ൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും". അരൂപിയിലൂടെ ഈശോയുമായി ഐക്യം പുലർത്തുമ്പോഴാണ് നമുക്ക് ഈശോയുടെ നാമത്തിൽ സംസാരിക്കാനും പ്രവർത്തിക്കാനുമുള്ള ആധികാരികത ലഭിക്കുന്നത്.

പുരോഹിതന് തന്റെ ശുശ്രൂഷയിലുണ്ടായിരിക്കേണ്ട ആധികാരികത ഇപ്രകാരമുള്ള ഒന്നാണ്. ഉത്ഥിതനായ, ജീവിക്കുന്ന മിശിഹായുമായി മനസ്സിന്റെയും ഹൃദയത്തിന്റെയും ഐക്യത്തിൽ ജീവിച്ചുകൊണ്ട്, അവിടുത്തെ ആധികാരികതയോടുകൂടെ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ പുരോഹിതനു കഴിയണം.

**3. പുരോഹിതശുശ്രൂഷ: ദൈവത്തെ അനുസരിക്കുന്ന ശുശ്രൂഷ**

*"അവർ അവരെ വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു. പത്രോസും യോഹന്നാനും അവരോടു മറുപടി പറഞ്ഞു: ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾത്തന്നെ വിധിക്കുവിൻ"* (4,18-19).

സുഖംപ്രാപിച്ച മനുഷ്യൻ അവരുടെ സമീപത്തു നില്ക്കുന്നതുകൊണ്ട് അധികാരികൾക്ക് പത്രോസിനോടും യോഹന്നാനോടും ഒന്നും എതിർത്തു പറയുവാനോ ചെയ്യുവാനോ കഴിഞ്ഞില്ല (4,14). അടയാളങ്ങളോടുകൂടി സുവിശേഷപ്രഘോഷണം നടത്തേണ്ടതിന്റെ ആവശ്യകതയാണ് ഇതു വ്യക്തമാക്കുന്നത്. സുവിശേഷത്തിൽ അത്ഭുതങ്ങളെയാണ് പ്രധാനമായും അടയാളങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. അത്ഭുതങ്ങളെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുവാൻ കാരണം അവ അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യവും സ്നേഹവും വെളിപ്പെടുത്തുന്നതുകൊണ്ടാണ്. ഈശോയുടെ അത്ഭുതങ്ങളെല്ലാം സ്നേഹസ്പർശനങ്ങളായിരുന്നു. കേവലം അസാധാരണത്വമല്ല, മറിച്ച്, മനുഷ്യസാധാരണമല്ലാത്ത, ദൈവികമായ അസാധാരണസ്നേഹമാണ് ഈശോയുടെ അത്ഭുതങ്ങളെ അടയാളങ്ങളാക്കിത്തീർത്തത്. അപ്രകാരമുള്ള അടയാളങ്ങളാണ് സുവിശേഷപ്രഘോഷണത്തോടൊപ്പം ഉണ്ടായിരിക്കുമെന്ന് ഈശോ വാഗ്ദാനം ചെയ്തതും (മർക്കോ 16,17-18.20). സഭാസമൂഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം ഇപ്രകാരമുള്ള അടയാളങ്ങളാണ്; ആവണം. അപ്രതിരോധ്യമായ സുവിശേഷപ്രഘോഷണത്തിന്റെ അടയാളങ്ങളാവണം.

പ്രതിരോധിക്കാൻ കഴിയാത്ത ഒരു നിസ്സഹായാവസ്ഥ ഉണ്ടായപ്പോൾ യഹൂദനേതൃത്വം പത്രോസിനെയും യോഹന്നാനെയും വിളിച്ച് ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കല്പിച്ചു (4,18). അപ്പോൾ പത്രോസും യോഹന്നാനും മറുപടിയായി അവരോടു പറഞ്ഞു: "ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾതന്നെ വിധിക്കുവിൻ. എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (4,19-20). ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ്

മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുവാൻ അവരെ പ്രാപ്ത രാക്കിയത്. തന്റെ ശ്ലൈഹികമായ അനുഭവം യോഹന്നാൻ വിവരിക്കു ന്നത് ഇപ്രകാരമാണ്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1,1). അതുകൊണ്ട് ശ്ലീഹന്മാർക്കടുത്ത മിശിഹാനുഭവത്തെ ത്തന്നെയാണ് പത്രോസ്ശ്ലീഹാ ഇവിടെ പരാമർശിക്കുന്നത്. പുരോഹി തരുടെ മിശിഹാനുഭവമായിരിക്കണം മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കുന്നവരായി പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ അവരെ പ്രാപ്തരാക്കേണ്ടത്. മിശിഹാ രഹസ്യമാണല്ലോ പുരോഹിതൻ അനു ദിനം പരികർമ്മം ചെയ്യുന്നത്. ദിവ്യരഹസ്യങ്ങൾ പരികർമ്മംചെയ്യുന്ന അവസരങ്ങളെല്ലാം പുരോഹിതർക്ക് മിശിഹാനുഭവത്തിൽ വളരുവാ നുള്ള അവസരങ്ങളാണ്. വിശ്വാസത്തോടും ഭക്തിയോടും ശ്രദ്ധയോ ടുംകൂടി അവ പരികർമ്മം ചെയ്ത് മിശിഹാനുഭവത്തിൽ വളരുവാൻ ഓരോ പുരോഹിതനും ശ്രമിക്കണം.

**4. പുരോഹിതശുശ്രൂഷയും സഭാസമൂഹത്തോടുള്ള പ്രതിബദ്ധതയും**

*"മോചിതരായ അവർ സ്വസമൂഹത്തിലെത്തി പുരോഹിതപ്രമുഖ ന്മാരും ജനപ്രമാണികളും പറഞ്ഞ കാര്യങ്ങൾ അവരെ അറിയിച്ചു. അതു കേട്ടപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ ദൈവത്തോടപേക്ഷിച്ചു: നാഥാ, ആകാശത്തിന്റെയും ഭൂമിയുടെയും സമുദ്രത്തിന്റെയും അവയി ലുള്ള സകലത്തിന്റെയും സ്രഷ്ടാവേ, ... പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാ ത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവം പ്രസംഗിച്ചു"* (4,23-24.31).

മോചിതരായ പത്രോസും യോഹന്നാനും നേരെ പോയത് അവ രുടെ സഭാസമൂഹത്തിലേയ്ക്കാണ്. അവർക്ക് പുരോഹിതപ്രമുഖന്മാ രിൽനിന്നും ജനപ്രമാണികളിൽ നിന്നുമുണ്ടായ അനുഭവങ്ങൾ അവരു മായി പങ്കുവച്ചു (4,23). യാക്കോബ്ശ്ലീഹായുടെ വധത്തെത്തുടർന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ട പത്രോസ് അത്ഭുതകരമായി അവിടെനിന്നു പുറത്തുവന്നപ്പോഴും ആദ്യം പോയത് പ്രാർത്ഥനയിൽ കഴിഞ്ഞിരുന്ന സഭാസമൂഹത്തിലേയ്ക്കാണ് (12,12). സഭാസമൂഹത്തോടുള്ള ശ്ലീഹന്മാ രുടെ ഐക്യവും പ്രതിബദ്ധതയുമാണ് ഇവിടെ പ്രകടമാകുന്നത്. അധി കാരികളിൽനിന്നുണ്ടായ തിക്താനുഭവം അവരുമായി പങ്കുവച്ചപ്പോൾ അവർ ഏകമനസ്സോടെ ഉച്ചത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവർക്കു നേരിടേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങളിൽ വചനം പൂർണ്ണധൈര്യത്തോടെ പ്രസംഗിക്കാനുള്ള അനുഗ്രഹമാണ് അവർ പ്രാർത്ഥനയിൽ യാചിച്ചത് (4,30). പ്രാർത്ഥന കഴിഞ്ഞപ്പോൾ

പന്തക്കുസ്താനുഭവത്തിന്റെ ഒരു നവീകരണാനുഭവമുണ്ടാകുകയും, അതിന്റെ ഫലമായി സഭയൊന്നായി വചനം ധൈര്യപൂർവം പ്രസംഗിക്കുകയും ചെയ്തു.

പുരോഹിതശുശ്രൂഷയിൽ സഭാസമൂഹത്തോടുണ്ടായിരിക്കേണ്ട പ്രതിബദ്ധതയെയാണ് ഈ സംഭവം പ്രത്യേകം എടുത്തുകാണിക്കുന്നത്. അജപാലനശുശ്രൂഷ ഫലപ്രദമാകണമെങ്കിൽ അജപാലകനും അജഗണങ്ങളും തമ്മിൽ കൂട്ടായ്മയിൽ വർത്തിക്കണം. എല്ലാം പരസ്പരം പങ്കുവയ്ക്കുന്ന സ്നേഹത്തിന്റേതായ പ്രതിബദ്ധത അജപാലകന് അജഗണങ്ങളോടും അജഗണങ്ങൾക്ക് അജപാലകനോടും ഉണ്ടാകണം. ജീവിതത്തിൽ പരസ്പരമുള്ള ഈ പ്രതിബദ്ധതയുണ്ടാകണമെങ്കിൽ പ്രാർത്ഥനയിൽ അത് വളർത്തിയെടുക്കണം. അജപാലകൻ അജഗണങ്ങളോടൊന്നിച്ച് പ്രാർത്ഥിക്കുവാൻ അവസരങ്ങൾ ഉണ്ടാക്കണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചുജീവിക്കും. ഇപ്രകാരം പ്രാർത്ഥനയിലും കൂട്ടായ്മയിലും സഭാസമൂഹത്തെ വളർത്തണമെങ്കിൽ അവരെ ശരിയായി പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. പ്രാർത്ഥനയുടെ കളരി സഭയുടെ ലിറ്റർജിയാണ്. അതുകൊണ്ട് പുരോഹിതൻ സഭയുടെ യാമപ്രാർത്ഥനകൾ കൃത്യനിഷ്ഠയോടെ ചൊല്ലുന്നവനും അതു ചൊല്ലുവാൻ ജനങ്ങളെ പഠിപ്പിക്കുന്നവനുമായിരിക്കണം. സഭയുടെ ലിറ്റർജിക്കൽ പ്രാർത്ഥനകൾ ശരിയായ ആഭിമുഖ്യമുള്ള പ്രാർത്ഥനകളായതുകൊണ്ട് അവയിൽ പരിശീലിപ്പിക്കപ്പെട്ടാൽ സഭാസമൂഹം ദൈവത്തോടും അജപാലകനോടും പരസ്പരവും, കൂട്ടായ്മയിലും പ്രതിബദ്ധതയിലും വളരുന്ന ഒരു സമൂഹമായിത്തീരും.

**5. പുരോഹിതശുശ്രൂഷയും സഭാകൂട്ടായ്മയും**

"*വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. ... അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. കാരണം, പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റുകിട്ടിയ തുക ശ്ലീഹന്മാരുടെ കാല്ക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു*" (4,32.34-35).

ആദിമസഭാസമൂഹത്തിന്റെ കൂട്ടായ്മാസ്വഭാവം വ്യക്തമാക്കുന്ന ഒരു ഭാഗമാണിത്. വീരോചിതമായ സാഹോദര്യജീവിതം നയിക്കുന്ന ഒരു സമൂഹമായിരുന്നു ആദിമസഭ. "ഒരു ഹൃദയവും ഒരാത്മാവും" എന്ന വിശേഷണമാണ് ആദിമസഭയ്ക്ക് നല്കിയിരിക്കുന്നത്. "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുള്ളതെല്ലാം പൊതുവായി കരുതുകയും ചെയ്തു" (2,44) എന്ന സ്ഥിതിവിശേഷമാണ് ഈ വിശേഷണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈശോയുടെ മാതൃകയിൽനിന്നുരുത്തിരിഞ്ഞ പരസ്പരസ്നേഹമായിരുന്നു ആദിമസഭാസമൂഹത്തിന്റെ മുഖ

മുദ്ര (യോഹ 13,34-35). ബാഹ്യമായ എന്തെങ്കിലും നിയമനിർമ്മാണത്തിന്റെ ഫലമായിട്ടുണ്ടായ ഒരു സ്ഥിതിവിശേഷമല്ലായിരുന്നു ഇത്. അഞ്ചാം അദ്ധ്യായത്തിൽ പത്രോസ്ശ്ലീഹാ അനനിയാസിനോടു പറയുന്ന വാക്കുകളിൽനിന്നും (5,3-4) ഇതു വ്യക്തമാകുന്നുണ്ട്. ഈശോയുടെ സ്നേഹം മാത്രമാണ് ഇപ്രകാരം എല്ലാം പങ്കുവയ്ക്കാൻ ആദിമ ക്രൈസ്തവരെ പ്രേരിപ്പിച്ചത്.

സഭാകൂട്ടായ്മ എന്നും ഇപ്രകാരം ഒരു കൂട്ടായ്മയായി കെട്ടിപ്പടുക്കപ്പെടണം എന്നതാണ് ഈശോയുടെ ആഗ്രഹം. എങ്കിൽമാത്രമേ സഭ മിശിഹായുടെ സ്നേഹത്തിനു സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി ലോകത്തിൽ നിലകൊള്ളുകയുള്ളൂ. ഈശോ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചപ്പോഴും ഇതു മാത്രമാണ് പ്രാർത്ഥിച്ചത്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും, അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). ഇപ്രകാരം സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ശുശ്രൂഷയാണ് പുരോഹിതശുശ്രൂഷ. പരസ്നേഹത്തിന്റെ കല്പനയെക്കുറിച്ചും ദാരിദ്ര്യചൈതന്യത്തിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള ബോധവൽക്കരണം സഭാസമൂഹത്തിനു നല്കണം. പൊതുവായ ആവശ്യങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി, അവ പരിഹരിക്കാൻ ആവശ്യകമായവ പങ്കുവയ്ക്കാൻ അവസരമൊരുക്കി സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കുവാൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. മിശിഹാശിഷ്യത്വത്തിലേക്കുള്ള വിളി രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണെന്ന ബോധ്യത്തോടെയാണോ ഞാൻ പൗരോഹിത്യത്തിലേക്കുള്ള എന്റെ വിളിക്ക് പ്രത്യുത്തരം നല്കുന്നത്?
2. ഉത്ഥിതനായ ഈശോയുമായി അരൂപിയിലുള്ള ഐക്യത്തിലാണോ എന്റെ പുരോഹിതശുശ്രൂഷയുടെ ആധികാരികത ഞാൻ കാണുന്നത്?
3. മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കുന്ന ഒരു ശൈലിയാണോ അജപാലനശുശ്രൂഷയിൽ എനിക്കുള്ളത്?
4. പ്രാർത്ഥനയിലും ശുശ്രൂഷയിലും ഞാൻ സഭാസമൂഹത്തോട് എത്രമാത്രം പ്രതിബദ്ധത പുലർത്തുന്നുണ്ട്?
5. ഒരു ഹൃദയവും ഒരാത്മാവുമുള്ള സമൂഹമായി ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

## രൂപതാകച്ചേരി വാർത്തകൾ

**പരേതരായ വൈദികരുടെ സ്മരണ**

റവ.ഫാ. മാത്യു കൊല്ലിത്താനം - ജൂൺ 3, റവ.ഫാ. തോമസ് കാട്ടൂർ - ജൂൺ 8, റവ.ഫാ. അബ്രാഹം മൂക്കനോലി - ജൂലൈ 16. നമ്മുടെ പ്രിയമുള്ള ഈ അച്ചന്മാരെ നമുക്ക് പ്രാർത്ഥനകളിൽ നന്ദിയോടെ സ്മരിക്കാം.

**മാധ്യമദിനം ജൂൺ 3**

2018 ജൂൺ 3 ന് കേരളസഭ മാധ്യമദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**പത്രോസിന്റെ കാശ് - ജൂൺ 24**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 24-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോമലബാർ ദിനം - ജൂലൈ 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മതിരുനാളും സഭാദിനവുമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം - ജൂലൈ 8**

കേരളസഭ ജൂലൈ 8-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജന

ങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജന ദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. മാത്യു പടിഞ്ഞാറയിൽ അച്ചനെയും ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റു ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിക്കുകയും യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഏപ്രിൽമാസം മുതൽ ശമ്പളത്തോടൊപ്പം ദേവാലയ ശുശ്രൂഷിയ്ക്ക് 125 രൂപ വാർഷിക ഇൻക്രിമെന്റ് കൂടി കൂട്ടിയ തുകയും അക്കൗണ്ടന്റിന് 75 രൂപ വാർഷിക ഇൻക്രിമെന്റ് കൂടി കൂട്ടിയ തുകയും (വിശദ വിവരങ്ങൾക്ക് മാനന്തവാടി രൂപതാ ബുള്ളറ്റിൻ, ജനുവരി 2017, പേജ് 10–11 കാണുക) ബഹു. വൈദികർക്ക് വാർഷിക ഇൻക്രിമെന്റ് ആയ 500 രൂപയും നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**നന്ദി**

ഇടവകകളിലും സ്ഥാപനങ്ങളിലുമായി പുതിയ സേവനമേഖലകളിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാ ബഹു. വൈദികർക്കും എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്ന് സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചു പോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയിടം വികാരിയായിരുന്ന ബഹു. തോമസ് തോട്ടുങ്കര O.Praem അച്ചനും, ഭൂദാനം പ്രോ–വികാരിയായിരുന്ന ബഹു. തോമസ് കുഴുമ്പിൽ CST അച്ചനും, നെയ്ക്കുപ്പ വികാരിയായിരുന്ന ബഹു. ജോസ് പൂവക്കുളത്ത് SAC അച്ചനും, വടപുറം അസി. വികാരിയായിരുന്ന ബഹു. സന്തോഷ് ഇരുപ്പക്കാട്ട് OFM Cap. അച്ചനും, നടവയൽ അസി.വികാരിയായിരുന്ന ബഹു. ജോസഫ് പടേറ്റ് CMI അച്ചനും ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റേയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ആന്റണി കാരക്കട O.Praem അച്ചനും (പുതിയിടം വികാരി),

ബഹു. ജോസഫ് മാണിക്കത്തുപറമ്പിൽ CST അച്ചനും (ഭൂദാനം പ്രോ-വികാരി), ബഹു. ജോൺസൺ മണിയങ്കോട്ട് SAC അച്ചനും (നെയ്ക്കുപ്പ വികാരി), ബഹു. ജേക്കബ് ജെയിംസ് പൂവത്തോട്ടത്തിൽ SAC അച്ചനും (നെയ്ക്കുപ്പ, അസി.വികാരി), ബഹു. വിൻസെന്റ് മറ്റത്താനിക്കുന്നേൽ OFM Cap. അച്ചനും (വടപുറം, അസി.വികാരി) ബഹു. ജോസഫ് തയ്യിൽ O.Praem അച്ചനും (കൽപ്പറ്റ, അസി.വികാരി) മാനന്തവാടി രൂപതയിലേക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**Transfer List of Priests of the Diocese of Mananthavady**
**(w.e.f 20th May 2018)**

| SN | REV. FRS. HOUSE NAME | ASSIGNMENT |
|---|---|---|
| 1. | Changanamthundathil George | Vice Rector, Mount Mary College & Syro-Malabar Exarchate of Canada |
| 2. | Chettaniyil Thomas | Vellamunda |
| 3. | Chettiyasserry Joseph | Manjoora |
| 4. | Elavanappara Sebastian | Kottathara |
| 5. | Elayidathu Mani | Ootty |
| 6. | Iykkarakkanayil Thomas | CML, Director |
| 7. | Kalappura Alex | Kurumbala |
| 8. | Kallupura Johny | Padamala |
| 9. | Karukapally Joseph | Station Director Radio Mattoli & Parish Priest Mothakkara |
| 10. | Kassamkuttiyil Sebastian | Bospara (Machikolli) |
| 11. | Kattamkottil Joseph | Valad |
| 12. | Kattarathu Mathew | Retired |
| 13. | Kattuthuruthiyil Thomas | Director, Department of Catechism |
| 14. | Kavumkal Joseph | Study |
| 15. | Keezheth Sebastian | Munderi |
| 16. | Kochuparackal Kurian | Ottaplavu |
| 17. | Kochuparackal Mathew (Tomy) | Kadalmad |
| 18. | Koikkattil Thomas | Chithragiri (addtl. charge) |
| 19. | Koipuram Sebastian | Retired |
| 20. | Kollarthottam Mathew | Alattil |
| 21. | Koottala Paul | Director, Diocesan Social Service Department & WSSS, Director |
| 22. | Kottackal Stephen | Karackamala |
| 23. | Kuliraniyil Jose | Retired |
| 24. | Kumbukal James | Retired |

| | |
|---|---|
| 25. Kunnath Kuriakose | Manimooly |
| 26. Kuthukallunkal Francis | Thelpara |
| 27. Kuttikattukunnel Thomas | Jude's Mount |
| 28. Kuttimakkal James | Thonichal |
| 29. Madappallikkunnel Antony (Siby) | Vallikkettu, Pro -Vicar |
| 30. Madathil Sebastian (Sunil) | Santhigiri |
| 31. Malayil Mathew | Principal, Newman's College |
| 32. Mavara Stanislaus | Kavummannam |
| 33. Meppurath Chacko | Ambalavayal |
| 34. Moloparambil Jose | Kenichira (w.e.f.3rd June 2018) |
| 35. Moothedath Thomas (Shaji) | Kartikulam |
| 36. Munjanattu Mathew | Pathirippadam |
| 37. Muthanikkattu Justin | Valiyakolly (addtl.charge) |
| 38. Muthukathaniyil Varghese | Peria |
| 39. Muthukattil Shantidas | Chulliana |
| 40. Nellikkunnel Francis | Kolavayal |
| 41. Ottaplackal Thomas | Makkiad |
| 42. Ousepparampil Joseph | On Leave |
| 43. Padinjarayil Mathew (Robin) | KCYM, Director |
| 44. Palath Joseph | Rubynagar |
| 45. Parayil Sebastian | Narivalamunda |
| 46. Periappuram Mathew | Kalpra |
| 47. Perumattikunnel Thomas | Puthiyidomkunnu |
| 48. Pinakkattu Joseph | Amarakuni |
| 49. Plassanal Thomas | Palankara |
| 50. Ponparayil John | Kaniyambetta (addtl. charge) |
| 51. Ponthottiyil Thomas | Kabanigiri |
| 52. Pudussery Martin | Coonoor |
| 53. Pulinthanam Jose | Kuttimoola |
| 54. Pulinthanath John | Vythiri |
| 55. Pullankunnel Joy | Payyampally (w.e.f.3rd June 2018) |
| 56. Pulpayil Joseph | Elapeedika |
| 57. Punnakkapadavil Sebastian | Dharmagiri |
| 58. Puthen Sebastian | Kurumani |
| 59. Puthenparambil James | Bathery (w.e.f.1st July 2018) |
| 60. Puthenpurayil Joseph (Sineesh) | Nelliodi |
| 61. Puthukattil Mathew | Study |
| 62. Puthukkulangara Thomas | Manvayal |
| 63. Thamarasseril Vincent | Arinjermala |
| 64. Thekkepera Mathew | Rippon |

| | |
|---|---|
| 65. Therakam Thomas Joseph | Edappetty |
| 66. Thondiparambil Sebastian (Biju) | Palemad |
| 67. Thumbiamkuzhy Joseph | Study |
| 68. Thuruthel Thomas (Biju) | Procurator, Mount Mary College, Vocation Promoter & Director, Pensioners' Guild |
| 69. Urumbil Joseph | Ambayathode |
| 70. Vadayaparambil Sony | Irulam |
| 71. Valachanathu Cyriac | Kammana |
| 72. Valakodiyil Dominic | Edivanna |
| 73. Vathelil Abraham | Thrikkaippetta |
| 74. Vattakkatt Roy | Apostolic Visitation for Syro Malabarians in Europe |
| 75. Vattukunnel Issac | Pudussery |
| 76. Vazhachalil Thomas | Vanjode |
| 77. Vazhayil Kurian | Chundakkara |

**Transfer List of Assistants 20th May 2018**

| SN. REV. FRS. HOUSE NAME | ASSIGNMENT |
|---|---|
| 1. Chittarackal Sanoj | Kallody |
| 2. Kaliyaniyil Anoop | Study |
| 3. Kattath Aneesh | Ambalavayal |
| 4. Kollamkunnel Anoop | Boys Town |
| 5. Narakathinkudiyil Francis O.Praem | Chundakkara |
| 6. Palakkattu Nidhin | Cherukattoor |
| 7. Pulikuzhiyil Shinto | Faridabad |
| 8. Thayyil Joseph O.Praem | Kalpetta (w.e.f.12th June 2018) |
| 9. Vattukulathil Jibin | Kayyunni |
| 10. Vettickal Prakash | Associate Diocesan Office Secretary |
| 11. Poovathottathil Jacob James SAC | Neikuppa, Asst. Vicar (w.e.f. 10th May 2018) |
| 12. Mattathilkunnel Vincent OFM Cap. | Vadapuram, Asst. Vicar (w.e.f. 17th May 2018) |

**Transfer List of Religious Priests 20th May, 2018**

| SN. REV. FRS. HOUSE NAME | ASSIGNMENT |
|---|---|
| 1. Karakkada Antony O.Praem | Puthiyidom, Pro-Vicar |
| 2. Manikkathuparambil Joseph CST | Bhoodanam, Pro-Vicar |
| 3. Maniyamkott Johnson SAC | Vicar, Neikuppa (w.e.f. 30th May 2018) |

**മോൺ. അബ്രാഹം നെല്ലിക്കൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാദിനാഘോഷവും കുടുംബകൂട്ടായ്മ ഉദ്ഘാടനവും

2018 ലെ രൂപതാ ദിനാഘോഷവും കുടുംബകൂട്ടായ്മ ഉദ്ഘാടനവും മെയ് ഒന്നാം തീയതി ചൊവ്വാഴ്ച 8 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. ജപമാലയ്ക്കുശേഷം 8.45 ന് രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് പതാക ഉയർത്തി. അതിനെതുടർന്ന് 9 മണിക്ക് അഭിവന്ദ്യ ജോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മോൺ. അബ്രാഹം നെല്ലിക്കൽ, റവ. ഫാ. ജോസ് മേച്ചേരിൽ സിൽവർ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ മേപ്പുറത്ത്, റവ. ഫാ. ജസ്റ്റിൻ മൂന്നാനാൽ, റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ, റവ.ഫാ. പോൾ കൂട്ടാല കുടുംബകൂട്ടായ്മ അസി. ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ എന്നിവർ സഹകാർമ്മികരുമായി വിശുദ്ധ ബലിയർപ്പണം നടത്തി. ദിവ്യബലി മദ്ധ്യേ നൽകിയ വചനസന്ദേശത്തിൽ കുടുംബന്ധങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പിതാവ് ഉദ്ബോധിപ്പിച്ചു. ക്രിസ്തുവിന്റെ സ്നേഹത്തിൽ അടിസ്ഥാനമിട്ട് വീടുകൾ നിർമ്മിക്കാൻ നാം ഒരുമിച്ച് നിൽക്കണമെന്നും ഒരുമിച്ച് നിൽക്കുമ്പോൾ നമുക്കിടയിൽ അത് വലിയ മാറ്റങ്ങൾക്ക് കാരണമാകുമെന്നും അത് വിശ്വാസജീവിതത്തെ മുമ്പോട്ട് കൊണ്ടുപോകുവാൻ സഹായിക്കുമെന്നും അതിന്റെ രൂപീകരണത്തിനായി കുടുംബക്കൂട്ടായ്മകൾ ആവശ്യമാണ് എന്നും പിതാവ് ഓർമ്മിപ്പിച്ചു. ചെറിയ സമൂഹങ്ങളിൽ വിശ്വാസജീവിതത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെടണമെന്നും അവിടെ ഇടവക പ്രവർത്തനങ്ങൾ കുടുംബകൂട്ടായ്മയാൽ സജീവമാകണമെന്നും സഭയുടെ പ്രധാനഘടകമായ കുടുംബത്തിൽ നിന്നും സഹോദരങ്ങളെക്കുറിച്ചുള്ള ചിന്ത ആരംഭിക്കണമെന്നതുമാണ് കുടുംബക്കൂട്ടായ്മയിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത് എന്ന് പിതാവ് അനുസ്മരിപ്പിച്ചു. രൂപതയിലെ എല്ലാവർക്കും വീടെന്ന ലക്ഷ്യം നേടിയെടുക്കുക, സഭ സാഹസീകത ഇഷ്ടപ്പെടുന്നുവെന്ന പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ കാഴ്ചപ്പാട് അവതരിപ്പിച്ചുകൊണ്ട് യുവജനവർഷത്തിൽ യുവജനത്തെ ഒന്നിപ്പിച്ച് നിർത്തുക, ജീവസ് ആരോഗ്യ പദ്ധതിവഴി രൂപതയിലെ എല്ലാ കുടുംബങ്ങളുടെയും ഭൗതീക സുസ്ഥിതി ഉറപ്പുവരുത്തുക എന്നിവയൊക്കെ കുടുംബകൂട്ടായ്മയിലൂടെ സാധിതമാകേണ്ടതുണ്ട്.

ദിവ്യബലിക്കുശേഷം 10.30 ന് പൊതുസമ്മേളനം മൊതക്കര ഹോളിഫെയ്സ് ഇടവകയിലെ യുവജനങ്ങൾ നയിച്ച പ്രാർത്ഥനാഗാന ത്തോടെ ആരംഭിച്ചു. രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും വളരെ പ്രത്യേ കമായി തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിയെ ഔദ്യോഗികമായി രൂപതാകുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. തുടർന്ന് കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പിള്ളി കുടുംബകൂട്ടായ്മയുടെ നാളിതുവരെയുള്ള രൂപീകരണത്തിൽ ഇതുവരെയുള്ള പുരോഗതി അറിയിക്കുകയും പ്രവർത്തനങ്ങളെ ചുരുക്കമായി വിശദീകരിക്കുകയും കുടുംബകൂട്ടായ്മ ഔദ്യോഗികമായി രൂപതാ തലത്തിൽ ഉദ്ഘാടനം ചെയ്യുന്നതിനായി അഭിവന്ദ്യ ജോസ് പിതാവിനെ ക്ഷണിക്കുകയും ചെയ്തു. അനേകർ ഒരേമനസ്സോടെ സ്നേഹത്തോടെ, ഐക്യത്തോടെ ഒത്തുചേരുമ്പോ ഴാണ് ഒരു കുടുംബം ആവിർഭവിക്കുക എന്ന സന്ദേശം വിളിച്ചോതി ക്കൊണ്ട് പ്രൗഢഗംഭീരമായ സദസ്സിൽ കുടുംബകൂട്ടായ്മയുടെ ഔദ്യോ ഗികമായ ഉദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുകയും ഉദ്ഘാടന പ്രസംഗം നടത്തുകയും ചെയ്തു.

അതിനെത്തുടർന്ന് കുടുംബകൂട്ടായ്മയുടെ പ്രസക്തിയെക്കുറിച്ച് തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംബ്ലാനി പിതാവ് മുഖ്യപ്രഭാഷണം നടത്തി. രണ്ടാം വത്തിക്കാൻ കൗൺസി ലിന്റെ രണ്ട് വലിയ ദർശനങ്ങളായ സഭയെ നവീകരിക്കുക, ഉറവിടങ്ങ ളിലേക്ക് തിരിച്ച് പോകുക എന്നിവ ഉദ്ധരിച്ചുകൊണ്ട് സഭ തുടങ്ങിയത് കുടുംബങ്ങളിലാണെന്നും കുടുംബങ്ങളുടെ കൂട്ടായ്മയാണ് സഭ എന്നതിലേക്ക് തിരിച്ചുനടക്കണമെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. നമ്മൾ നന്മയുള്ളവരും ക്രാന്തദർശികളും ആകുമ്പോഴും നമ്മുടെ വീഴ്ച കളെ ആഘോഷിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഈ സമൂഹത്തിൽ പ്രതികാരത്തിന്റെ മനോഭാവം മാറ്റി സ്നേഹത്തിന്റെ അതായത് എതിർക്കുന്നവനെ ഒപ്പം നിർത്തുന്ന സുവിശേഷമാണ് യഥാർത്ഥ മൂലധനമെന്നു മനസ്സിലാക്കി ജീവിക്കാൻ പരിശ്രമിക്കണ മെന്ന് പിതാവ് പ്രചോദിപ്പിച്ചു. ഇപ്രകാരം സമൂഹത്തിന്റെ പുളിമാവായി സഭയെ പടുത്തുയർത്താൻ നമുക്ക് സാധിക്കട്ടെയെന്ന് പിതാവ് ആശം സിച്ചു.

അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ ക്ലാസ്സിനുശേഷം പൗരോഹിത്യ ത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന 1) റവ. ഫാ. ചാക്കോച്ചൻ മേപ്പുറത്ത്, 2) റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ, 3) റവ. ഫാ. പോൾ

കൂട്ടാല, 4) റവ. ഫാ. സണ്ണി പുതനപ്ര, 5) റവ. ഫാ. ജസ്റ്റിൻ മൂന്നാനാൽ, 6) റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ എന്നിവരെ അഭിവന്ദ്യ പിതാവ് ഷാൾ അണിയിക്കുകയും മെമന്റോ നൽകുകയും ചെയ്തു. മിഷൻലീഗിന്റെ രൂപതാ എക്സിക്യൂട്ടീവ് മെമ്പറായി 25 വർഷം സേവന മനുഷ്ഠിച്ച ശ്രീ. ജോൺസൺ ചിറായിലിനെ അഭിവന്ദ്യ ജോസ് പിതാവ് ഷാൾ അണിയിക്കുകയും അഭിവന്ദ്യ പാംപ്ലാനി പിതാവ് മെമന്റോ നൽകുകയും ചെയ്തു. മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം കോർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല ആശംസകൾ നേർന്ന് സംസാരിച്ചു.

സമർപ്പണ ജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കിയ വിവിധ സന്യാസിനീ സമൂഹങ്ങളിലെ 1) സി. ഫ്രാൻസിസ്ക വടാശ്ശേരി SCV, 2) സി.ജോർദിയ കൊച്ചുപുരയ്ക്കൽ SCV, 3) സി. ജോൺ മേരി പരുവനാനിക്കൽ SCV, 4) സി. ലെയോണി വരിക്കയാനിക്കൽ SCV, 5) സി. പ്രിമോസ താമരശ്ശേരിൽ SCV, 6) സി. ഓൾഗ തോണിക്കുഴിയിൽ SCV, 7) സി. സിസിലി ഒറ്റപ്ലാക്കൽ SABS, 8) സി. ഗ്രെയ്സ് മരിയ പുളിക്കപ്പടവിൽ SABS, 9) സി. ജോയ് മേരി മുളങ്ങാട്ടിൽ SABS, 10) സി. റോസ് കുളത്തിങ്കൽ SH, 11) സി. സ്റ്റെഫിന FCC, 12) സി. മരിയഗൊരേത്തി FCC, 13) സി. മരീന FCC, 14) സി. പോൾ മേരി FCC, 15) സി. അലക്സ് MSMI, 16) സി. റോസ്‌ലെറ്റ് MSMI, 17) സി. ആലീസ് MSMI, 18) സി. കോളെള്ളറ്റ് MSMI എന്നിവരെ ആദരിച്ചു.

തുടർന്ന് വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ മദർ ജനറാൾ റവ. സി. ആൻസിറ്റ SCV ആശംസകൾ നേർന്ന് സംസാരിച്ചു.

വിശ്വാസപരിശീലന മേഖലയിൽ 35 വർഷം സേവനം പൂർത്തിയാക്കിയ 1) സി. സെലിൻ FCC, 2) ശ്രീ. പോൾ മുട്ടംതോട്ടിൽ, 3) ശ്രീ. ജോർജ് ജോസഫ് കല്ലുങ്കത്തറയിൽ, 4) ശ്രീ. സിബി ചെത്തിമട്ടേൽ, 5) ശ്രീ. ജോസ് പേഴത്തിങ്കൽ, 6) ശ്രീ. അഗസ്റ്റിൻ കണ്ണംകുളം, 7) ശ്രീമതി മേരി തലപ്പിള്ളിൽ എന്നിവരെ ആദരിച്ചു. അതേത്തുടർന്ന് മാനന്തവാടി രൂപതാ മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗം ശ്രീ. ജോൺസൺ ചിറായിൽ ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് HDC I$^{st}$ Rank കുമാരി അഞ്ജലി ചെറുപ്ലാവിൽ, Plus Two I$^{st}$ Rank കുമാരി നിമി ജോസ് കുര്യൻപറമ്പിൽ, Diploma (std X) I$^{st}$ Rank കുമാരി നൂപ കടക്കുഴ എന്നിവരെ ആദരിച്ച് മെമന്റോകൾ നൽകി. യുവജന പ്രതിനിധി കുമാരി ഷാലു തൈപറമ്പിൽ ആശംസകൾ നേർന്ന് സംസാരിച്ചു.

അതിനെത്തുടർന്ന് MSMI ക്രിസ്തുജ്യോതി പ്രൊവിൻസ് അംഗമായ ബഹു. സി.സെബി MSMI പുറത്തിറക്കിയ ഡോക്യുമെന്ററി ഫിലിം

& വീഡിയോ ആൽബം എന്നിവ അഭിവന്ദ്യ പിതാക്കന്മാർ പ്രകാശനം ചെയ്ത് സി. സെബിയെ ആദരിച്ചു. മാനന്തവാടി രൂപതാ മീഡിയ കമ്മീഷൻ പുറത്തിറക്കുന്ന ഇ-പേപ്പറിന്റെ ഔദ്യോഗിക ഉദ്ഘാടനം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. ജീവസ് ഇൻഷുറൻസ് പദ്ധതിയുടെ Policy Sanction Letter ഉം Number ഉം അഭിവന്ദ്യ പിതാവിന് റീജിയണൽ മാനേജർക്ക് കൈമാറിക്കൊണ്ട് ജീവസ് ഇൻഷുറൻസ് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു.

അതേത്തുടർന്ന് മാതൃവേദി രൂപതാതലത്തിൽ നടത്തിയ സമ്മാനകൂപ്പൺ വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്യപ്പെട്ടു.

പൊതുസമ്മേളനത്തിന് രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ നന്ദി പറയുകയും രൂപതാ ഗാനത്തോടെ പൊതുസമ്മേളനം സമാപിക്കുകയും ചെയ്തു.

ഏറെ ക്രമീകൃതവും സമയബന്ധിതവും മനോഹരവുമായി രൂപതാദിനാഘോഷവും കുടുംബകൂട്ടായ്മ ഉദ്ഘാടനവും നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത് പാസ്റ്ററൽ സെന്റർ, വിയാനി ഭവൻ, ബിഷപ്സ് ഹൗസ്, മൈനർ സെമിനാരി എന്നിവിടങ്ങളിലെ വൈദികരും, വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഭാരവാഹികളും ദ്വാരകയിലുള്ള വിവിധ സന്യസ്ത ഭവനങ്ങളിലെ ബഹു. സിസ്റ്റേഴ്സുമാണ്. വളരെ പ്രത്യേകമായി കുടുംബകൂട്ടായ്മയുടെ കാര്യങ്ങൾ ക്രമപ്പെടുത്തിയ ബഹു. പോൾ വാഴപ്പിള്ളി അച്ചനെയും ബഹു. അനീഷ് കാട്ടാംകോട്ടിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു. എല്ലാവിധത്തിലും എല്ലാക്കാര്യങ്ങളിലും ഒത്തൊരുമയോടെ പ്രവർത്തിച്ച മാനന്തവാടി രൂപതാ മൈനർ സെമിനാരിക്കാരെയും മേജർ സെമിനാരിക്കാരെയും ഒത്തിരി നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഒരുമയോടെ പ്രവർത്തിച്ച് രൂപതാദിനാഘോഷവും കുടുംബകൂട്ടായ്മ ഉദ്ഘാടനദിനവും മനോഹരമാക്കിയ എല്ലാവർക്കും വിവിധ ഇടവകയിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എത്തിച്ചേർന്ന ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അൽമായ പ്രതിനിധികൾക്കും ഒത്തിരി സ്നേഹത്തോടെ ഒരിക്കൽക്കൂടി നന്ദി പറയുന്നു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസലർ

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ മെയ് മാസത്തെ മാസധ്യാനം കുറ്റിമൂല ഇടവകയിൽ വച്ച് മെയ് 8–ാം തീയതി നടന്നു. ഫാ. സെബാസ്റ്റ്യൻ ക്രിസ്റ്റി ധ്യാനചിന്തകൾ പങ്കുവച്ചു. ക്രിസ്തുവിനോടും അവിടുത്തെ ഹൃദയത്തോടും ഓരോ വൈദികനും ചേർന്നിരിക്കണം എന്ന് അച്ചൻ ഓർമ്മിപ്പിച്ചു. തുടർന്നുണ്ടായ ചർച്ചകളിൽ കുടുംബ കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും AKCC യുടെ സമ്മേളനത്തിൽ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കണമെന്നും തീരുമാനിക്കുകയും ചെയ്തു. ഫൊറോനയിൽ നിന്നും സ്ഥലം മാറിപോകുന്ന എല്ലാ വൈദികർക്കും ഫൊറോന വികാരി ഫാ. പോൾ മുണ്ടോളിക്കൽ നന്ദി പറഞ്ഞു. ജൂൺ മാസത്തെ മാസധ്യാനം ജൂൺ 12–ന് യവനാർകുളം ഇടവകയിൽ വച്ച് നടക്കും.

**ഫാ. ജോഫ്രി കളരിക്കൽ**
സെക്രട്ടറി

**കുടുംബ കൂട്ടായ്മ ഉദ്ഘാടനം**

മാനന്തവാടി രൂപതാ കുടുംബക്കൂട്ടായ്മയുടെ രൂപതാതല ഉദ്ഘാടനവും രൂപതാദിനാഘോഷവും സംയുക്തമായി 2018 മെയ് 1–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വിവിധ ഇടവകകളിൽ നിന്നും ആവേശപൂർവ്വം എത്തിയ 1400–ൽ പരം വരുന്ന കുടുംബകൂട്ടായ്മ ഭാരവാഹികളുടെയും വൈദീകരുടെയും ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെയും മഹനീയ സാന്നിദ്ധ്യത്തിൽ നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. ശേഷം അഭിവന്ദ്യ പാംപ്ലാനി പിതാവ് ഒരുമണിക്കൂർ നേരം കുടുംബക്കൂട്ടായ്മയുടെ വിവിധ വശങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ക്ലാസ്സിന് നേതൃത്വം നൽക്കുകയും സദസ്സിനെ ആവേശം കൊള്ളിക്കുകയും ചെയ്തു. 8.45 ന് ജപമാലയും തുടർന്ന് അഭിവന്ദ്യ ജോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ ബലിയോടെയുമാണ് ഉദ്ഘാടന ചടങ്ങുകൾ ആരംഭിച്ചത്. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ എല്ലാവർക്കും നന്ദിയറിയിച്ചു.

കുടുംബക്കൂട്ടായ്മയുടെ ഉദ്ഘാടനത്തിൽ പങ്കെടുക്കുകയും ഇടവകകളിൽനിന്ന് ഭാരവാഹികളെ പറഞ്ഞയക്കുകയും ചെയ്ത വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും പങ്കെടുത്ത മുഴുവൻ ഭാരവാഹികളെയും അഭിനന്ദിക്കുകയും നന്ദിയോടെ അനുസ്മരിക്കുകയും ചെയ്യുന്നു.

**കുടുംബ കൂട്ടായ്മ പരിശീലനങ്ങൾ**

ഏപ്രിൽ 22,29, മെയ് 6 തീയതികളിലായി താഴെപ്പറയുന്ന കേന്ദ്രങ്ങളിൽ പരിശീലനക്കൂട്ടായ്മകൾ സംഘടിപ്പിക്കുകയും അച്ചന്മാരും അദ്ധ്യാപകരും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. ക്ലാസ്സുകൾ ക്രമീകരിച്ച ഫൊറോന വികാരിയച്ചന്മാർക്കും വൈദികർക്കും പങ്കെടുത്ത വിവിധ ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

വിവിധ കേന്ദ്രങ്ങളിൽ ദിവ്യബലി അർപ്പിക്കുകയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്ത അനീഷ് കാട്ടാംകോട്ടിൽ അച്ചനെയും, പോൾ വാഴപ്പള്ളി അച്ചനെയും, മനോജ് കവലക്കാട്ട് അച്ചനെയും, ലാൽ പൈനുങ്കൽ അച്ചനെയും, മാത്യു മൂത്തേടത്ത് അച്ചനെയും, പ്രിൻസ്

തുമ്പിയാംകുഴി അച്ചനെയും, പോൾ കൂട്ടാല അച്ചനെയും, മനോജ് കാക്കോനാൽ അച്ചനെയും, റോയി വട്ടക്കാട്ട് അച്ചനെയും, ജോജോ ചങ്ങനാംതുണ്ടത്തിൽ അച്ചനെയും, ജോഷി മഞ്ഞക്കുന്നേൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു. ക്ലാസ്സുകൾ എടുത്ത ശ്രീ. ജോസ് പള്ളത്ത്, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. ജോൺസൺ ചിറായിൽ, ശ്രീ. ജോണി അമ്പാട്ട്, ശ്രീ. ബേബി ജോസ് ചക്കാലക്കൽ, ശ്രീ. സാലു അബ്രഹാം, അഡ്വ.ജോർജ് ജോസഫ്, ശ്രീ. ബെന്നി വെട്ടിക്കൽ, ശ്രീ. ജോസ് മാത്യു പുഞ്ചയിൽ, ശ്രീ. ജോസ് പുളിയാർമറ്റത്തിൽ, ശ്രീമതി ഗ്രേസി ചിറ്റിനാപ്പിള്ളി എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

പരിശീലനം നടക്കാത്ത ഇടവകകൾ സൗകര്യപ്രദമായ ദിവസങ്ങൾ ക്രമീകരിച്ച് രൂപതാ കേന്ദ്രത്തിൽ അറിയിക്കുകയും ജൂൺ 15-ന് മുമ്പ് പരിശീലനങ്ങൾ പൂർത്തിയാക്കുവാൻ വികാരയച്ചന്മാർ ശ്രദ്ധിക്കണേ. അതോടൊപ്പം ചില ഇടവകകളിൽ നിന്നും പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാത്ത ഭാരവാഹികൾ ഉണ്ട്. ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന അടുത്ത പരിശീലന ക്ലാസ്സുകളിൽ അവർ നിർബന്ധമായും പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങളും വികാരിയച്ചന്മാർ ചെയ്യുമല്ലോ.

**ക്ലാസ്സുകൾ ക്രമീകരിക്കാനുള്ള ഇടവകകൾ**

ഭൂദാനം, മരുത, അരുൾനിലയം, ബോസ്പാറ, മൺവയൽ, വിമലഗിരി, ധർമ്മഗിരി, ഊട്ടി, കുന്നൂർ, പൂളപ്പാടം, തേൾപ്പാറ, റൂബിനഗർ, മംഗളം, ആലാറ്റിൽ, പേരിയ, പാറത്തോട്ടം, ഏലപ്പീടിക, നെയ്ക്കുപ്പ, പനമരം, യവനാർകുളം,

**ഫാ. പോൾ വാഴപ്പള്ളി**
കുടുംബകൂട്ടായ്മ ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്സ് 2018**

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ നിന്നും ആശംസകൾ. ലോഗോസ് ക്വിസ്സിന് അച്ചൻ നൽകിവരുന്ന പ്രോത്സാഹനത്തിന് പ്രത്യേകം നന്ദി പറയുന്നു.

ലോഗോസ് ക്വിസ്സ് 2018-ലെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ 2018 ജൂൺ 1-ാം തീയതി ഇടവകകളിലും സ്ഥാപനങ്ങളിലും ആരംഭിച്ച് രൂപതാതലത്തിൽ ജൂലൈ 31-ാം തീയതി അവസാനിക്കും. ജൂലൈ 1-ാം തീയതി മുതൽ രജിസ്ട്രേഷൻ രൂപതാ ഓഫീസിൽ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസായ 10 രൂപ രജിസ്ട്രേഷൻ ഫോമിനൊപ്പം ഓഫീസിൽ അടയ്ക്കണം. ഈ വർഷവും തമിഴ് ചോദ്യപേപ്പർ ലഭ്യമാണ്. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റുരൂപം ഉണ്ടായിരിക്കുന്നതല്ല. വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനായി ജൂൺ15-നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്.

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E,F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം : 1-1-2007 നു ശേഷം ജനിച്ചവർ

B വിഭാഗം : 1-1-2002 നും 31-12-2006 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 1-1-1987 നും 31-12-2001 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 1-1-1967 നും 31-12-1986 നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 1-1-1954 നും 31-12-1966 നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം : 31-12-1953 നു മുമ്പ് ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. എല്ലാ രൂപതകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ട

താണെന്ന് ഓർമിപ്പിക്കുന്നു. 25 മത്സരാർത്ഥികളുള്ള ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷാ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റുരൂപം ഉണ്ടായിരിക്കുന്നതല്ല (വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനും കഴിഞ്ഞ വർഷങ്ങളിലെ ചോദ്യങ്ങൾക്കുമായി ജൂൺ 1-നു ശേഷം www.keralabiblesociety.com സന്ദർശിക്കാവുന്നതാണ്). രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2018 ജൂൺ 1-നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2018 ജൂലൈ 31-നും ആയിരിക്കും. മത്സരത്തിനുള്ള പാഠഭാഗങ്ങൾ: നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10, മത്തായിയുടെ സുവിശേഷം 10-18, വെളിപാട് 10-16. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് NRSV ബൈബിളും തമിഴിന് TNBCLCയുടെ തിരുവിവിലിയവും ആണ്. പരീക്ഷാസമയം രൂപതാതലത്തിൽ 2018 സെപ്ററംബർ 30-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

അഖിലകേരള മത്സരപ്പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 01-ന് മുൻപായി പി.ഒ.സി.യിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല എഴുത്തുപരീക്ഷ കേരളത്തിലെ മൂന്നു സെന്ററുകളിൽ 2018 നവംബർ 11-ന് 2.00ന് ആരംഭിക്കും. ഓരോ ഗ്രൂപ്പിലെയും 10പേർക്കുള്ള ഫൈനൽ നവംബർ 22-24 തീയതികളിൽ ആറു ടെലികിസ് മത്സരങ്ങളായി സംഘടിപ്പിക്കുന്നു. ലോഗോസ് പ്രതിഭ, ലോഗോസ് ഫമിലിയ ടെലികിസ്മെഗാ ഫൈനൽ മത്സരങ്ങൾ പി.ഒ.സി.യിൽ വച്ച് നവംബർ 24,25 തീയതികളിലായിരിക്കും.

ഈ വർഷം പി.ഒ.സി.യിലെ ലോഗോസ് ഫമിലിയ ക്വിസ് ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്ന ടീമിൽ 'പിതാവ്, മാതാവ്, ഒരു കുട്ടി' എന്നിവർ മാത്രമാണ് പങ്കെടുക്കേണ്ടത്. ലോഗോസ് ഫമിലിയ ക്വിസ് ഫൈനൽ മലയാളത്തിൽ മാത്രമായിരിക്കും സംഘടിപ്പിക്കുന്നത്. ഓരോ രൂപതയിലേയും ഫാമിലി ക്വിസിൽ ഈ നിബന്ധനപ്രകാരം ഒന്നാം സ്ഥാനം ലഭിക്കുന്ന കുടുംബത്തിന്റെ പേരുവിവരവും ഫോട്ടോയും ജനന സർട്ടിഫിക്കറ്റും നവംബർ 01-ന് മുൻപായി

പി.ഒ.സി.യിൽ നല്കേതാണ്. ഇവർക്കുള്ള സംസ്ഥാനതല എഴുത്തുപരീക്ഷ പി.ഒ.സി.യിൽ നവംബർ 24-ാം തീയതി രാവിലെ 9.30ന് ആരംഭിക്കും. അതിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന 6 കുടുംബങ്ങളായിരിക്കും അന്ന് 4.00-ന് ലോഗോസ് ടെലിക്വിസിൽ പങ്കെടുക്കുന്നത്.

**സമ്മാനങ്ങൾ**

വിശുദ്ധനാടുതീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സിഡികൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നല്കപ്പെടുന്നു.

**അഖില കേരളതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 15,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 10,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 1,000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും (ഓരോ വിഭാഗത്തിലും 7 പേർക്കു വീതം)

5-ാം സമ്മാനം 500 രൂപ ബാക്കി എല്ലാവർക്കും ലഭിക്കുന്നതാണ്.

കേരളത്തിനുപുറത്തുനിന്നും ഏറ്റവും കൂടുതൽ മാർക്കുലഭിക്കുന്ന വ്യക്തിക്ക് സ്വർണമെഡൽ.

80 ശതമാനത്തിൽ കൂടുതൽ മാർക്കുവാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്. സെപ്ററംബർ 30-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നല്കുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

• രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

ഏറ്റവും കൂടുതൽ മത്സരാർഥികളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ഇടവകകൾക്കും ജനസംഖ്യയ്ക്കാനുപാതികമായി കൂടുതൽപേരെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും ക്യാഷ്അവാർഡ് ഉണ്ടായിരിക്കും.

• 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗ

ത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B, C, D, E, F പ്രായവിഭാഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നല്കുന്നതായിരിക്കും. ലോഗോസ് ക്വിസ് 2018–ന്റെ പോസ്റ്റർ, രജിസ്ട്രേഷൻ ഷീറ്റ് എന്നിവയ്ക്ക് ഇടവകകൾ രൂപതാബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരുമായി ബന്ധപ്പെടേണ്ടതാണ്. ലോഗോസ്ക്വിസ് 2018–ന്റെ രക്ഷാധികാരി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാനും, ചീഫ് കോ–ഓർഡിനേറ്റർ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറിയും, രൂപതാ കോ–ഓർഡിനേറ്റർമാർ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരും ആയിരിക്കും. അന്വേഷണങ്ങൾക്കും രജിസ്ട്രേഷനുമായി രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

NB:- കുടുംബ കൂട്ടായ്മകളിൽ ലോഗോസ് ക്വിസിന്റെ പാഠഭാഗങ്ങൾ പരിചയപ്പെടുത്തുകയും യൂണിറ്റ് തലത്തിൽ മത്സരങ്ങൾ നടത്തി മത്സരാർത്ഥികളെ ഒരുക്കുകയും ചെയ്യുന്നത് നന്നായിരിക്കും. കുടുംബ കൂട്ടായ്മകളുടെ ഒരു നല്ല പ്രവർത്തനമായി ദൈവവചന പഠനത്തെ കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

**റോയി അച്ചന് നന്ദിപൂർവ്വം...**

യൗവനത്തിന്റെ പ്രസരിപ്പോടും ജ്വലിക്കുന്ന പൗരോഹിത്യ തീക്ഷ്ണതയോടുംകൂടെ കഴിഞ്ഞ അഞ്ച് വർഷക്കാലം മാനന്തവാടി രൂപതയുടെ മതബോധന ഡയറക്ടറായി സേവനം ചെയ്ത റോയി അച്ചന് രൂപതാ കുടുംബം ഏറെ സ്നേഹത്തോടെ നന്ദി അർപ്പിക്കുകയാണ്. വിശ്വാസജീവിതം വെല്ലുവിളിക്കപ്പെടുകയും വിമർശിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്യപ്പെട്ട ഘട്ടങ്ങളിലും സത്യവിശ്വാസ വഴികളിലൂടെ ചരിക്കുവാൻ പുതുതലമുറയെ പ്രചോദിപ്പിച്ച് നയിച്ച അച്ചന്റെ ത്യാഗോജ്ജ്വലമായ കഠിനാധ്വാനവും ആത്മാർത്ഥതയും നമ്മുടെ വിശ്വാസ പരിശീലന പദ്ധതിയെ പ്രൗഢമായ നിലവാരത്തിലേക്കുയർത്തി. ഇടവക നേതൃത്വവുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് അധ്യാപക കൂട്ടായ്മകളും കൺവെൻഷനുകളും സംഗമവും സംഘടിപ്പിച്ച് കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ഇടവകകളിലും മേഖലകളിലും ശക്തമായ നേതൃനിരകളെ അണിനിരത്തുവാനും സുശക്തമായ ഒരു രൂപതാ ടീമിനെ സജ്ജമാക്കുവാനും സാധിച്ചു എന്നത് അച്ചന്റെ വിജയകരമായ ജൈത്രയാത്രയിലെ ചില പടവുകൾ മാത്രമാണ്. അച്ചന്റെ നിസ്തുല സേവനങ്ങളെ പ്രാർത്ഥനാപൂർവ്വം സ്മരിച്ചുകൊണ്ട് രൂപതാ കുടുംബം കൃതജ്ഞതയർപ്പിക്കുകയാണ്. യൂറോപ്പിലെ സീറോമലബാർ സഭാംഗങ്ങൾക്ക് ശുശ്രൂഷ ചെയ്യുവാൻ വിശാല പ്രേഷിതഭൂമിയിലേക്കിറങ്ങുന്ന റോയി അച്ചന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും വിജയാശംസകളും...

**ബഹു. തോമസ് കാട്ടുതുരുത്തിയിലച്ചന് ഊഷ്മളമായ സ്വാഗതം**

മാനന്തവാടി രൂപതാ മതബോധന കേന്ദ്രത്തിന്റെ പുതിയ ഡയറക്ടറായി ബഹു. തോമസ് കാട്ടുതുരുത്തിയിലച്ചൻ മെയ് 20-ന് ചാർജ്ജ് ഏറ്റെടുത്തു. രൂപതാ മതബോധന കുടുംബം അച്ചനെ സന്തോഷത്തോടെ സ്വാഗതം ചെയ്തു. ബഹു. തോമസ് അച്ചന് സർവ്വവിധ ഭാവുകങ്ങളും ആശംസിക്കുന്നു. അച്ചന്റെ കഴിവും നന്മയും വിശുദ്ധിയുമെല്ലാം രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധവും നേതൃത്വവും നൽകാൻ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ രൂപതാ മതബോധന കേന്ദ്രത്തിനും എനിക്ക് വ്യക്തിപരമായും നിങ്ങൾ നൽകിയ

സ്നേഹത്തിനും സഹകരണത്തിനും നന്ദി പറയുന്നു. എല്ലാ വികാരിയച്ചൻമാരെയും രൂപതാ ടീം മെമ്പേഴ്സിനെയും ഫൊറോനാ ഡയറക്ടേഴ്സിനെയും ഫൊറോനാ സെക്രട്ടറിമാരേയും മുഴുവൻ ഹെഡ്മാസ്റ്റേഴ്സിനേയും അധ്യാപകരേയും നന്ദിയോടെ ഓർക്കുന്നു.

**സി. ആൻമരിയ FCC യ്ക്ക് ഹൃദയം നിറഞ്ഞ നന്ദി**

കഴിഞ്ഞ 5 വർഷങ്ങളിലായി മാനന്തവാടി രൂപതാ മതബോധന കേന്ദ്രത്തിന്റെ ഓഫീസ് സെക്രട്ടറിയായി സ്തുത്യർഹമായി സേവനം ചെയ്ത ബഹു.സി.ആൻമരിയ FCC ഉപരിപഠനത്തിനായി തൽസ്ഥാനത്ത് നിന്ന് മാറുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ ആൻമരിയ സിസ്റ്റർ നൽകിയ നിശബ്ദമായ സേവനത്തെയും സിസ്റ്ററിന്റെ ആത്മാർത്ഥതയേയും കഠിനാദ്ധ്വാനത്തെയും രൂപതാ മതബോധന കേന്ദ്രം നന്ദിയോടെ ഓർക്കുന്നു. പുതിയ പഠന-സേവന മേഖലകളിൽ ദൈവാനുഗ്രഹം ആശംസിക്കുന്നു.

മതബോധനകേന്ദ്രത്തിന്റെ പുതിയ ഓഫീസ് സെക്രട്ടറിയായി ചാർജ്ജ് ഏറ്റെടുത്തിരിക്കുന്നത് സി. എയ്ഞ്ചൽ റോസ് FCC ആണ്. സന്തോഷത്തോടെ രൂപതാ മതബോധന കേന്ദ്രത്തിലേക്ക് സിസ്റ്ററിനെ സ്വാഗതം ചെയ്യുകയും നൻമകൾ നേരുകയും ചെയ്യുന്നു.

നീണ്ട രണ്ട് ദശാബ്ദകാലഘട്ടം രൂപതാ ടീം മെമ്പറായി പ്രവർത്തിച്ച സി.ജ്യോതി FCC യ്ക്കും കഴിഞ്ഞ 8 വർഷങ്ങളായി രൂപതാ ടീം മെമ്പറായി സേവനം ചെയ്ത സി.ആൻസി ടോം SH നും മതബോധന കേന്ദ്രം യാത്രയയപ്പ് നൽകി. ഇരുവർക്കും രൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. രൂപതാ മതബോധന കേന്ദ്രത്തിനും മാനന്തവാടി രൂപതയ്ക്കും ബഹു. സിസ്റ്റേഴ്സ് നൽകിയ സേവനത്തിന് സ്നേഹത്തോടെ നന്ദി പറയുകയും സ്നേഹാശംസകൾ നേരുകയും ചെയ്യുന്നു.

**ഫാ. റോയി വട്ടക്കാട്ട്**

**പുതിയ അധ്യയന വർഷം**

2018-19 അധ്യയനവർഷം മെയ് 27-ന് ആരംഭിച്ചു. പുതിയ അക്കാദമിക വർഷത്തിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളിലേക്ക് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. നമ്മുടെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ ഫലപ്രദമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ വർഷത്തിൽ മതബോധന രംഗത്ത് സേവനം ചെയ്ത എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നത വിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ.... തുടങ്ങിയ കാരണങ്ങളാൽ താത്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്ക് സ്നേഹപൂർവ്വം നന്ദിയും ആശംസകളും നേരുന്നു.

പുതുതായി വിശ്വാസപരിശീലന രംഗത്തേക്ക് കടന്നുവരുന്ന അധ്യാപകരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. അധ്യാപകർ ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ കുട്ടികളുടെ പരീക്ഷാഫല ത്തെയും വിശ്വാസ ജീവിതവളർച്ചയെയും വിലയിരുത്തുകയും പുതിയ വർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യണം. മതബോധന ക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ, രൂപതാകലണ്ടറും പുതിയ സിലബസും അനുസരിച്ച് ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. പുതിയ അധ്യയന വർഷത്തിൽ എല്ലാവർക്കും വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

**ആമുഖ സെമിനാറും ക്ലാസ്സ് ട്രെയിനിംഗും**

പുതുതായി വിശ്വാസപരിശീലന രംഗത്ത് അധ്യാപകരായി വന്നവർക്ക് വേണ്ടിയാണ് ആമുഖസെമിനാർ സംഘടിപ്പിക്കുന്നത്. പുതിയ അധ്യാപകർ, അവർ ഏതു ക്ലാസ്സിലേക്ക് നിയോഗിക്കപ്പെട്ടാലും ആമുഖസെമിനാറിൽ സംബന്ധിക്കണം. തീയ്യതികൾ ശ്രദ്ധിക്കുക.

ജൂൺ 15-17 - ചുങ്കക്കുന്ന്, ദ്വാരക, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, നിലമ്പൂർ ഫൊറോനകൾ

ജൂൺ 29-ജൂലൈ 1-ബത്തേരി, കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, മണിമൂളി, നീലഗിരി ഫൊറോനകൾ

ഫീസ് Rs. 400/- സമയം: സെമിനാർ തുടങ്ങുന്ന ദിവസം 5 മണിക്ക് ആരംഭിച്ച്, അവസാനിക്കുന്ന ദിവസം 4 മണിവരെ.

സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ.

അധ്യാപകർ പരിശീലനത്തിന് വരുമ്പോൾ, പഠിപ്പിക്കുന്ന ക്ലാസ്സിലെ പാഠപുസ്തകം, ടീച്ചിംഗ് നോട്ട്, അധ്യാപകസഹായി, നോട്ട് ബുക്ക് എന്നിവ കൊണ്ടുവരണം. ആമുഖസെമിനാറിന് വരുന്നവർ നിർബന്ധമായും രൂപതാഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**ക്ലാസ്സ് ട്രെയിനിംഗ്**

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവർ മറ്റ് ക്ലാസുകളിലേക്ക് മാറിയിട്ടുണ്ടെങ്കിൽ (Class Charge) അവർ താഴെ കൊടുത്തിരിക്കുന്ന തിയ്യതികളിൽ അതാതു ക്ലാസ്സിലെ പരിശീലനത്തിൽ പങ്കെടുക്കണം.

| **ക്ലാസ്സ്** | **തിയ്യതി** | **സമയം** | **സ്ഥലം** |
|---|---|---|---|
| I,II,III,IV,V,VI,VII | ജൂൺ 2 | 9.30 - 4.00 | ദ്വാരക |
| VIII,IX,X,XI,XII | ജൂൺ -9 | 9.30 - 4.00 | ദ്വാരക |

പരിശീലനത്തിന് വരുന്നവർ പാഠപുസ്തകം, നോട്ട്ബുക്ക്, അദ്ധ്യാപകസഹായി, ഫീസ് Rs.100/- എന്നിവയും കൊണ്ടുവരാൻ ശ്രദ്ധിക്കുക.

**പ്രത്യേക ശ്രദ്ധയ്ക്ക്:-** അദ്ധ്യാപക പരിശീലനത്തിന് വരുന്നവർ (ആമുഖസെമിനാറിനും മറ്റ് പരിശീലനത്തിനും) നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. (ഫോൺ: 04935 -245094)

**HDC, DCC Registration**

അടുത്ത അധ്യയന വർഷത്തേക്കുള്ള HDC,DCC കോഴ്സിലേക്കുള്ള അപേക്ഷകൾ ജൂലൈ 31-ന് മുൻപായി രൂപതാ ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**HCC (XI, XII) Registration**

HCC Registration കഴിഞ്ഞ വർഷത്തേതുപോലെ Online ആണ്. ജൂലൈ 15-ന് മുമ്പ് രജിസ്ട്രേഷൻ നടത്തി, ഫോമുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**VII-ാം ക്ലാസ്സ് പ്രതിഭകൾ**

ഏപ്രിൽ 23-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന 7-ാം ക്ലാസ് വിദ്യാർത്ഥികളുടെ രൂപതാ പ്രതിഭാസംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ

1. റിച്ചാർഡ് പോൾ പൂവൻ (പയ്യമ്പള്ളി)
2. ക്രിസ്റ്റി കുങ്കട (തലഞ്ഞി)
3. സെബാസ്റ്റ്യൻ കട്ടക്കയം (കണിയാരം)
4. സ്നേഹ പ്ലാത്തോട്ടത്തിൽ (നിലമ്പൂർ)
5. സെറിൻ ആൻ രാജേഷ് കല്ലോലിക്കൽ (ചുങ്കക്കുന്ന്)
6. സാനിയ കുര്യാക്കോസ് ഏറങ്കാവിൽ (ആടിക്കൊല്ലി)

രൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട ഈ ആറുപേരും മെയ് 23 മുതൽ 25 വരെ സീറോമലബാർ സഭ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. റിച്ചാർഡ്, ക്രിസ്റ്റി, സെബാസ്റ്റ്യൻ, സ്നേഹ, സെറിൻ, സാനിയ എന്നിവർക്കും അവരെ ഒരുക്കിയ മാതാപിതാക്കൻമാർ, ബഹു. വികാരിയച്ചൻമാർ, മതാധ്യാപകർ, മേഖലാ ടീം അംഗങ്ങൾ എന്നിവർക്കും പ്രത്യേകമായി ശ്രീ.ഷാജി ചന്ദനപ്പറമ്പിൽ, സി.ആൻസി സി.എം.സി, എന്നിവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**HDC IInd Year Contact Class**

HDC രണ്ടാം വർഷക്കാരുടെ ഒന്നാമത്തെ കോൺടാക്റ്റ് ക്ലാസ്സിന്റെ ക്രമീകരണം ഇപ്രകാരമാണ്.

ജൂൺ 14 - ദ്വാരക, ഓഗസ്റ്റ് 11 - ദ്വാരക, ഓഗസ്റ്റ് 22 - മണിമൂളി

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

**പ്രിയ മിഷൻലീഗ് സുഹൃത്തുക്കളെ,**

2018 മെയ് 19 മുതൽ ചെറുപുഷ്പ മിഷൻലീഗിന്റെ രൂപതാഡയറക്ടർ സ്ഥാനം അഭിവന്ദ്യപിതാവ് എന്നെ ഭരമേൽപ്പിച്ച വിവരം ഇതിനോടകം എല്ലാവരും അറിഞ്ഞുകാണുമല്ലോ? പ്രേഷിത തീക്ഷണതയോടെ സംഘടനയെ വളർത്തുവാൻ, വളർന്നുവരുന്ന തലമുറയ്ക്ക് സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കുവാൻ സ്നേഹവും ത്യാഗവും സേവനവും സഹനവും തീർത്ഥകണങ്ങളായ് നമുക്ക് സ്വീകരിക്കാം.. 'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' എന്ന ഗുരുനാഥന്റെ പ്രേഷിതദൗത്യം ഏറ്റെടുത്ത് ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച് ജീവിച്ച് രക്ഷകനായ ക്രിസ്തുവിന് സാക്ഷ്യമാകുവാൻ തുടിക്കുന്ന കുഞ്ഞുമിഷനറി ഹൃദയങ്ങൾ നമുക്ക് രൂപപ്പെടുത്താം. സമൂഹത്തെ ഉന്മൂലനം ചെയ്യുന്ന പൈശാചിക ശക്തികൾക്കെതിരെ കൊടുങ്കാറ്റായി ആഞ്ഞടിക്കുവാനും സഭാവിരുദ്ധ പ്രവണതകൾ ശക്തിപ്പെടുന്ന ഇന്നിന്റെ കാലഘട്ടത്തിലേയ്ക്ക് മിഷൻലീഗ് ഉയർത്തികാണിക്കുന്ന സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിച്ച് മാതൃകയാകുവാൻ സർവ്വോപരി എല്ലാവരും ഈശോയെ ഹൃദയത്തിൽ വഹിച്ച് പ്രാർത്ഥിക്കുകയും പ്രഘോഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാകാനുള്ള ഈ സന്ദർഭത്തിൽ എല്ലാവരുടേയും സഹായ സഹകരണ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. വൈദിക, സമർപ്പിത സമൂഹത്തിന്റെ മുൻപിൽ സഹകരണം പ്രതീക്ഷിച്ച് സ്നേഹാദരവോടെ ശിരസ്സ് നമിക്കട്ടെ.

**ജോജോ അച്ചാ നന്ദി...**

കഴിഞ്ഞ മൂന്ന് വർഷങ്ങൾ മാനന്തവാടി രൂപതാകുടുംബത്തിന്റെ പ്രേഷിതയത്നങ്ങളുടെ അമരക്കാരനായി ബഹു. ജോജോ അച്ചൻ കർമ്മനിരതനായിരുന്നു. നമ്മുടെ സംഘ മുന്നേറ്റങ്ങൾ നമുക്കു പിന്നാലെ വരുന്ന ആയിരക്കണക്കിനു കുഞ്ഞുമിഷനണറിമാരിൽ ആവേശം നിറയ്ക്കുമെന്ന ചിന്തയിൽ മറ്റാരേക്കാളും ഉണർവ്വോടെ ഒരു പ്രവർത്തകനെപ്പോലെ ഈ ഡയറക്ടർ ഓടിനടക്കുകയായിരുന്നു. മാനന്തവാടി രൂപത കാത്തു സൂക്ഷിക്കുന്ന പ്രേഷിതാവേശത്തിന് ഒരു തരിപോലും ഇടിവുണ്ടാവരുതെന്ന് അച്ചന് നിർബന്ധമുണ്ടായിരുന്നു. ആത്മീയപിതാവായി ദൂരത്തിൽ നിൽക്കാനായിരുന്നില്ല; സഹോദരനായി അടുത്തു നിൽക്കാൻ ജോജോച്ചൻ പ്രകടിപ്പിച്ച താത്പര്യം നമുക്കു നന്മയായി പരിണമിച്ചു. ഒരുമിച്ചു നിൽക്കാനും, ഉണർവ്വോടെ മുന്നേറാനും ഞങ്ങളെ പ്രചോദിപ്പിച്ച ജോജോച്ചന്റെ

സ്തുത്യർഹ സേവനത്തിന് ആദരവോടെ നന്ദിയർപ്പിക്കുന്നു. പുതിയ പ്രേഷിത മേഖലകളിൽ ക്രിസ്തുവിനായി ശോഭിക്കാൻ ഈ മിഷൻ കുടുംബത്തിന്റെ പ്രാർത്ഥനകൾ.. നന്ദിയുടെ കൂപ്പുകൈ.

**പ്രിയപ്പെട്ട ലിസ സിസ്റ്ററിന്**

മാനന്തവാടിയിലെ മിഷൻലീഗ് കുടുംബാംഗങ്ങളുടെ ഏറ്റവും വിലപ്പെട്ട സ്വന്തക്കാരിയായിരുന്നു സി.ലിസ അലക്സ് എസ്.കെ.ഡി. ജോയിന്റ് ഡയറക്ടറെന്ന നിലയിലുള്ള അവിസ്മരണീയമായ ശുശ്രൂഷയാൽ 8 വർഷങ്ങളെ സിസ്റ്റർ സമ്പന്നമാക്കി. അംഗങ്ങൾക്കിടയിൽ സ്നേഹപൂർവ്വമായ അമ്മ സാന്നിദ്ധ്യമായും, നിരന്തരമായ ഇടപെടലുകളിലൂടെ ഉണർവിന്റെ ചാലക ശക്തിയായും തന്റെ വ്യക്തിത്വത്തെ ക്രിസ്തീയ ചൈതന്യത്തോടെ സിസ്റ്റർ സംഘടനയ്ക്കായി വിനിയോഗിച്ചു  ഹൃദയപൂർവ്വം മാനന്തവാടി രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

ആത്മാർത്ഥതയുടെയും, കഠിനാധ്വാനത്തിന്റെയും പ്രകടമായ ശക്തികേന്ദ്രമായ രൂപതാ എക്സിക്യൂട്ടീവ്, ടീം അംഗങ്ങളെ അഭിനന്ദനങ്ങൾ. വലിയ പ്രേഷിതന്റെ സഹനപാതയിലൂടെ സഹനത്തിന്റെ വിത്തു വിതച്ച്, സേവനത്തിന്റെ കരങ്ങളുമായി, ത്യാഗത്തിന്റെ വിളവു കൊയ്യാൻ വി.കൊച്ചു ത്രേസ്യായുടെ മാദ്ധ്യസ്ഥത്തിലൂടെ നമുക്ക് ഒന്നിച്ച് മുന്നേറാം.

മിഷൻ അഭിവാദനങ്ങളോടെ,

**ഫാ. ഷിജു ഐക്കരക്കാനായിൽ**

**ഐക്കരക്കാനായിൽ ഷിജു അച്ചനും, സി.പ്രശാന്തി എം.എസ്.എം.ഐ. യ്ക്കും സ്നേഹസ്വാഗതം**

റവ.ഫാ.തോമസ് (ഷിജു) ഐക്കരക്കാനായിലച്ചനാണ് നമ്മുടെ പുതിയ ഡയറക്ടർ. മിഷൻലീഗിനെ ഒത്തിരി ഇഷ്ടപ്പെടുകയും സംഘടനയ്ക്കായ് ഒത്തിരി ഓടാൻ സന്നദ്ധത സൂക്ഷിക്കുകയും ചെയ്യുന്ന തോമസച്ചനെ മാനന്തവാടി രൂപത മിഷൻലീഗ് കുടുംബത്തിന്റെ കർമ്മവീഥിയിലേക്ക് ആദരവോടെ സ്വാഗതം ചെയ്യുന്നു. എം.എസ്.എം.ഐ സമൂഹാംഗമായ സി. പ്രശാന്തിയാണ് നമ്മുടെ ജോ. ഡയറക്ടറായി കടന്നുവരുന്നത്. വർഷങ്ങളായി സിസ്റ്റർ നമ്മുടെ ടീം അംഗമാണ്. മിഷൻലീഗിന്റെ സ്പന്ദനങ്ങൾ അറിയുന്ന പ്രശാന്തി സിസ്റ്റർക്ക് രൂപതാ കുടുംബത്തിന്റെ സ്വാഗതം.

**രൂപതാ വാർഷിക മാനേജിംഗ് കമ്മറ്റി: യാത്രയയപ്പ് സമ്മേളനം**

29-04-2018-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപത വാർഷിക മാനേജിംഗ് കമ്മറ്റി ചേരുകയും റിപ്പോർട്ടും ബഡ്ജറ്റും, കണക്കും അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തു. കഴിഞ്ഞ മൂന്നു വർഷങ്ങൾ മാനന്തവാടി രൂപതയിലെ കരുത്താർന്ന അത്മായ പ്രേഷിത സംഘടനയായ ചെറുപുഷ്പ മിഷൻലീഗിനെ ഏറ്റവും മനോഹരമായി ആത്മീയ നേതൃത്വത്തിലൂടെ, പ്രാർത്ഥനയിലൂടെ നയിച്ച രൂപതാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിലച്ചന് രൂപതാ മാനേജിംഗ് കമ്മറ്റി യാത്രാ മംഗളങ്ങൾ ആശംസിച്ചു.

**കുടുംബ സംഗമം**

6-5-2018-ന് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ കുടുംബാഗംങ്ങ ളോടൊപ്പം ടീം അംഗങ്ങളും ഒന്നുചേർന്ന് കഴിഞ്ഞ മൂന്നു വർഷങ്ങൾ ചെറു പുഷ്പ മിഷൻലീഗിനെ പൈതൃക വാത്സല്യത്തോടെ, സൗഹൃദ ചൈത ന്യത്തോടെ, കർമ്മോത്സുകനായി നയിച്ച പ്രിയപ്പെട്ട ജോജോ അച്ചന് യാത്രാമംഗളങ്ങൾ നേർന്നു. രൂപതാ പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷനായ യോഗത്തിൽ രൂപതാ സെക്രട്ടറി എല്ലാവരേയും സ്വാഗതം ചെയ്തു. ജോജോ അച്ചന്റെ മാതാപിതാക്കളുടെയും, സഹോദരങ്ങളുടെയും സാന്നിദ്ധ്യംകൊണ്ട് ഈ സമ്മേളനം അനുഗ്രഹീതമായിരുന്നു. കഴിഞ്ഞ 13 വർഷങ്ങൾ തുടർച്ചയായി മാനന്തവാടി രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്താണ്. അതിൽ 8 വർഷവും വളരെ യേറെ ത്യാഗത്തോടും, പ്രേഷിത ചൈതന്യത്തോടും, സമർപ്പണഭാവ ത്തോടും, വാത്സല്യത്തോടെ നയിച്ച് സംഘടനയെ ഒരുമയിൽ നിലനിർത്തി വളർച്ചയുടെ പടവുകൾകയറുവാൻ ആത്മീയ നേതൃത്വം നൽകിയ മിഷൻലീഗിന്റെ വാനമ്പാടിയായ റവ. സി. ലിസ അലക്സ് എസ്. കെ.ഡി ക്കും സമ്മേളനത്തിൽ യാത്രാ മംഗളങ്ങളും ആശംസകളും നേർന്നു. സമ്മേ ളനത്തിന്റെ അവസാനത്തിൽ രൂപതാ ജോ. സെക്രട്ടറി കുമാരി ലിന്റു സണ്ണി എല്ലാവർക്കും നന്ദി പറഞ്ഞു.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ മേഖലയെ നയിച്ച റവ. ഫാ. ബിജു തൊണ്ടി പറമ്പിൽ (ദ്വാരക മേഖല), റവ. ഫാ. ബിജു പുന്നക്കപ്പടവിൽ (കൽപ്പറ്റ മേഖല), റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ (മുള്ളൻകൊല്ലി മേഖല), റവ. ഫാ.സോണി വടയാപറമ്പിൽ (നീലഗിരി മേഖല), റവ. ഫാ. സജി ഇള യിടത്ത് (കല്ലോടി മേഖല), റവ. ഫാ. മാർട്ടിൻ പുതുശ്ശേരി (തരിയോട് മേഖല), റവ. ഫാ. ജയനീഷ് പുത്തുക്കാട്ടിൽ (ചുങ്കക്കുന്ന് മേഖല), ജോ. ഡയറക്ട റായിരുന്ന റവ.സി. സോജ എസ്.കെ.ഡി.ക്കും മാനന്തവാടി രൂപതാ കുടും ബത്തിന്റെ എല്ലാവിധ നന്ദിയും ഒപ്പം പുതിയ പ്രവർത്തനമേഖലയിൽ ആശം സകളും നേരുന്നു.

**SMART CAMP - 2020**

ഏപ്രിൽ 24,25,26 തിയ്യതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സ്മാർട്ട് ക്യാമ്പ് 2020 നടത്തപ്പെട്ടു. DYSP ശ്രീ.ജേക്കബ് തേക്കനാലിൽ ഉദ്ഘാ ടനം ചെയ്ത ക്യാമ്പിൽ വിവിധ ശാഖകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 75 ഓളം കുട്ടികൾ പങ്കെടുത്തു. ശ്രീ.അജീഷ് ഇടപ്പാട്ട്, അഡ്വ. ജിജിൽ കിഴക്കരക്കാട്ട്, ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീമതി റോസിലി ടീച്ചർ, റവ. സി. റോസ്മിൻ സി.എം.സി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. നീനു മാങ്കൂ ട്ടത്തിൽ ക്യാമ്പ് മാനേജർ ആയിരുന്നു. രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗ ങ്ങൾ നേതൃത്വം നൽകി.

**മിഷൻ അനുഭവം പങ്കുവയ്ക്കലും മിഷൻ സഹായവും**

അദിലാബാദ് ബിഷപ്പ് മാർ പ്രിൻസ് പാണങ്ങാടൻ പിതാവ് വി. ബലി

യർപ്പിച്ച് പ്രാർത്ഥിക്കുകയും ഇടയനടുത്ത മിഷൻ പ്രവർത്തനങ്ങളെകുറിച്ച് നല്ല സന്ദേശം നൽകുകയും ചെയ്തു. മിഷൻ രൂപതയ്ക്കു സംഭാവനയായി 10,000 രൂപ നൽകുകയും ചെയ്തു

രൂപതാ സാഹിത്യ സഹവാസ ക്യാമ്പ്: മെയ് 2,3,4 തിയ്യതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ സാഹിത്യ സഹവാസ ക്യാമ്പ് നടത്തുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്നുമായി 75-ളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ശ്രീ. ബിജു ചിറ്റേടം, ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ.ജോസ് പള്ളത്ത്, ശ്രീമതി ആലീസ് ടീച്ചർ, റവ. ഫാ. ജെയ്സ് ചെട്ടിയാശ്ശേരി രൂപത എക്സികൂട്ടീവ് & ടീം അംഗങ്ങൾ നേതൃത്വം നൽകി.

**പ്രവർത്തനവർഷ ഉദ്ഘാടനവും രൂപതാ കൗൺസിലും**

രൂപത 2018-19 പ്രവർത്തനവർഷ ഉദ്ഘാടനവും കൗൺസിലും ജൂൺ 9-ാം തിയ്യതി രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് ഉച്ചക്ക് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ശാഖ, മേഖല, രൂപത ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുമല്ലോ? പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 5-ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ? മണിമൂളി, നിലമ്പൂർ, നീലഗിരി റീജിണൽ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും 2018 ജൂൺ 10 ഞായറാഴ്ച 2.30 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. മുകളിൽ പറഞ്ഞ മേഖലകളിൽ ഉൾപ്പെട്ട ശാഖാ ഭാരവാഹികളും ജോ.ഡയറക്ടേഴ്സും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖാ അംഗത്വലിസ്റ്റിന്റെ 3 കോപ്പി, വാർഷിക റിപ്പോർട്ട്, പുതിയ ശാഖാ ഭാരവാഹികളുടെ അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ നൽകാത്തവർ എത്രയും പെട്ടെന്ന് ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ജൂലൈ രണ്ടാം ശനിയാഴ്ച രാവിലെ 9.30-ന് ശാഖാ ജോ.ഡയറക്ടേഴ്സിന്റെ മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ ജോ.ഡയറക്ടേഴ്സും നിർബന്ധമായും പങ്കെടുക്കുമല്ലോ?

**സംസ്ഥാന മാനേജിംഗ് കമ്മറ്റി:-** മെയ് 13-ാം തിയ്യതി കലൂർ റിന്യൂവൽ സെന്ററിൽ വെച്ച് ചേർന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റിയിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**സി.എം.എൽ സംസ്ഥാന കമ്മറ്റി:-** മെയ് 13-ന് കലൂർ റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന സംസ്ഥാന ക്യാമ്പിൽ മാനന്തവാടി രൂപതയിൽ നിന്നും 15 പേർ പങ്കെടുത്തു.

**ശാഖാ ഇലക്ഷൻ:-** ഇലക്ഷൻ നടത്താത്ത ശാഖകളിൽ ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ഇലക്ഷൻ നടത്തുമല്ലോ? പ്രസിഡണ്ട്/ സെക്രട്ടറി സ്ഥാനത്തേയ്ക്ക് അദ്ധ്യാപകരെ തെരെഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ?

**ശാഖാ വാർത്തകൾ:**

**കയ്യൂന്നി:-** 2 ദിവസത്തെ ശാഖാക്യാമ്പ്, 4 ദിവസത്തെ ധ്യാനം എന്നിവ നടത്തി.

*നെടുമ്പാല:-* വിശ്വാസോത്സവം ആഘോഷമായി നടത്തി. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. വി.ഗീവർഗ്ഗീസിന്റെ തിരുനാൾ ആഘോഷിച്ചു. ആദ്യകുർബാന സ്വീകരണം നടത്തി.
*ചാരിറ്റി:-* വാർഷികം നടത്തി, ശ്രേഷ്ഠ പുരസ്കാരങ്ങൾ നൽകി. BDS പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ അപർണ്ണ പാലിശ്ശേരിയെ ഷീൽഡ് നൽകി ആദരിച്ചു. കഠുവ, ഉന്നോവ പ്രശ്നങ്ങളിൽ ഐക്യദാർഢ്യം പ്രകടിപ്പിച്ച് സൂപ്പർസീനിയേഴ്സ് 'Flash Mob Presentation' നടത്തി. 2017-18 വർഷത്തെ പ്രവർത്തനങ്ങൾ പവർ പോയിന്റിലൂടെ അവതരിപ്പിച്ചു. 1 മുതൽ 12 വരെ ക്ലാസ്സുകളിൽ മുഴുവൻ ഹാജരും നേടിയ ആൽഫിയ പള്ളിപാട്ടിനെ സമ്മാനം നൽകി അനുമോദിച്ചു.
*പാറത്തോട്ടം:-* ഇടവകയിലെ 4 കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് നൽകി. ആതിരപ്പള്ളി ഡ്രീം വേൾഡിലേക്ക് വിനോദയാത്ര പോയതോടൊപ്പം അവിടെയുള്ള SD Old Age Home സന്ദർശിക്കുകയും ചെയ്തു.
*ശിശുമല:-* ശാഖാംഗങ്ങൾ 'സാന്ത്വനം 2018' എന്ന പേരിൽ നോമ്പ് കാലത്ത് പ്രത്യേകം സ്വരൂപിച്ച തുകയും, 2017-18 വർഷത്തെ കാഴ്ച സമർപ്പണവും വഴി കിട്ടിയ 75000 രൂപയും ഇടവകയിലെ പാവപ്പെട്ട 2 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായമായി നൽകി.
*ചെന്നലോട്:-* 2 ദിവസത്തെ ക്യാമ്പ്, പഠനോപകരണം നൽകി, സുകൃത ജപങ്ങൾ കോർത്തിണക്കി സുകൃത ഡയറി നിർമ്മിച്ചു. മികച്ച ശാഖാ പ്രവർത്തനത്തിന് മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ചു. വിശുദ്ധരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കി.
*പനംചിറ:-* S.S.L.C,+1,+2 വിദ്യാർത്ഥികൾക്കായി പരീക്ഷഒരുക്ക പ്രാർത്ഥന നടത്തി, വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വാഹനാപകടത്തിൽപെട്ട് രോഗാവസ്ഥയിലായിരിക്കുന്ന ഇടവകാംഗങ്ങൾക്കു വേണ്ടി ആരാധന നടത്തി പ്രാർത്ഥിച്ചു. ബഹു. ഡയറക്ടർ ജയൻ മണ്ണുകുളം അച്ചന് ജന്മദിനാശംസകൾ നേർന്നു.
*വടക്കനാട്:-* കാരുണ്യ ഈശോയുടെ തിരുനാൾ ആഘോഷിച്ചു, ദിവ്യകാരുണ്യ പ്രദിക്ഷണം നടത്തി. തിരുബാല കുട്ടികൾക്ക് ആരാധന നടത്തി, കുട്ടികൾ പള്ളിയും പരിസരവും വൃത്തിയാക്കി.
*പൂളപ്പാടം:-* സപ്തതി സ്മരണിക പ്രകാശനം ചെയ്തു. 70 ദിവസവും 70 വയസ്സും പൂർത്തിയാക്കിവരെ ആദരിച്ചു. ഇറ്റലിയിൽ മിഷനറി പ്രവർത്തനം നടത്തുന്ന റവ.ഫാ. വിനോദ് എടൂരിനെ പൊന്നാടയണിയിച്ച് ആദരിച്ചു.
*പുതുശ്ശേരി:-* രോഗീസന്ദർശനം നടത്തി, പള്ളിപരിസരം വൃത്തിയാക്കി, രൂപതാ ക്യാമ്പിൽ 2 പേർ പങ്കെടുത്തു.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജ്ജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാലരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ** - രൂപതാ സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് 2016,2017 ബാച്ച്**

ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികളുടെ ട്രെയിനിംഗ് ഏപ്രിൽ ഒമ്പതാം തിയ്യതി തിങ്കളാഴ്ച്ച രാവിലെ പത്ത് മണിക്ക് കുഞ്ഞോം ശാന്തിനിലയത്തിൽ ആരംഭിച്ചു. 52 വിദ്യാർത്ഥികൾ തങ്ങളുടെ ലൈഫ് അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് ക്യാമ്പിന് ആരംഭം കുറിച്ചു. തുടർന്നുവന്ന രണ്ടുദിവസം വിദ്യാർത്ഥികൾക്ക് യൂത്ത് മിനിസ്ട്രി ടീം ഒരുക്കിയ ധ്യാനദിനങ്ങളായിരുന്നു. തുടർന്ന് ഓരോ ദിനങ്ങളിലും അക്കാദമിക്ക് വിഷയങ്ങളെ ആസ്പദമാക്കി ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, ചരിത്രം, മലയാളം, കെമസ്ട്രി, ആട്സ്, സയൻസ്, ബയോളജി, കരിയർഗൈഡൻസ്, പ്രസംഗപരിശീലനം, പേപ്പർ ആർട്ട്, വ്യക്തിത്വവികസനം, തുടങ്ങിയ വിഷയങ്ങളിൽ മികവുള്ള അദ്ധ്യാപകരായ ഫാ.നോബിൾ പാറക്കൽ, ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, നീനു, സ്റ്റെല്ല, ലിൻഷ, ഷാജി ചന്ദനപറമ്പിൽ, ആൽബിൻ, സി.റോസ്മിൻ സി. എം.സി, റോഷ്നി, വിജി, ഐസക്ക് തോമസ്, ജോസ് പള്ളത്ത്, ഫിബിൻ, ഡോൺ മണിയംകാട്ട്, ജോസൽ, രാജേഷ്, വിഷ്ണു, ജിനി തുടങ്ങിയവരും, ആത്മീയ വളർച്ചയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള സ്പിരിചൽ പ്രോഗ്രാം യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിലും നല്കി. വിദ്യാർത്ഥികൾക്ക് തങ്ങളെതന്നെ വിലയിരുത്തുവാനും വിവിധ കഴിവുകൾ വർദ്ധിപ്പിക്കുവാനും സാധിച്ചു. 2017 ബാച്ചിലെ മുപ്പത്തിരണ്ട് വിദ്യാർത്ഥികളെ മക്കിയാട് സ്കൊളാസ്റ്റിക്കാ അഗതിമന്ദിരം സന്ദർശിക്കാൻ കൊണ്ടുപോകുകയും, പ്രായമായ മാതാപിതാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവസരമൊരുക്കി. മുപ്പതാം തീയതി രാവിലെ പത്തുമണിക്ക് വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. ഈ കൂട്ടായ്മ തങ്ങളുടെ മക്കളുടെ സ്വഭാവത്തെ വിലയിരുത്തുവാനും, അവരെ പ്രോത്സാഹിപ്പിക്കാനും, തിരുത്തുവാനും മാതാപിതാക്കൾക്ക് സാഹചര്യം നല്കി

**ലൈഫ് ട്രെയിനിംഗ് 2018 ബാച്ച്**

2018-2019 പുതിയ ബാച്ചിലെ 26 ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥി

കളുടെ ക്യാമ്പ് കുഞ്ഞോം ശാന്തിനിലയത്തിൽ 01-05-2018 ചൊവ്വാഴ്ച്ച രാവിലെ പത്ത് മണിക്ക് ആരംഭിച്ചു. പതിനൊന്ന് മണിക്ക് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകിയ വിശുദ്ധ കുർബാനയോടെ എല്ലാ വിദ്യാർത്ഥികളും ക്യാമ്പിലേക്ക് പ്രവേശിക്കുകയും തുടർന്ന് വന്ന രണ്ട് ദിനങ്ങളിൽ യൂത്ത് മിനിസ്ട്രി ടീം നേതൃത്വം നല്കിയ ധ്യാന ദിനങ്ങളായിരുന്നു. വിദ്യാർത്ഥികളുടെ ശാരീരികവും, മാനസീകവും, ആദ്ധ്യാത്മീകവുമായ വളർച്ചക്കുതകുന്ന വ്യത്യസ്ത രീതിയിലുള്ള ക്ലാസ്സുകൾ നല്കി. സി.റോസ്മിൻ സി.എം.സി - പേപ്പർ ആർട്ട്, ഫാ. വിനോദ് പാക്കാനികുഴി -ഇംഗ്ലീഷ്, ജോൺസൻ വടക്കേക്കര - വ്യക്തിത്വ വികസനം, ജോൺസൻ സാർ -ഡ്രോയിംഗ്, ആനന്ദ് സാർ - പൊതുവിജ്ഞാനം, അജീഷ് മറ്റമ്മേൽ- ടൈം മാനേജ്മെന്റ്, ഫാ. നോബിൾ പാറക്കൽ -പേഴ്സനാലിറ്റി ആന്റ് വാല്യൂസ്, ഫാ.അഗസ്റ്റ്യൻ ചിറക്കത്തോട്ടം - ലീഡർഷിപ്പ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നല്കി. കവി രവീന്ദ്രൻ സാർ കവിതകളുടെ വിവരണത്തെ കുറിച്ചും, തോമസ് കല്ലറക്കൽ സാർ പ്രസംഗപരിശീലനം, സി.എമിലിയ സി.എം.സി സംഗീതപരിശീലനവും വിദ്യാർത്ഥികൾക്ക് നല്കി. ജെയ്സൻ സാർ ഡിഫൻസ് മെക്കാനിസം വിഷയത്തിൽ ക്ലാസ്സും, പരിശീലനവും നല്കി. ഫാ.ലാൽ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിഷയ ത്തിൽ ക്ലാസ്സ് നല്കി ഈ ദിനങ്ങളിൽ വിദ്യാർത്ഥികളുടെ ഉന്നമനത്തി നുവേണ്ടി പ്രയത്നിച്ച ഫാ.വിനോദ് പാക്കാനിയേയും, സൗഹൃദ സന്ദർശനം നടത്തി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച ഫാ.ഡൊമിനിക് വളകുടിയേയും, സൗത്ത് ആഫ്രിക്കൻ മിഷൻ ജീവിതാനുഭവം വിവരിച്ച ഫാ.വിജിലിനേയും, ആഫ്രിക്കൻ പ്രേക്ഷിതാനുഭവം കുട്ടികളുമായി പങ്കുവെച്ച ഫാ.ജോസ് എസ്.ഡി.ബി യേയും നന്ദിയോടെ ഓർക്കുന്നു. കുഞ്ഞോം ശാന്തിനിലയത്തിൽ സ്വന്തം വീടിന്റെ സാഹചര്യം ഒരുക്കി തന്ന് കുട്ടികളെ സ്നേഹിച്ച്, പ്രോത്സാഹിപ്പിച്ച്, വളർത്തിയ ഫാ.സെബി നേയും, സി.ക്ലാരയേയും, സി.എം.സി. സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു. രണ്ട് മാസങ്ങളിൽ കുട്ടികളുടെ സർഗ്ഗാത്മ വളർച്ചയിൽ അക്ഷീണം പ്രയത്നിച്ച് നേതൃത്വം നൽകിയത് ലൈഫ് ട്രെയ്നിംഗ് കോർഡിനേറ്റർ സി.ആൻസി തോമസ് സി.എം.സി, സി.നോയൽമരിയ എസ്.എ.ബി.എസ്, സി.ആനി പോൾ എസ്.എച്ച്, സി.ലിൻസി എസ്. സി.വി, എന്നിവരാണ്.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**നന്ദിയോടെ**

മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഡയറക്ടറായി 2012 മുതൽ 2018 വരെയുള്ള കാലയളവിൽ സേവനം ചെയ്യുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിച്ചു. കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഡയറക്ടറായി എന്നെ നിയമിച്ച മാനന്തവാടി രൂപതയുടെ പിതാവ് മാർ ജോസ് പൊരുന്നേടം, കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സഹരക്ഷാധികാരിയായിരിക്കുന്ന മോൺ. അബ്രാഹം നെല്ലിക്കൽ, ബിഷപ്പ്സ് ഹൗസിലെ വൈദീകർ, പാസ്റ്ററൽ സെന്ററിലെ വൈദീകർ, ഫെറോനാ വികാരിമാർ, മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുന്നു.

2012 മുതൽ 2018 വരെ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടുമാരായിരുന്ന ശ്രീ. ബിനോയ് പാനിക്കുളം, ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ, ശ്രീ.ബിബിൻ ചെമ്പക്കര, ശ്രീ. സിബിൻ പാലമൂട്ടിൽ, ശ്രീ. ആന്റണി മങ്കടപ്ര, ശ്രീ.എബിൻ ഫിലിപ്പ് മുട്ടപ്പള്ളി, ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ വ്യത്യസ്ത പ്രവർത്തനങ്ങളായ വയനാട് രക്ഷായാത്ര, കടുവാസങ്കേതത്തിനെതിരെ കളക്ട്രേറ്റ് ധർണ്ണ, പരിസ്ഥിതി ദുർബല പ്രദേശ പ്രഖ്യാപനത്തിനെതിരെ സമരങ്ങൾ, യൂത്ത് ക്രോസ് വഹിച്ചുകൊണ്ട് രൂപത മുഴുവനിലുമുള്ള പരിഹാര പ്രദക്ഷിണം, എല്ലാ മേഖലകളിലും ലഹരിക്കെതിരെ തെരുവ് നാടകം, വാഹന പ്രചരണ ജാഥ, കെ.സി.വൈ.എം. മേഖല സമ്മേളനങ്ങൾ, ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനാചരണങ്ങൾ, രൂപതാ യുവജന സമ്മേളനങ്ങൾ, ലഹരി വിരുദ്ധ റോഡ് ഷോ- ലിബർത്താസ്, ഷോർട്ട് ഫിലിം മത്സരങ്ങൾ, വയനാട് യുവ ആന്തോളൻ, ഫ്രീഡം ഡിബേറ്റ്, പരിസ്ഥിതി സെമിനാർ-ജീവന്റെ വൃക്ഷം, ക്രിസ്തുമസ്സ് സന്ദേശ യാത്ര-സ്നേഹദൂത്, പ്രത്യേക പ്രസംഗ മത്സരം- ചലഞ്ച്, വിശക്കുന്നവന് ഒരു നേരത്തെ ആഹാരം - അന്നം ജീവകാരുണ്യ ഫെസ്റ്റ്, അവിവാഹിതരായ യുവജന സമ്മേളനം-കാന, നാട്ടിമഹോത്സവം, ഡിവൈൻ മേഴ്സി യൂത്ത് കൺവെൻഷൻ, വയനാട് വികസന പാനൽചർച്ച, റോസറി നൈറ്റ്, ക്രേസി മഡ് വോളി ബോൾ, ഫുട്ബോൾ, ബൈക്ക് റാലി, നവോത്ഥാന നായകരെ സംബന്ധിച്ച സാംസ്ക്കാരിക സദസ്സ്, ക്രൈസ്തവ പീഡനങ്ങളെക്കുറിച്ചുള്ള സെമിനാർ, സാക്ഷരതയുടെ പിതാവായ ചാവറയച്ചനെ സംബന്ധിച്ചുള്ള ആശയപ്രചരണ യാത്രകൾ, സമ്മേളനങ്ങൾ,

കാഞ്ഞിരത്തിനാൽ കുടുംബത്തോടുള്ള നീതി നിഷേധത്തിനെതിരെ നിരാഹാര സമരം, മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റൽ ശുചീകരണം, ആത്മജ്വാല ജാഗരണ പ്രാർത്ഥന തുടങ്ങിയവ ഏതാനും ചില പ്രവർത്തനങ്ങൾ മാത്രമാണ്. 2012 മുതൽ 2018 വരെയുള്ള സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളെയും മേഖല സമിതികളെയും നന്ദിപൂർവ്വം ഓർക്കുന്നു. നിങ്ങളില്ലായിരുന്നെങ്കിൽ കെ.സി.വൈ.എമ്മിന്റെ സൗന്ദര്യം നഷ്ടമായേനെ.

യുവജനങ്ങളെക്കാളുപരി കെ.സി.വൈ.എം. പ്രവർത്തനത്തിന് വേണ്ടി ത്യാഗം സഹിച്ച് പ്രവർത്തിച്ചവരാണ് ഓഫീസ് സെക്രട്ടറിമാർ. ഓഫീസ് സെക്രട്ടറിമാരായിരുന്ന സി. അനിലിറ്റ് എസ്എബിഎസ്, സി. ലിന്റ എസ്എബിഎസ്, സി. എൽസിൻ എസ്എബിഎസ് എന്നിവരെയും രൂപതാ ആനിമേറ്റർമാരായ സി.വിൻസി എഫ്സിസി, മൂന്ന് വർഷക്കാലം യുവജനങ്ങളോടൊപ്പം പ്രവർത്തിച്ച സി. ലിൻസ എഫ്സിസി, എന്നിവരെയും നന്ദി പൂർവ്വം ഓർക്കുന്നു.

ഓരോ വർഷങ്ങളിലായി കെസിവൈഎം പ്രസ്ഥാനത്തിനു വേണ്ടി അസോസിയേറ്റ് ഡയറക്ടർമാരായി സേവനം ചെയ്ത ഫാ. ഷിജു ഐക്കരക്കാനായിൽ, ഫാ. അനീഷ് കാട്ടാംക്കോട്ടിൽ എന്നിവരും നല്ല രീതിയിൽ പ്രസ്ഥാനത്തെ നയിച്ചവരാണ്. രണ്ടുപേർക്കും ഹൃദയപൂർവ്വം നന്ദി. 2018 വർഷത്തെ സമിതി ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ, റോസ് മേരി തേറുക്കാട്ടിൽ, സുബിൻ കൊഴുപ്പത്തടത്തിൽ, ജിജോ താന്നിവേലിൽ, അലീന ജോയി, അഖിൽ പള്ളത്ത്, ആൽഫിൻ അമ്പാറയിൽ, സി. സ്മിത എസ്എബിഎസ് തുടങ്ങിയവരെയും നന്ദിപൂർവ്വം ഓർക്കുന്നു. കെസിവൈഎം ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. റോബിൻ പടിഞ്ഞാറയിലിനും സമിതിക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

കെസിവൈഎം ഡയറക്ടർ

**സ്നേഹപൂർവ്വം ലാലച്ചനും, അനീഷച്ചനും**

കഴിഞ്ഞ ആറാണ്ടുകാലം കെസിവൈഎം പ്രസ്ഥാനത്തെ ജീവസ്സുറ്റതാക്കി, പച്ചകെടാതെ നിലനിർത്തിയ പ്രിയ ലാലച്ചന് ഹൃദയപൂർവ്വം നന്ദി. സാമൂഹിക വിഷയങ്ങളിൽ ഇടപ്പെട്ട് ഒരുപാട് കാര്യങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരാൻ അങ്ങേയ്ക്ക് സാധിച്ചു. ഒപ്പം തന്നെ മാനന്തവാടി രൂപത യുവത്വത്തിന്റെ ആത്മീയ പിതാവുമായിരുന്നു. എല്ലാറ്റിലുമുപരി ഞങ്ങളോടൊപ്പം നടന്ന പ്രിയ കൂട്ടുകാരനും, സാഹോദര്യ സൗഹൃദത്തിന്റെ ഊഷ്മളത പകർന്ന സഹോദരനുമായിരുന്നു. പ്രസ്ഥാന ചരിത്രത്തിൽ അങ്ങ് പതിപ്പിച്ച മുദ്ര കാലങ്ങൾക്കതീതമായി നിലകൊള്ളും എന്നത് തീർച്ച. ഭാവി പ്രവർത്തനങ്ങൾ കൂടുതൽ കരുത്തുള്ളതാകട്ടെ എന്നാശംസിക്കുന്നു.

പിന്നിട്ട  ഒരു വർഷം അനീഷച്ചനുമുണ്ടായിരുന്നു പ്രസ്ഥാനത്തോടൊപ്പം. ജീവനായും കൂട്ടായും, കരുത്തായും കൂടെനടന്ന അനീഷച്ചന്റെ സാന്നിധ്യം ഏറെവിലമതിക്കുന്നു. ഇനിയും കൂടെ ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. നന്ദി.

**സ്വാഗതം**

മാനന്തവാടി രൂപത കെസിവൈഎം യുവത്വത്തിന്റെ മാർഗ്ഗദർശിയായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട റോബിൻ പടിഞ്ഞാറയിൽ അച്ചന് കെസിവൈഎം കുടുംബത്തിലേയ്ക്ക് സ്വാഗതം. യുവാവായ ക്രിസ്തുവിന്റെ ദർശനങ്ങളോടൊപ്പം നടന്ന് ക്രിസ്തു മാർഗ്ഗത്തിലേയ്ക്ക് യുവതയെ നയിക്കുവാൻ സമൂഹമധ്യത്തിൽ  പ്രതിബന്ധതയുടെ സ്വരമാകുവാൻ ക്രിസ്തു ചൈതന്യവും, ക്രിസ്ത്വാനുഭവവും അങ്ങയെ നയിക്കട്ടെ എന്നാശംസിക്കുന്നു.

**അംഗത്വ നവീകരണം**

ജൂൺ–ജൂലൈ മാസങ്ങളിൽ കെസിവൈഎമ്മിന്റെ അംഗത്വ നവീകരണം നടത്തേണ്ടതാണ്. അംഗത്വം പുതുക്കുന്നതിന് 10 രൂപയും, പുതിയ അംഗത്വം എടുക്കുന്നതിന് 15 രൂപയുമാണ്. ഓഗസ്റ്റ് മാസം നാം ആചരിക്കുന്ന കെസിവൈഎം മാസാചരണത്തിന്റെ മുൻമ്പ് അംഗത്വ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**അർദ്ധവാർഷിക സെനറ്റ് – ജൂലൈ 7**

ഈ വർഷത്തെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 7 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മേഖലാസെനറ്റിൽ പാസ്സാക്കിയ റിപ്പോർട്ടാണ് രൂപതാസെനറ്റിൽ അവതരിപ്പിക്കേണ്ടത്. അതിനുമുൻപായി മേഖല സെനറ്റുകൂടി റിപ്പോർട്ട് പാസ്സാക്കുന്നകാര്യം ശ്രദ്ധിക്കുമല്ലോ.

**യുവജനദിനം – ജൂലൈ 8**

കെസിബിസി യൂത്ത് കമ്മീഷൻ ജൂലൈ 3–നു ശേഷം വരുന്ന ഞായറാഴ്ച്ചയാണ് യുവജനദിനമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ വർഷം ജൂലൈ 8 നാണ് നമ്മൾ യുവജനദിനമായി ആചരിക്കുന്നത് അന്നേദിവസം ചെയ്യാവുന്ന കാര്യങ്ങൾ

1. ഇടവകയിലെ എല്ലാ യുവജനങ്ങളുടെയും അജപാലന കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. യുവജനങ്ങളെ ഒരുമിച്ച് ചേർക്കുക, യുവജന സർവ്വേ പൂർത്തീകരിക്കുക.
2. യുവജനങ്ങൾക്കായി പ്രത്യേക വിശുദ്ധ കുർബ്ബാന, ധ്യാനം, പ്രാർത്ഥന, സെമിനാർ, യുവജനങ്ങളെയും സംഘടനാ പ്രവർത്തകരെയും ആദരിക്കൽ, ബൈബിൾ സ്റ്റഡി തുടങ്ങിയവ.
3. യുവജനങ്ങളുടെ ആത്മീയ ഭൗതീക ആവശ്യങ്ങൾക്കായുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുക.
4. യുവജനദിനത്തെ അവസ്മരണീയമാക്കുന്നവിധത്തിൽ ആത്മീയമോ സാമൂഹികമോ ആയ പരിപാടികൾ അന്നേദിവസം നടത്തുക.

**ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസാചരണം**

ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസമായി ആചരിക്കുകയാണ്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ചവയ്ക്കുന്ന യൂണിറ്റിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ആത്മീയം, സാമൂഹികം, ഭൗതീകം എന്നീ മേഖലകളായിരിക്കും സമ്മാനത്തിനായ് പരിഗണിക്കുക. (സെപ്റ്റംബർ 5 നോടകം ഓഫീസിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ മാത്രമെ പരിഗണിക്കുകയുള്ളൂ) പ്രവർത്തന മാസാചരണത്തിന്റെ ഭാഗമായി നടത്താവുന്ന കാര്യങ്ങൾ

1. കെസിവൈഎം പതാക ഉയർത്തുക.
2. കെസിവൈഎം ആന്തം ആലപിക്കുക.
3. അംഗത്വ നവീകരണം നടത്തുക.
4. മുൻകാല നേതാക്കൻമാരെ ആദരിക്കുക.
5. യൂത്ത് നൈറ്റ് സംഘടിപ്പിക്കുക.
6. കെസിവൈഎം വർക്ക്ക്യാമ്പ്/പ്രകൃതിപഠനക്യാമ്പ്/നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുക.
7. വൃദ്ധമാതാപിതാക്കളെയും, രോഗികളായവരെയും പള്ളിയിലെത്തിക്കുവാൻ സഹായിക്കുക.
8. ബസ്സ് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
9. വഴി- പ്രവർത്തന മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുക.

**പരിസ്ഥിതി ദിനാചരണം**

**വി. പൗലോസ്ശ്ലീഹ അനുസ്മരണം - ഉപന്യാസമത്സരം**

കെസിവൈഎമ്മിന്റെ മധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിവസമായ ജൂൺ 29 ന് സമുചിതമായി ആചരിക്കുന്നതിന്റെ ഭാഗമായി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഉപന്യാസമത്സരം സംഘടിപ്പിക്കുന്നു. 'ക്രിസ്തു ദാർശനീക യുവത്വം - വി. പൗലോസിന്റെ ദൈവശാസ്ത്ര പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ' എന്ന വിഷയത്തിൽ 10 പേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കി യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യ പത്രത്തോടൊപ്പം ജൂലൈ 7 ന് മുൻപായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. കെസിവൈഎം അംഗങ്ങൾക്കു മാത്രമെ പങ്കെടുക്കാനാവൂ. ഒരു യൂണിറ്റിൽ നിന്ന് 2 ഉപന്യാസങ്ങളാണ് രൂപതയിൽ നൽകേണ്ടത്.

**യുവതിക 2018**

രൂപതാ സമിതിയുടെ നേതൃത്വത്തിൽ വനിതകൾക്ക് വേണ്ടി യുവതിക 2018 ഏപ്രിൽ 27 മുതൽ 29 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 27 ന് 3 മണിക്കുതന്നെ രജിസ്ട്രേഷൻ ആരംഭിച്ചു. വൈകുന്നേരം 6 മണിക്ക് നടന്ന ഉദ്ഘാടന സമ്മേളനത്തിന് രൂപതാ വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി തേറുക്കാട്ടിൽ

അദ്ധ്യക്ഷത വഹിച്ചു. മാതൃഭൂമി ഷീ പുരസ്ക്കാര ജേതാവും ശാരീരിക വൈകല്യങ്ങളെ മറികടന്ന് അതിജീവനത്തിന്റെ മഹത്തായ പാഠങ്ങൾ ജീവിത ഉദ്ദാഹരണങ്ങളിലൂടെ പങ്കുവച്ച് മംഗലശ്ശേരി സ്വദേശി ശ്രീമതി കുംഭ യുവതിക 2018 ഉദ്ഘാടനം ചെയ്തു. പഴമയുടെ ശൈലിയും തുടിപ്പും നിലനിർത്തി പുതിയ തലമുറയുടെ ആവേശവും മാതൃകയുമായി മാറിയ ശീമതി കുംഭ ക്യാമ്പിന്റെ ഏറ്റവും വലിയ ആവേശമായിരുന്നു. രണ്ട് കാലുകൾ തളർന്നിട്ടും ജീവിതത്തിൽ ഒരുജോലിയും ചെയ്യാനാവില്ല എന്ന് ചിന്തിക്കാതെ മക്കളെയും കുടുംബാംഗങ്ങളെയും വളർത്തി ജീവിതത്തോട് നല്ല മനോഭാവം പുലർത്തി സകല മനുഷ്യരോടും സസ്യലതാദികളോടും സൗഹൃദം പുലർത്തി ജീവിതത്തിൽ വിജയിച്ച കുംഭാമ്മ യുവതികയുടെ ആകർഷകമായി മാറി. രൂപതാ പ്രസിഡണ്ട് ശ്രീ. ജിഷിൻ ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ ആനിമേറ്റർ സി. സ്മിത എസ്എബിഎസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കുമാരി അലീന ജോയി ശ്രീമതി കുംഭയെ സദസ്സിന് പരിചയപ്പെടുത്തി. ജനറൽ സെക്രട്ടറി ശ്രീ. സുബിൻ ജോസ് സമ്മേളനത്തിന് നന്ദി പറഞ്ഞു. തുടർന്ന് WSSS ൽ നിന്നുള്ള ശ്രീ. ജോസ് 'സ്ത്രീയും സാമ്പത്തീക സുരക്ഷയും' എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. അത്താഴത്തിനുശേഷം ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ ശ്രീ. ബിജു അരീപ്ലാക്കലും, ശ്രീ. അരുണും ഒരുമണിക്കൂർ പ്രയ്സ് ആന്റ് വർഷിപ്പ് നടത്തി.

രണ്ടാം ദിവസം രാവിലെ 6.30 ന് നടന്ന പ്രകൃതി ധ്യാനത്തിന് സി.സ്മിത എസ്എബിഎസ് നേതൃത്വം നൽകി. തുടർന്ന് നടന്ന വി. ബലിയ്ക്ക് അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ കാർമ്മികത്വം വഹിച്ചു. പുതിയ നിയമത്തിലെ സ്ത്രീകളെ പരിചയപ്പെടുത്തി അവരുടെ ക്രിസ്തു സ്നേഹം മാതൃകയാക്കുവാൻ അച്ചൻ യുവതികളെ ആഹ്വാനം ചെയ്തു. 9 മണിക്കു തന്നെ Stress Management നെ കുറിച്ച് സി. ലില്ലി SABS ക്ലാസ്സുകൾ ആരംഭിച്ചു. 11 മണിക്ക് വയനാട് ജില്ലാ വനിതാസെല്ലിന്റെ നേതൃത്വത്തിൽ സെൽഫ് ഡിഫെൻസ് ട്രെയിനിങ്ങ് പോലീസ് ഓഫീസർ ഷാബിന മാഡത്തിന്റെ നേതൃത്വത്തിലുള്ള 7 അംഗസംഘം പഠിപ്പിച്ചു. ഉച്ചയൂണിനുശേഷം എന്തിനു വിവാഹം, എന്തുക്കൊണ്ട് ക്രിസ്തീയ പങ്കാളിയെ വിവാഹം കഴിക്കണം എന്ന വിഷയത്തിൽ ശ്രീ. സെബാസ്റ്റ്യൻ പാലംപ്പറമ്പിൽ സർ ക്ലാസ്സുകൾ നയിച്ചു. ഗ്രൂപ്പ് ഗെയിംസിനും ജപമാല പ്രാർത്ഥനയ്ക്കും ശേഷം നടത്തപ്പെട്ട ക്യാമ്പ് ഫയർ യുവതികൾക്ക് വേറിട്ട ഒരനുഭവമായി.

3–ാം ദിവസം 6.45 ന് നടന്ന പ്രഭാതപ്രാർത്ഥനയ്ക്ക് ശേഷം റവ. ഫാ. വിനോദ് പാക്കാനിക്കുഴി വി. ബലിയർപ്പിച്ചു. തുടർന്ന് റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വിശ്വാസം, ഉത്തരവാദിത്വപൂർണ്ണ യൗവ്വനം, കുടുംബ ഭദ്രത എന്ന വിഷയത്തിൽ സംവാദം നടത്തി. 11 മണിക്ക് ജീവനും അനുബന്ധ പ്രശ്നങ്ങളും എന്ന വിഷയത്തിൽ ദ്വാരക ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ ഡോ. ശ്രുതി ക്ലാസ്സുകളെടുത്തു. തുടർന്നു നടന്ന വിലയിരുത്തലിനും, പൊതു സമ്മേളനത്തിനും ശേഷം രൂപത പ്രസിഡണ്ട് ജിഷിൻ പതാക താഴ്ത്തിയതോടെ ക്യാമ്പ് സമാപിച്ചു. മുൻ രൂപതാ പ്രസിഡണ്ടുമാരായ ശ്രീ. ആന്റണി മങ്കടപ്ര, ശ്രീ സജിൻ ചാലിൽ എന്നിവർ മൂന്നു ദിവസത്തെ ക്യാമ്പ് നയിച്ചു. രൂപതാ വൈസ്സ് പ്രസിഡണ്ട്, റോസ്മേരി, സെക്രട്ടറി അലീന ജോയി എന്നിവരുടെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഗ്രാലിയ, അഞ്ജലി എന്നിവരുടെ അദ്ധ്വാനവും , അക്ഷീണ പരിശ്രമവും ക്യാമ്പ് വിജയത്തിലെത്തിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ, ജനറൽ സെക്രട്ടറി സുബിൻ ജോസ്, കോഡിനേറ്റർ ആൽഫിൻ അമ്പാറയിൽ, ട്രഷറർ അഖിൽ പള്ളത്ത് എന്നിവരുടെ സാന്നിധ്യവും, സഹകരണവും ക്യാമ്പ് കൂടുതൽ സജീവമാക്കി.

**കൂടുംബ സംഗമം**

2012 മുതൽ രൂപത ഭാരവാഹികളായിരുന്നവരുടെ സംഗമം 13–5–18 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രാവിലെ 9.30 ന് നടന്ന വിശുദ്ധ ബലിക്ക് റവ. ഫാ. വിനോദ് പാക്കാനിക്കുഴി കാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ രൂപതാ പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് മുൻപ്രസിഡണ്ടുമാരായ ജിതേഷ് മുളയ്ക്കക്കുന്നേൽ, സജിൻ ചാലിൽ, ബിബിൻ ചെമ്പക്കര, ആന്റണി മങ്കടപ്ര, എബിൻ മുട്ടപ്പള്ളി, എന്നിവരും ഷംജിത്ത്, വിനു വാണിയപ്പള്ളി, ജസ്റ്റിൻ ചെഞ്ചട്ടയിൽ, റ്റിജോ പാറയ്ക്കൽ, റ്റോബി കൂട്ടുങ്കൽ, അജീഷ് പുല്ലാട്ടുകുടി എന്നീ ഭാരവാഹികളും സന്നിഹിതരായിരുന്നു. ജനറൽ സെക്രട്ടറി ശ്രീ. സുബിൻ സ്വാഗതം ആശംസിച്ചു. മുൻകാല അനുഭവങ്ങൾ പങ്കുവച്ചും പുതിയ ആശയങ്ങൾ മുന്നോട്ടുവച്ചും സംഘടനയെ ശക്തിപ്പെടുത്താൻ ഉതകുന്ന വിധത്തിലുള്ള ചർച്ചകൾകൊണ്ട് സജീവമായിരുന്നു കുടുംബ സംഗമം. ഭാരവാഹികളോടൊപ്പം പങ്കെടുത്ത കുടുംബാംഗങ്ങളുടെ സാന്നിധ്യം ഏറെ വിലപ്പെട്ടതായിരുന്നു. കെസിവൈഎം കുടുംബത്തിലെ കൂട്ടായ്മ വളർത്താനും, അഖണ്ഡത നിലനിർത്താനും, സാമുദായിക ബോധം വളർത്താനും, ഇത്തരത്തിലുള്ള കൂട്ടായ്മകൾ സഹായകമാകുമെന്ന് സമ്മേളനം വിലയിരുത്തി. ബഹുമാനപ്പെട്ട ലാലച്ചൻ കെസിവൈഎമ്മിന്റെ പ്രവർത്തന പന്ഥാവ് തനിക്കു സമ്മാനിച്ച ജീവിതാനുഭവങ്ങളെ ഓർമ്മിച്ചെടുത്ത് പങ്കുവച്ചു. ബഹുമാനപ്പെട്ട അനീഷ് കാട്ടാംകോട്ടിൽ

അച്ചൻ തന്റെ ഒരു വർഷത്തെ അനുഭവങ്ങളും പങ്കുവച്ചു. രൂപതാ കോഡിനേറ്റർ ആൽഫിൻ അമ്പാറയിൽ നന്ദി പറഞ്ഞു. വൈസ്സ് പ്രസിഡണ്ട് റോസ് മേരി തേറുക്കാട്ടിൽ പതാക താഴ്ത്തി, ഉച്ചഭക്ഷണത്തോടുകൂടി കുടുംബസമ്മേളനം അവസാനിച്ചു. സെക്രട്ടറി അലീന ജോയി, ട്രഷറർ അഖിൽ പള്ളത്ത്, സിൻഡിക്കേറ്റ് മെംമ്പേഴ്സ് അഞ്ജലി, റ്റിബിൻ എന്നിവർ നേതൃത്വം നൽകി.

**ആത്മജ്വാല 2018**

രൂപതാ സമിതിയുടെയും ചുങ്കക്കുന്ന് മേഖലാ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ചുങ്കക്കുന്ന് ഫാത്തിമമാതാ ദേവാലയത്തിൽ വച്ച് മെയ് 19 ശനിയാഴ്ച്ച വൈകുന്നേരം 6 മണിമുതൽ 20 രാവിലെ 6 മണിവരെ ആത്മജ്വാല പന്തക്കുസ്താ ജാഗരണ പ്രാർത്ഥന സംഘടിപ്പിച്ചു ഭയവിഹ്വലരായ ശിഷ്യരുടെമേൽ ആത്മാഭിഷേകം ലഭിച്ചപ്പോൾ ധീരതയോടെ ക്രിസ്തു സാക്ഷികളായി മാറിയതുപ്പോലെ ക്രൈസ്തവ ദർശനങ്ങളിലൂന്നിയ സാമൂഹിക പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഈ ജാഗരണ പ്രാർത്ഥന യുവസമൂഹത്തെ സഹായിച്ചു. പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വിനോദ് പാക്കാനിക്കുഴിയച്ചനും, സി. സുമ എസ്എബിഎസ്, സി. റോസ്മിൻ എസ്എബിഎസ് എന്നിവർക്കും ടീമിനും, സ്ഥലസൗകര്യങ്ങളൊരുക്കിതന്ന ചുങ്കക്കുന്ന് ഫെറോന വികാരി ബഹുമാനപ്പെട്ട വിൻസെന്റ് കളപ്പുരയച്ചനും, അസിസ്റ്റന്റ് വികാരി സന്തോഷ് ഒറവന്തറയച്ചനും നന്ദി. പ്രസിഡണ്ട് ജിഷിൻ, ജിജോ താന്നിവേലി, ജനറൽ സെക്രട്ടറി സുബിൻ, ട്രഷറർ അഖിൽ പള്ളത്ത്, കോഡിനേറ്റർ ആൽഫിൻ അമ്പാറയിൽ, ആനിമേറ്റർ സി. സ്മിത എസ്എബിഎസ് സിൻഡിക്കേറ്റ് അംഗങ്ങളായ എബിൻ, ജിജോ പൊടിമറ്റം എന്നിവർ നേതൃത്വം നൽകി.

**യൂണിറ്റ് വാർത്തകൾ**

**പാലേമാട് യൂണിറ്റ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ യുവതിക വനിത ക്യാമ്പിൽ യൂണിറ്റിൽ നിന്നും 2 പേർ സംബന്ധിച്ചു. എല്ലാ ശനിയാഴ്ചകളിലും യുവജനങ്ങൾ ഒരുമിച്ച് ഒരു മണിക്കൂർ ആരാധന നടത്തുന്നു.

**പാറത്തോട്ടം യൂണിറ്റ്**

ഏപ്രിൽ 28 ന് യുവജനങ്ങൾക്കുവേണ്ടി ഒരുമണിക്കൂർ ആരാധനയും, 29-ന് യൂണിറ്റ് ആനിമേറ്റർ സി.ഹെലന SD യ്ക്ക് യാത്രയയപ്പും സംഘടിപ്പിച്ചു. കുഞ്ഞുവർക്കിച്ചേട്ടന്റെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**സുബിൻ ജോസ് കൊഴുപ്പാംതടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മെയ് 6 മുതൽ 9 വരെ നടന്ന MPC യിൽ 108 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ജൂൺ 10- 13 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ 08-11 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 12-15 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**നന്ദിയുടെ നറുമലരുകൾ**

മാനന്തവാടി രൂപത കുടുംബപ്രേഷിതത്വം ഓഫീസ് സെക്രട്ടറിയായി കഴിഞ്ഞ അഞ്ചു വർഷങ്ങൾ സേവനം ചെയ്ത ബഹു. സി. എമിലി SH-ന് ഹൃദ്യമായ നന്ദി. കഠിനാധ്വാനവും സേവനസന്നദ്ധതയും തികഞ്ഞ ഉത്തരവാദിത്വബോധവും സി. എമിലിക്ക് കൈമുതലായുണ്ടായിരുന്നു. ഓഫീസ് കാര്യനിർവ്വഹണത്തിലും വിവാഹ ഒരുക്ക കോഴ്സിന്റെ നടത്തിപ്പിലും മാതൃവേദി, മരിയൻ സിംഗിൾസ് എന്നീ കൂട്ടായ്മയുടെ വളർച്ചയിലും പ്രവർത്തനങ്ങളിലും സിസ്റ്ററിന്റെ സഹായം വിലമതിക്കാനാവാത്തതാണ്. മണിമൂളിയിലെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ വിജയാശംസകളും ദൈവാനുഗ്രഹങ്ങളും നേരുന്നു.

കുടുംബ പ്രേഷിതത്വം മേഖലാ ഡയറക്ടറായി സേവനം ചെയ്ത് പുതിയ ഇടവകകളിലേക്ക് സ്ഥലംമാറി പോകുന്ന ബഹു. അച്ചന്മാർക്ക് രൂപതാ കുടുംബ പ്രേഷിതത്വത്തിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു. ബഹു. സെബാസ്റ്റ്യൻ ഇലവനാപ്പാറയച്ചൻ മണിമൂളി മേഖലയിലും, ബഹു. സജി കൊച്ചുപാറക്കൽ അച്ചൻ തരിയോട് മേഖലയിലും, ബഹു. ജോജോ ഔസേപറമ്പിൽ അച്ചൻ മാനന്തവാടി മേഖലയിലും, ബഹു. ജോയി പുല്ലൻകുന്നേൽ അച്ചൻ നടവയൽ മേഖലയിലും ഡയറക്ടർമാരായിരുന്നു. രൂപതാ മാതൃവേദിയെ വളർത്തുന്നതിൽ ബഹു. അച്ചന്മാർ ചെയ്ത ശുശ്രൂഷകളെ അഭിനന്ദിക്കുന്നു. പുതിയ പ്രവർത്തന മണ്ഡലങ്ങളിൽ എല്ലാവിധ വിജയങ്ങളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

വിവാഹഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തും കുമ്പസാരിപ്പിച്ചും കുർബാന ചൊല്ലിയും സഹായിച്ചിരുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പുത്തേൽ, ജെസ്റ്റിൻ മുത്താനിക്കാട്ട്, റോയി വട്ടക്കാട്ട്, അനൂപ് കാളിയാനിയിൽ, ബിജു തുരുത്തേൽ, ജോജോ ചങ്ങനാംതുണ്ടത്തിൽ, ബിജു തൊണ്ടിപറമ്പിൽ എന്നീ അച്ചന്മാർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. പുതിയ ശുശ്രൂഷാരംഗങ്ങളിൽ അവർക്ക് ദൈവാനുഗ്രഹം ആശംസിക്കുന്നു.

**സ്വാഗതം**

രൂപതാ കുടുംബ പ്രേഷിതത്വം ഓഫീസ് സെക്രട്ടറിയായി ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്ന ബഹു. സി. റെജിൻ കാപ്പിൽ SH-ന് ഹൃദ്യമായ സ്വാഗതം. ഗൗരവമായ ഈ ഉത്തരവാദിത്വം തീക്ഷ്ണതയോടെ ഏറ്റെടുക്കുവാനും നിർവ്വഹിക്കുവാനും സി. റെജിന് സാധിക്കട്ടെ എന്ന് ആശംസിക്കന്നു.

**മരിയൻ സിംഗിൾസ്**

രൂപതയിലെ ഏകസ്ഥരുടെ കൂട്ടായ്മയായ മരിയൻ സിംഗിൾസ് പതിവുപോലെ എല്ലാമാസവും ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നു, ക്ലാസുകൾ നടത്തുന്നു. മാർച്ചു മാസത്തിൽ എറണാകുളത്തു സംഘടിപ്പിച്ച മരിയൻ സിംഗിൾസ് മീറ്റിംഗിലും സെമിനാറിലും രൂപതയിൽ നിന്ന് 3 പേർ പങ്കെടുത്തു. ഈ കൂട്ടായ്മയിലെ സജീവ അംഗമായിരുന്ന ക്ലാര തേക്കിലക്കാട്ടിൽ മഞ്ഞൂറ കർത്താവിൽ നിദ്രപ്രാപിച്ചു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**മാതൃവേദി**

മെയ് 17-ന് മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. സംഘടനാ പ്രവർത്തനങ്ങൾ വിലയിരുത്തി. ഈ വർഷത്തെ രൂപതാ നിയമാവലിക്കനുസരിച്ച് ഇടവകകളിൽ സംഘടന സജീവമായി പ്രവർത്തിക്കുന്നു. യുവജനവർഷത്തിൽ യുവജനങ്ങൾക്കായുള്ള പ്രാർത്ഥനാ ശുശ്രൂഷകൾ അമ്മമാർ വളരെ സജീവമായി നടത്തുന്നു.

ഏപ്രിൽ മാസത്തിൽ നടന്ന മാതൃവേദി അന്താരാഷ്ട്ര സെനറ്റിൽ രൂപതാ സെനറ്റംഗങ്ങൾ പങ്കെടുത്തു.

മാതൃവേദി ഫണ്ട് സ്വരൂപണാർത്ഥം നടത്തിയ സംഭാവനാ കൂപ്പൺ നറുക്കെടുപ്പിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ മെയ് 1-ന് രൂപതാദിന ആഘോഷത്തിൽവച്ച് വിതരണം ചെയ്തു. 1-ാം സമ്മാനം -സ്വർണ്ണനാണയം: മരിയ മാത്യു അമ്പലത്തിങ്കൽ ചെന്നലോട്, 2 -ാം സമ്മാനം -പ്രഷർകുക്കർ: ജോസഫ് വെണ്ണമറ്റത്തിൽ കല്ലോടി, 3-ാം സമ്മാനം -സാരി: മറിയം നെടുമ്പാറ നെല്ലിയോടി. എല്ലാ ശാഖകളിലേയും ഒരാൾക്കു വീതം പ്രോത്സാഹന സമ്മാനം നല്കുന്നുണ്ട്.

രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾവഴി അവ വിതരണം ചെയ്യുന്നതാണ്.

**കൈയ്യെഴുത്തുമാസിക**

യുവജനവർഷത്തോടനുബന്ധിച്ച് രൂപതാ മാതൃവേദി കൈയ്യെഴുത്തുമാസിക മത്സരം സംഘടിപ്പിക്കുന്നുണ്ട്. വിഷയം: 'എക്ചേ ഫീലിയൂസ് തൂഊസ്' ഇതാ നിന്റെ മകൻ. യോഹ.19:26.

നിബന്ധനകൾ: A4 സൈസ് പേപ്പർ ഉപയോഗിക്കുക. കവർപേജ് കൂടാതെ 50 മുതൽ 60 വരെ പേജുകൾ മാത്രം, പേപ്പറിന്റെ ഒരു വശത്തു മാത്രം എഴുതുക, പേജ് നമ്പർ ഇടണം, പ്രിന്റ് ചെയ്ത പേജുകൾ പാടില്ല, കവർ പേജിൽ ചിത്രമുണ്ടെങ്കിൽ വരച്ചതോ പെയിന്റിങ്ങോ ആകണം. മാതൃവേദി അംഗങ്ങളുടെ രചനകളായിരിക്കണം, ക്രമീകരണം അമ്മമാർതന്നെ ചെയ്യണം, നല്ല കൈയ്യക്ഷരത്തിൽ പകർത്തുക. അക്ഷര ഭംഗി, ഉള്ളടക്കത്തിന്റെ വൈവിധ്യം എന്നിവ പ്രധാനപ്പെട്ടത്. കഥ (2 പേജ്) കവിത (1 പേജ്) ഉപന്യാസം (3 പേജ്) അനുഭവക്കുറിപ്പുകൾ (2 പേജ് വരെ) നുറുങ്ങുകൾ, പെൻസിൽ സ്കെച്ച്, പൊടിക്കൈകൾ തുടങ്ങിയവ ഉള്ളടക്കത്തിൽ ചേർക്കാം. കൈയ്യെഴുത്തുമാസികയുടെ പേര് രൂപത മുഴുവൻ ഒന്നുതന്നെയായിരിക്കും. സെപ്റ്റംബർ 15-ന് മുമ്പായി ഇവ മേഖലയിൽ സമർപ്പിക്കുക. മേഖലയിലെ ഏറ്റവും മികച്ച ഒരെണ്ണം മാത്രം നവംബർ 1 ന് മുമ്പ് രൂപതയിൽ എത്തിക്കണം. വിശദവിവരങ്ങൾ ഇടവകകളിലേക്ക് കത്തുകൾ വഴി അറിയിക്കുന്നതാണ്.

**മേഖലാ വാർത്തകൾ - തരിയോട്**

24.04.18.ന് പന്തിപൊയിലിൽവെച്ച് ഏക്സിക്യുട്ടീവ് യോഗം ചേർന്നു. അംഗത്വംചേരാനുള്ള ഫോം മേഖലാതലത്തിൽ അടിപ്പിച്ച് ശാഖകൾക്ക് വിതരണം ചെയ്തു. മെയ് മാസത്തിൽ തരിയോട് മേഖലയുടെ ചെയിൻ റോസറി ചെല്ലേണ്ട ദിവസങ്ങൾ ഓരോ ശാഖയും തിരിച്ചുകൊടുത്തു. ഡയറക്ടർ ബഹു. സജി കൊച്ചുപാറക്കൽ അച്ചന്റെ നേതൃത്വത്തിൽ വിനോദയാത്രയായി എക്സിക്യൂട്ടീവ് അംഗങ്ങൾ പടിഞ്ഞാറത്തറ ഡാം, പുഷ്പ്പോത്സവ് എന്നിവ കാണുവാൻ പോയി

**ശാഖാവാർത്തകൾ - പോരൂർ**

മേഖലയോട് ചേർന്ന് ഇടവകയിലെ അമ്മമാർ ഗവമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണമുണ്ടാക്കാൻ സഹായിച്ചു. രോഗികളെ സന്ദർശിച്ചു പ്രർത്ഥിച്ചു.

**ഇരുളം**

ആദ്യകുർബാന സ്വീകരിക്കാൻ ഒരുങ്ങുന്ന കുട്ടികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അമ്മമാർ സംഭാവനയായി 6000 രൂപ നൽകി. ലഹരി വസ്തുക്കൾക്കടിമപ്പെട്ടവരും

എന്നാൽ മാനസാന്തരപ്പെട്ടവരുമായവർക്ക് നിലനിൽപ്പിന്റെ വരം ലഭിക്കുന്നതിനായി എല്ലാ ദിവസവും അമ്മമാർ 3 മണിക്ക് കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു.

**കാരക്കാമല**

ജില്ലാ ആശുപത്രിയിൽ ഭക്ഷണം നൽകി. മാനന്തവാടി ഗവ. ആശുപത്രിയിലെ രോഗികൾക്കു നൽകിവരുന്ന ഭക്ഷണത്തിനുള്ള തുക സെന്റ് ലിറ്റിൽ ഫ്ളവർ വാർഡിലെ മാതൃവേദിയംഗങ്ങൾ നൽകി. ദമ്പതികൾക്ക് സെമിനാർ നടത്തി. വിവാഹം കഴിഞ്ഞിട്ട് 40 വർഷത്തിൽ താഴെ ആയിട്ടുള്ളവർക്കായി ഏപ്രിൽ 22-ാം തീയതി ഞായറാഴ്ച ക്ലാസ് നടത്തി. സ്ത്രീ-പുരുഷ മനഃശാസ്ത്രം എന്ന വിഷയം ബഹു. ഷാജി തൃശൂർ സാർ അവതരിപ്പിച്ചു. 150 പേർ പങ്കെടുത്തു.

**വാഴവറ്റ**

പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്കുവേണ്ടി തിരുഹൃദയ ജപമാല നടത്തി. യുവജനങ്ങൾക്കുവേണ്ടി കരുണയുടെ ജപമാല നടത്തി. ഏപ്രിൽ 28 ന് വി.ജാന്ന ബെറേറ്റ മോള്ളയുടെ തിരുനാൾ ആഘോഷിച്ചു. അഖണ്ഡ ജപമാല, ജാഗരണ പ്രാർത്ഥന എന്നിവ നടത്തി. കൂടാതെ പച്ചക്കറി വിൽപ്പന നടത്തി. ഭവനസന്ദർശനവും രോഗീസന്ദർശനവും നടത്തി.

**ചുങ്കക്കുന്ന്**

ഏപ്രിൽ മാസം മരിച്ച 7 പേരുടെ ഭവനങ്ങൾ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. സെന്റ് കമില്ലസ് ഹോസ്പിറ്റലിൽ രോഗീസന്ദർശനം നടത്തി. രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. എല്ലാ ബുധനാഴ്ചകളിലും വാർഡ് തലത്തിലും വ്യക്തിപരമായും കരുണകൊന്ത ചൊല്ലി യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരു അമ്മച്ചിക്ക് ഭവന നിർമ്മാണത്തിന് 5000-രൂപയും ഒരു കുട്ടിയുടെ ആദ്യകുർബാന സ്വീകരണത്തിന് 2000 രൂപയും നൽകി സഹായിച്ചു. സ്വയം തൊഴിലിന്റെ ഭാഗമായി സോപ്പ്, സോപ്പുപൊടി മുതൽ 14 ഇനം സാധനങ്ങൾ ഉണ്ടാക്കാൻ പഠിക്കുകയും അർദ്ധ ഗവ. സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. 3 സിസ്റ്റേഴ്സും 17 അമ്മമാരും പങ്കെടുത്തു. മെയ്മാസ വണക്കം, ജപമാല, വി.കുർബാന ഇവ ഈ മാസം മുടങ്ങാതെ നടത്തുവാൻ അതത് യൂണിറ്റ് ഭാരവാഹികൾ അമ്മമാരെ ഫോണിലൂടെ വിളിച്ച് അറിയിച്ചു.

**പറളിക്കുന്ന്**

മാതൃവേദിയുടെനേതൃത്വത്തിൽ വേളാങ്കണ്ണി തീർത്ഥയാത്ര നടത്തി. 50 പേർ പങ്കെടുത്തു. വി.ഗീവർഗ്ഗീസ്സിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. സ്നേഹവിരുന്നിനാവശ്യമായ അപ്പം മാതൃവേദിയംഗങ്ങൾ കൊണ്ടുവന്നു.

**കളത്തുവയൽ**

7.4.18- ന് ജാഗരണ പ്രാർത്ഥന നടത്തി. 27.4.18.ന് ഓസാനാം ഭവൻ സന്ദർശിക്കുകയും പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവ നൽകുകയും അവരെ ശുശ്രൂഷിക്കുകയും അവർക്കുവേണ്ട സമ്പത്തിക സഹായം നൽകുകയും ചെയ്തു. 30.4.18.ന് രോഗിസന്ദർശനം നടത്തി.

**പൂളപ്പാടം**

ഏപ്രിൽ 20-ാം തീയതി മാതൃവേദി നൊവേന പ്രാർത്ഥന നടത്തി. 27.4.18.ന് മാതൃവേദി വാർഷികം ആഘോഷിച്ചു. തിരുവാതിര അവതരിപ്പിച്ചു.

**ബത്തേരി അസംപ്ഷൻ**

ഏപ്രിൽ 29-ന് എടപ്പെട്ടിയിലുള്ള ബാലഭവൻ സന്ദർശിച്ചു. വീടുകളിൽ നിന്ന് തയ്യാറാക്കികൊണ്ടുവന്ന പലഹാരങ്ങൾ കുട്ടികൾക്ക് കൊടുത്തു. അവർക്ക് അത്യാവശ്യകാര്യങ്ങൾക്കായി 5000-രൂപകൊടുത്തു. ഏപ്രിൽ 26-ന് സദുപദേശത്തിന്റെ മാതാവിന്റെ തിരുനാളും 28-ന് വി. ജാന്ന ബരേറ്റ മോള്ളയുടെ തിരുനാളും സമുചിതമായി ആഘോഷിച്ചു. വി.ഗീവർഗ്ഗീസിന്റെ തിരുനാളിന് മാതൃവേദി അംഗങ്ങൾ വീടുകളിൽനിന്നും നേർച്ചഅപ്പം കൊണ്ടുവന്നു. വിവാഹതടസ്സം നേരിടുന്ന യുവജനങ്ങൾക്കുവേണ്ടി അംഗങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ഒന്നിച്ചു ചേർന്ന് അഖണ്ഡ വചനവായന നടത്തി പ്രാർത്ഥിച്ചു. ഏപ്രിൽ 22-ന് ലോക ദൈവവിളി ദിനത്തോടനുബന്ധിച്ച് ദൈവവിളിക്കായി പ്രത്യേകം പ്രാർത്ഥിച്ചു.

**കോട്ടത്തറ**

13.04.18-ന് അംഗങ്ങൾ രോഗീസന്ദർശനം നടത്തി. ഡയറക്ടർ റവ. ടോമി കൊച്ചുപാറക്കൽ അച്ചന്റേയും ആനിമേറ്റർ സി. ആൻസി ജോസിന്റേയും നേതൃത്വത്തിൽ മലയാറ്റൂർ, ഭരണങ്ങാനം, വല്ലാർപാടം എന്നിവിടങ്ങളിലേക്ക് അംഗങ്ങൾ തീർത്ഥാടനം നടത്തി. കൽപറ്റ കൈനാട്ടിയിലുള്ള ഗവ.ഹോസ്പിറ്റലിലെ രോഗികൾക്ക് ഒരു ദിവസത്തെ ഉച്ചഭക്ഷണത്തിന് 1500 രൂപ നല്കി ഹോസ്പിറ്റൽ മിനിസ്ട്രിയിൽ സഹകരിച്ചു. കമ്മനയിലുള്ള ഗാന്ധി സദൻ അഗതി മന്ദിരത്തിൽ പ്രഭാതഭക്ഷണത്തിനായി 500 രൂപയും, കുറച്ചുവസ്ത്രങ്ങളും നൽകി അവർക്ക് സാന്ത്വനമായി.

**കയ്യൂന്നി**

ഈസ്റ്റർ ദിനത്തിൽ കോളനി സന്ദർശിച്ച് കോളനി നിവാസികൾക്ക് മുട്ട വിതരണം നടത്തി. രണ്ട് രോഗികളെ സന്ദർശിക്കുകയും സാമ്പത്തികമായി 850 രൂപ വീതം നൽകുകയും ചെയ്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (5-5-18)**

മെയ് മാസത്തിലെ ആദ്യവെള്ളി ശുശ്രൂഷകൾ രാവിലെ 10 മണിക്ക് ആരംഭിച്ചു. തുടർന്ന് കുമ്പസാരം 12 മണിക്ക് സഹനജപമാല, കുരിശിന്റെ വഴി, 3 മണിയോടെ ടീം മീറ്റിംഗ് ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ നടത്തി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. സ്തുതി ആരാധനയ്ക്കുശേഷം ബഹു. ജോജോ ചങ്ങനാംതുണ്ടത്തിലച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. രാത്രി 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (7-5-18)**

മെയ് മാസം 6-ാം തീയതി രാവിലെ 6 മണിക്ക് കൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷകൾ ആരംഭിച്ചു. ബഹു. ഡയറക്ടറച്ചനും ടീമംഗങ്ങളും പരി. അമ്മയുടെ സന്നിധിയിൽ ത്യാഗപൂർവ്വം സഹനജപമാല നടത്തി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. 8.45 ന് കൺവെൻഷൻ സമാപിച്ചു. ബഹു. നോബിൾ പറക്കലച്ചൻ വചനപ്രഘോഷണം നടത്തി. 12 മണിക്ക് റവ. ഫാ. സണ്ണി മഠത്തിൽ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ആതുരസേവനത്തിലും മിഷൻരംഗങ്ങളിലും ശുശ്രൂഷ ചെയ്യുന്നവരെ പ്രത്യേകം അനുസ്മരിച്ചുകൊണ്ടുള്ള ഒരു കൺവെൻഷനായിരുന്നു ഇത്. സ്പിരിച്ചൽ ഷെയറിംഗ്, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം, അനുഭവസാക്ഷ്യം എന്നിവയ്ക്കുശേഷം 3.30 ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാംവെള്ളി തൂവാനീസ & വിധവാസംഗമം (12-5-18)**

മെയ് 12 ന് തൂവാനീസ-വിധവാകൂട്ടായ്മയിലുള്ളവർ ഒരുമിച്ച് കൂടി രാവിലെ 9.30 മുതൽ ഏകദിന പ്രാർത്ഥന ആരംഭിച്ചു. ബഹു. സോണിയച്ചൻ വി.കുർബാന അർപ്പിച്ചു. ആരാധന, ഗ്രൂപ്പ് ഷെയറിംഗ് എന്നീ ശുശ്രൂഷകൾ നടത്തി. ബഹു. സി. റീന MSMI ക്ലാസ്സ് എടുത്തു.

**രണ്ടാംശനി - പൊതുസ്പിരിച്ചൽ ഷെയറിംഗ് (13-5-18)**

രണ്ടാം വെള്ളിയാഴ്ച കൗൺസിലേഴ്സ് 4 മുതൽ 8 മണി വരെ ഒരുമിച്ച് കൂടി പ്രാർത്ഥിച്ചു. ശനിയാഴ്ച രാവിലെ 9 മുതൽ 4 മണി വരെ നടന്ന സ്പിരിച്ചൽ ഷെയറിംഗിൽ 100 ലധികം പേർ പങ്കെടുത്തു.

**ദമ്പതീധ്യാനം (13-17)**

സീയോൻ ശുശ്രൂഷകളുടെ നേതൃത്വത്തിൽ മെയ് 13-17 തീയതികളിൽ സീയോനിൽ വെച്ച് ദമ്പതികൾക്കുവേണ്ടിയുള്ള താമസിച്ചുള്ള ധ്യാനം നടത്തപ്പെട്ടു.

**മൂന്നാംവെള്ളി - ജാഗരണ പ്രാർത്ഥന (18-5-18)**

മെയ് 18-ാം തീയതി വൈകുന്നേരം 6 മുതൽ രാവിലെ 5 വരെ സീയോൻ ടീമിന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടന്നു.

**സീയോൻ ജൂൺ മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 1 വെള്ളി | - | എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ജൂൺ 2 ശനി | - | ഏകദിന കൺവെൻഷൻ |
| ജൂൺ 8 വെള്ളി | - | തൂവാനീസ, വിധവാ പ്രാർത്ഥനാദിനം കൗൺസിലേഴ്സ് പ്രാർത്ഥനാദിനം |
| ജൂൺ 9 ശനി | - | പൊതു സ്പിരിച്ച്വൽ ഷെയറിംഗ് |
| ജൂൺ 15 വെള്ളി | - | ജാഗരണ പ്രാർത്ഥന |
| ജൂൺ 17-21 | - | ആന്തരികസൗഖ്യ ധ്യാനം |
| ജൂൺ 23 നാലാം ശനി | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

**ശതാബ്ദിയും സമുദായ മഹാസംഗമവും**

"മതേതരത്വം രാഷ്ട്രപുരോഗതിയ്ക്ക്" എന്ന മുദ്രാവാക്യവുമായി കത്തോലിക്കാ കോൺഗ്രസ്സിന്റെ ശതാബ്ദി സമാപന സമ്മേളനം മെയ് 11,12,13,14 തീയതികളിൽ തൃശൂരിൽ നടക്കുകയുണ്ടായി.

സമൂഹത്തിന്റെയും സമുദായത്തിന്റെയും ഉന്നതിക്കായി നമ്മുടെ പൂർവ്വികർ ചെയ്ത ത്യാഗോജ്ജ്വലമായ സേവനങ്ങളെ അനുസ്മരിക്കുകയും സഭയുടെയും സമുദായത്തിന്റെയും കൂട്ടായ്മ പ്രഖ്യാപിക്കുവാനും മഹാസമ്മേളനത്തിലൂടെ കഴിഞ്ഞു. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവും സഭാപിതാക്കന്മാരും സമുദായനേതാക്കളും പങ്കെടുത്തു.

ലോകമെമ്പാടുമുള്ള സീറോ മലബാർ കത്തോലിക്കരെ ഒരു കുടക്കീഴിൽ അണിനിരത്തി സമുദായവും പൊതുസമൂഹവും നേരിടുന്ന പ്രശ്നങ്ങൾക്കും, കാർഷിക അവഗണനകൾക്കും, മതേതരത്വത്തിനെതിരെയുള്ള വെല്ലുവിളികൾക്കും പരിഹാരം കാണുവാൻ വേണ്ടിയുള്ള ചിന്തകളും പ്രഭാഷണങ്ങളും പ്രബന്ധങ്ങളും സമുദായത്തിനും സമൂഹത്തിനും പുത്തൻദിശാബോധം നൽകുന്നതായിരുന്നു.

**സമുദായശക്തി പ്രകടിപ്പിച്ച മഹാറാലി**

സഭയുടെയും സമുദായത്തിന്റെയും കൂട്ടായ്മ പ്രഖ്യാപിച്ച മഹാറാലി പതിനായിരക്കണക്കിനാളുകൾ അണിനിരന്നപ്പോൾ തൃശൂർ പട്ടണത്തെ മഞ്ഞയും വെള്ളയുമണിയിച്ച് കേരള ചരിത്രത്തിൽ തന്നെ അടുത്തകാലത്തൊന്നും കാണാത്തവിധത്തിലുള്ള ജന പങ്കാളിത്തമാണ് മഹാറാലിയിൽ പ്രകടമായത്. കേരളത്തിലെ സീറോ മലബാർ രൂപതകളിൽ നിന്നും ലക്ഷത്തിലേറെയാളുകളാണ് മഹാറാലിയിൽ പങ്കെടുത്തത്.

നമ്മുടെ രൂപതയിൽ നിന്നും ആയിരത്തോളമാളുകൾ പങ്കെടുത്തു. പങ്കെടുക്കാൻ പ്രചോദിപ്പിച്ച പ്രോത്സാഹിപ്പിച്ച അഭിവന്ദ്യ മാർ ജോസ് പിതാവിനെയും രൂപത ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിയേയും രൂപതാ സമിതിയെയും ഫൊറോന വികാരിമാരെയും ഫൊറോന ഡയറക്ടർമാരെയും ഫൊറോന സമിതികളെയും വികാരിയച്ചന്മാരെയും യൂണിറ്റ് ഭാരവാഹികളെയും നന്ദി അറിയിക്കട്ടെ. തുടർന്നും ഏവരുടെയും പ്രചോദനവും പ്രോത്സാഹനവും പ്രാർത്ഥനയും ഉണ്ടാകുമല്ലോ.

**ഗ്ലോബൽ പ്രതിനിധി സമ്മേളനം**

സഭയും സമുദായവും നേരിടുന്ന വിവിധ വിഷയങ്ങൾ ചർച്ചയ്ക്കും പഠനങ്ങൾക്കും വിധേയമാക്കിയ പ്രതിനിധി സമ്മേളനത്തിൽ വിവിധ രൂപതകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുനൂറിൽ അധികം പേർ പങ്കെടുത്തു. നമ്മുടെ രൂപതയിൽ നിന്നും റവ.ഫാ. ആന്റോ മമ്പള്ളി, ഡോ. കെ.പി. സാജു, വർക്കി നിരപ്പേൽ, ജോർജ്ജുകുട്ടി വിലങ്ങപ്പാറ, പീറ്റർ ഞരളക്കാട്ട്, എൻ. എം. ജോസ് നമ്പ്യാപറമ്പിൽ, ജോയി ചെട്ടിമട്ടേൽ, ജോൺസൺ വടക്കേക്കുറ്റിയാനി, സാബു മാങ്കുത്തേൽ എന്നിവർ പങ്കെടുത്തു. മാനന്തവാടി രൂപത ഉൾപ്പെടുന്ന ജനങ്ങളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ഗ്ലോബൽ സമിതിയിൽ അവതരിപ്പിച്ചു.

**എൻ. എം. ജോസ് നമ്പ്യാപറമ്പിലിനെ ആദരിച്ചു**

മാനന്തവാടി രൂപതാ കത്തോലിക്കാ കോൺഗ്രസ്സ് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന എൻ. എം. ജോസ് നമ്പ്യാപറമ്പിലിനെ ഗ്ലോബൽ പ്രതിനിധി സമ്മേളനത്തിൽ വെച്ച് ആദരിച്ചു. തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പൊന്നാട അണിയിക്കുകയും മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. എൻ.എം. ജോസ് നമ്പ്യാപറമ്പിലിന് മാനന്തവാടി രൂപതാസമിതിയുടെ അനുമോദനങ്ങൾ നേരുന്നു.

**രൂപതാ സമിതി യോഗം**

2018 മെയ് 1 ന് വൈകുന്നേരം 3.30 ന് രൂപതാ സമിതിയോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. തൃശൂരിൽ വെച്ച് നടക്കുന്ന ശദാബ്ദിയാഘോഷങ്ങളെ കുറിച്ചും സമുദായ മഹാസംഗമത്തെ കുറിച്ചും ചർച്ച ചെയ്തു. ഫൊറോനാ തലത്തിൽ സമുദായാംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനുവേണ്ടി ഫൊറോനാതല സമിതികൾ വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിന് പ്രവർത്തക സമിതിയംഗങ്ങളെ ചുമതലപ്പെടുത്തി.

**ഗ്ലോബൽ സമിതി ഡയറക്ടറുടെ സന്ദർശനം**

ഗ്ലോബൽ സമിതി ഡയറക്ടർ റവ. ഫാ. ജിയോ കടവി രൂപതാ എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുക്കുകയും രൂപതാതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഗ്ലോബൽ സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് രൂപത സമിതിയുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു. ശതാബ്ദിയാഘോഷങ്ങൾക്കും സമുദായ മഹാസംഗമത്തിനും വേണ്ടിയുള്ള ഒരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യപിതാവിനെ കാണു

കയും ശതാബ്ദിയാഘോഷ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. രൂപതാ സന്ദർശനം നടത്തിയ ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജിയോ കടവിയ്ക്ക് മാനന്തവാടി രൂപതയുടെ നന്ദി അറിയിക്കട്ടെ.

**ഫൊറോനാ തല വാർത്തകൾ– ചുങ്കക്കുന്ന് ഫൊറോന**

കത്തോലിക്കാ കോൺഗ്രസ്സ് ചുങ്കക്കുന്ന് ഫൊറോനയിലെ എല്ലാ ഇടവകകളിലേയും യൂണിറ്റുകൾ സജീവമാക്കുന്നതിനും സമുദായ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഫൊറോനാ തല സമിതിയോഗം തീരുമാനിച്ചു. ഫൊറോനാ വികാരി റവ. ഫാ. വിൻസെന്റ് കളപ്പുരയിൽ യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ജോയി തെക്കേമല അദ്ധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ റവ. ഫാ. ജോണി കപ്യാരുമലയിൽ മുഖ്യപ്രഭാഷണം നടത്തി. സന്തോഷ് പ്ലാക്കാട്ട്, ജിൽസ് മേക്കൽ, ജോണി നെല്ലിമല എന്നിവർ പ്രസംഗിച്ചു. മെയ് 13 ന് നടക്കുന്ന മഹാസംഗമത്തിന് ഓരോ ഇടവകകളിൽ നിന്നും പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനും, ഫൊറോനയിൽ നിന്ന് ഒരു ബസ് തൃശൂർക്ക് പോകുന്നതിനും തീരുമാനിച്ചു.

**ദ്വാരക ഫൊറോന**

തൃശൂരിൽ നടക്കുന്ന മഹാസംഗമത്തിന് സമുദായംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ഫൊറോന ഡയറക്ടരും ഫൊറോന വികാരിയുമായ റവ. ഫാ. ജോസ് തേക്കനാടി ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഇടവകപ്രതിനികൾ പങ്കെടുത്തു. ഇടവക തല കത്തോലിക്ക കോൺഗ്രസ്സ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ദ്വാരക ഫൊറോനയിലെ ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പി.എസ്.സി. പരിശീലന പരിപാടി മെയ് മാസം തന്നെ ആരംഭിക്കാനും തീരുമാനിച്ചു. അഡ്വ. തോപ്പിൽ ഷാജി, തോമസ് ആര്യമണ്ണിൽ, സെബാസ്റ്റ്യൻ ഓണിശ്ശേരി തുടങ്ങിയവർ നേതൃത്വം നൽകി.

**മാനന്തവാടി ഫൊറോന**

കത്തോലിക്ക കോൺഗ്രസ് പ്രവർത്തനം എല്ലാ ഇടവകകളിലും കൂടുതൽ കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും തൃശൂർ മഹാ സംഗമത്തിന് യൂണിറ്റ് പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതിനായി ഫൊറോന ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ ഉണ്ണിയപ്പള്ളിയിലച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. രൂപത ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിൽ മുഖ്യപ്രഭാഷണം നടത്തി. തൃശൂർ സംഗമത്തിന് 75 പ്രതിനിധികളെ പങ്കെടുപ്പി

ക്കുന്നതിനു തീരുമാനിച്ചു. ജോസ് കുറുമ്പാലക്കാട്ട്, മോളി കരിമ്പനാക്കുഴി എന്നിവർ നേതൃത്വം നൽകി.

**നിലമ്പൂർ-മണിമൂളി**

നിലമ്പൂർ, മണിമൂളി ഫൊറോനകളിലെ കത്തോലിക്ക കോൺഗ്രസ്സ് ഭാരവാഹികളുടെ സംയുക്തയോഗം നിലമ്പൂർ ഫൊറോന ഡയറക്ടർ റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടി ഉദ്ഘാടനം ചെയ്തു. നിലമ്പൂർ, മണിമൂളി മേഖലകളിലെ ജനങ്ങൾ നേരിടുന്ന വന്യമൃഗശല്യത്തിനെതിരെ പ്രക്ഷോഭം ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. തൃശൂരിൽ നടക്കുന്ന മഹാസംഗമത്തിൽ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികളെ പങ്കെടുപ്പിക്കാനും തീരുമാനിച്ചു. ജോയി ചെട്ടിമട്ടേൽ, ജോജൻ വടക്കേക്കുറ്റിയാനി, മാത്യു പൂക്കോട്ടുംപാടം എന്നിവർ നേതൃത്വം നൽകി.

**നടവയൽ ഫൊറോന**

കത്തോലിക്കാ കോൺഗ്രസ്സ് നടവയൽ ഫൊറോന പ്രതിനിധി യോഗം ഫൊറോന പ്രസിഡണ്ട് സണ്ണി ചെറുകാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് പൂവക്കുളം ഉദ്ഘാടനം ചെയ്തു. യൂണിറ്റ്തല പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുവേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. തൃശൂർ മഹാസംഗമത്തിൽ യൂണിറ്റ് പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തു. അമ്പതിൽ കുറയാത്ത പ്രതിനിധികളെ പങ്കെടുപ്പിക്കാനും തീരുമാനിച്ചു. പീറ്റർ ഞരളക്കാട്ട്, സൈമൺ ആനപ്പാറ, ലൗലി ഇല്ലിക്കൽ, ഷാലി ഷാജി എന്നിവർ നേതൃത്വം നൽകി.

**മുള്ളൻകൊല്ലി ഫൊറോന**

സമുദായ ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ട മുള്ളൻകൊല്ലി ഫൊറോന ടീം അംഗങ്ങൾ വിവിധ ഇടവകകൾ സന്ദർശിക്കുകയും യൂണിറ്റ് തല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. എല്ലാ ഇടവകകളിൽ നിന്നും തൃശൂരിൽ നടക്കുന്ന മഹാ സംഗമത്തിന് പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ ചർച്ച ചെയ്തു. ഫൊറോനയിൽ നിന്നും 50-ൽ പരം ആളുകളെ പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചു. പുതിയ അംഗങ്ങൾക്ക് മെമ്പർഷിപ്പും നൽകി. യൂണിറ്റ് തല യോഗങ്ങൾക്ക് ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് ചേറ്റാനി, റവ. ഫാ. വിൻസെന്റ് പുതുശ്ശേരി, സാജു കൊല്ലപ്പിള്ളിൽ, ജെയിംസ് മറ്റം, ബീന കരിമാംകുന്നേൽ, ജോർജ്ജ് കൊല്ലിയിൽ, തോമസ് കണിയാംപ്ലാക്കൽ, ജോസ് വട്ടമറ്റം, തോമസ് ഒറ്റകുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**വർക്കി നിരപ്പേൽ** - രൂപതാ ജനറൽ സെക്രട്ടറി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ടവരെ,

ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തംസഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളംപറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല- (യോഹാൻ-4.20) നൂറ്റാണ്ടുകൾക്ക് മുമ്പെ വി.യോഹന്നാൻ തന്റെ ലേഖനത്തിലൂടെ പറഞ്ഞുവച്ച ഈ വാക്യങ്ങൾക്ക് ഇന്നേറെ പ്രസക്തിയുണ്ട്. സ്നേഹത്തെക്കുറിച്ച് ഇന്നേറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. സ്നേഹം ലഭിക്കുന്നില്ലെന്നും, സ്നേഹം പങ്കുവയ്ക്കുന്നില്ലെന്നുമെല്ലാം പലപ്പോഴും പറയപ്പെടുന്നു. വിൻസെൻഷ്യൻ പ്രവർത്തകരായ നാം സ്നേഹം പകർന്നു നല്കുന്നതിൽ വിമുഖരാണൊയെന്ന് ഇത്തരുണത്തിൽ ചിന്തിക്കണം. വിൻസെൻഷ്യരായ നാമോരോരുത്തരും സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്നവർക്കുവേണ്ടി - വേദനയനുഭവിക്കുന്നവർക്കുവേണ്ടി അല്പസമയമെങ്കിലും മാററിവയ്ക്കണം.അതിലൂടെ കാണപ്പെടുന്ന സഹോദരനെയും കാണപ്പെടാത്ത ദൈവത്തെയും ഒരുപോലെ സ്നേഹിക്കുവാൻ നമുക്കിടയാകട്ടെ.

പ്രിയപ്പെട്ടവരെ, ഒരുഅധ്യയന വർഷം കൂടി കടന്നുവരികയാണ്. ഓരോ വർഷം കഴിയുന്തോറും വിദ്യാഭ്യാസത്തിനുള്ള ചിലവ് വർദ്ധിച്ചുവരികയാണെന്ന യാഥാർത്ഥ്യം നമുക്കെല്ലാമറിയാവുന്ന കാര്യമാണല്ലൊ. നമുക്ക് ചുററും പഠിക്കുവാൻ കഴിവുണ്ടായിട്ടും സാമ്പത്തിശേഷിയില്ലാത്തതുമൂലം പഠനം തുടരാൻ കഴിവില്ലാത്ത ഒട്ടേറെ കുട്ടികളുണ്ട്. ഇവരൊ, ഇവരുടെ മാതാപിതാക്കളൊ അഭിമാനംമൂലം സാമ്പത്തിക സഹായത്തിനായി ആരെയും സമീപിക്കണമെന്നുമില്ല. ഇത്തരക്കാരെ കണ്ടെത്തി അവർക്ക് സഹായമെത്തിക്കുവാൻ വിൻസെൻഷ്യൻ പ്രവർത്തകർക്ക് പ്രത്യേക കടമയുണ്ട്. നമ്മുടെ മക്കളെ റസിഡൻഷ്യൽ സ്ക്കൂളുകളിലും, ഉന്നത നിലവാരമുള്ള സ്ക്കൂളുകളിലും വലിയ ഫീസ് നല്കി പഠിപ്പിക്കുമ്പോൾ ഈ പാവപ്പെട്ടവരെ അവഗണിക്കുന്നത് നീതിയല്ല. മുൻ വർഷങ്ങളിലേതുപോലെ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും വിദ്യാഭ്യാസ സഹായം അർഹരായവർക്ക് എത്തിക്കുവാൻ സജീവമായി രംഗത്തുവരുമെന്ന് പ്രതീക്ഷിക്കുന്നു. വിദ്യാഭ്യാസ സഹായത്തിനായി എന്തെങ്കിലും സഹായം ചെയ്യാത്ത ഒരൊററ വിൻസെൻഷ്യനും നമ്മുടെ സി.സി.യുടെ കീഴിൽ ഉണ്ടാവില്ലെന്ന് കരുതട്ടെ. പാവപ്പെട്ട മററ്

കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നാം നൽകുന്ന ഓരോ രൂപയും നമ്മുടെ കുട്ടികൾക്ക് കൃപയായി ഭവിക്കുമെന്നതിൽ സംശയം വേണ്ട.

**സി.സി.വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സി.സി.വാർഷികം മാനന്തവാടി കണിയാരം സെന്റ് ജോസഫ് കത്തീഡ്രലിൽ വളരെ ഭംഗിയായി നടന്നു. വാർഷികം ഏറ്റെടുത്തു നടത്തുവാനും അതിനു വേണ്ടതായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി യത്നിച്ച എല്ലാവർക്കും-പ്രത്യേകിച്ച് മാനന്തവാടി എ.സി.ഭാരവാഹികൾക്കും പ്രവർത്തകർക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു. നമ്മുടെ ക്ഷണം സ്വീകരിച്ച് വാർഷികാഘോഷത്തിന് എത്തുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്ത മാനന്തവാടി രൂപതാധ്യക്ഷൻ മാർ.ജോസ് പൊരുന്നേടം പിതാവിനെ നന്ദിയോടെ സ്മരിക്കുന്നു. വാർഷികാഘോഷത്തിന് ക്ഷണം സ്വീകരിച്ചെത്തിയ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നാഷണൽ ട്രിന്നിംഗ് കോ-ഓർഡിനേറ്റർ സിറിയക് മാത്യു, കെ.സി.വൈഎം. രൂപതാ പ്രസിഡന്റ് ജിഷിൻ മുണ്ടക്കാത്തടത്തിൽ, മുൻ സി.സി. പ്രസിഡന്റ് ബ്ര. ജോസിച്ചൻ കോര ജോസ് എന്നിവരെയും, സർവ്വോപരി വാർഷികം വിജയപ്രദമാക്കിയ നിങ്ങളേവരേയും സ്നേഹപൂർവം അഭിനന്ദിക്കുന്നു. അടുത്ത സി.സി. വാർഷികം ഏറ്റെടുത്തു നടത്തുവാൻ സന്നദ്ധരായ പുൽപ്പള്ളി എ.സി.ഭാരവാഹികളെ അനുമോദിക്കുന്നു.

**ഓസാനാംഭവൻ**

ഓസാനാംഭവൻ പ്രവർത്തനങ്ങൾ വിജയപ്രദമാക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നിലവിലുണ്ടായിരുന്ന ഭരണസമിതിയുടെ പ്രവർത്തന കാലാവധി കഴിഞ്ഞതിനാൽ 2018 ഏപ്രിൽ 12-ന് പുതിയ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നു. തെരഞ്ഞെടുപ്പിൽ റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര, റവ.ഫാ.ബെന്നി മുതിരക്കാലായിൽ, ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി, ബ്ര. ബാബു നമ്പുടാകം, ബ്ര. എൻ.യു.ജോൺ നെടുങ്കൊമ്പിൽ, ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്ര.തോമസ് മാങ്ങൻ, സി. റോസമ്മ അയ്യങ്കുഴയ്ക്കൽ, ബ്ര.ജോസ് തുരുത്തിപ്പാറ, ബ്ര. ജെൻട്രിപോൾ കളരിക്കൽ,ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ, ബ്ര.ജോസുകുട്ടി ചാത്തമല എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഭാരവാഹികളായി ബ്ര.ജോർജ്ജ് ആക്കാന്തിരി (ചെയർമാൻ), ബ്ര.ബാബു നമ്പുടാകം (വൈസ്ചെയർമാൻ), ബ്ര.വിൻസെന്റ് ജോൺ വടക്കുഞ്ചേരി (സെക്രട്ടറി) ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ (ജോ.സെക്രട്ടറി), ബ്ര.എൻ.യു.ജോൺ നെടുങ്കൊമ്പിൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര**- സി.സി.ആത്മീയ ഉപദേഷ്ടാവ്

**ബ്ര. ജോർജ്ജ് ആക്കാന്തിരി**- സി.സി.പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**കൃതജ്ഞത**

കഴിഞ്ഞ മൂന്ന് വർഷക്കാലം ഡയറക്ടറായും അതിനു മുമ്പ് മൂന്നു വർഷത്തോളം അസോസിയേറ്റ് ഡയറക്ടറായും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ നയിച്ച പ്രിയ ബഹു. ബിജോ കറുകപ്പള്ളിൽ അച്ചൻ റേഡിയോ മാറ്റൊലിയുടെ സാരഥിയായി ഉത്തരവാദിത്വമേറ്റെടുത്തിരിക്കുകയാണ്. ജലനിധി, വികാസ് പീഡിയ, ഡി.ഡി.യു.ജി.കെ.വൈ, നബാർഡ് വാടി പദ്ധതി തുടങ്ങി ഒട്ടനവധി വികസന പദ്ധതികൾ രാജ്യത്തിന് തന്നെ മാതൃകാപരമായി നടപ്പിലാക്കുവാൻ ബഹു. ബിജോ അച്ചൻ നേതൃത്വം നൽകി. സർക്കാർ, സർക്കാർ ഇതര വികസന പങ്കാളികളുമായി നല്ല ബന്ധം സ്ഥാപിക്കുവാനും, അതുവഴി നിരവധി വികസന പദ്ധതികൾ സാധാരണക്കാരിലേക്കു എത്തിക്കുവാനും അച്ചന് സാധിച്ചു. അച്ചൻ കഴിഞ്ഞ ആറു വർഷക്കാലം നൽകിയ നേതൃത്വത്തിന് ആത്മാർത്ഥമായ കൃതജ്ഞത അർപ്പിക്കുന്നതോടൊപ്പം റേഡിയോ മാറ്റൊലിയെയും മൊത്തക്കര ഇടവകയെയും ഏറെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

സേവ് എ ഫാമിലി പദ്ധതിയുടെ രൂപതാ കോ ഓർഡിനേറ്ററായി കഴിഞ്ഞ മൂന്ന് വർഷക്കാലം സേവനം ചെയ്തു വന്നിരുന്ന സി. ആനി മാനന്തവാടി രൂപതയിലെ സേവനം താൽക്കാലികമായി അവസാനിപ്പിച്ച് തന്റെ സമൂഹമായ അൻസിലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് തിരികെ പോവുകയാണ്. ഏറെ മാതൃകാപരമായി സേവ് എ ഫാമിലി പ്രവർത്തനങ്ങൾ രൂപതയിയിൽ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകിയ സി. ആനി ജോസിന് കൃതജ്ഞത അർപ്പിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലയിൽ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

കഴിഞ്ഞ 31 വർഷത്തോളം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വിവിധ തസ്തികകളിൽ സ്തുത്യർഹമായ രീതിയിൽ സേവനം ചെയ്തു വന്നിരുന്ന ശ്രീ. എൻ.ജെ. ചാക്കോ നിരപ്പേൽ വിരമിച്ചിരിക്കുകയാണ്. പ്രകൃതി വിഭവസംരക്ഷണം, ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെ പരമ്പരാഗത ഊർജസ്രോതസുകളുടെ വ്യാപനം തുടങ്ങിയ മേഖലകളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ ചാക്കോ സാറിന് സാധിച്ചു. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലധികം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഭാഗമായിരുന്ന ചാക്കോ സാറിന്റെ കൃതജ്ഞത അർപ്പിക്കുന്നു. സാങ്കേതികമായി വിരമിച്ചാലും ചാക്കോ സാറിന് സേവനം

തുടർന്നും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ലഭ്യമാകുന്നതാണ്.

**സ്വാഗതം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടറായി പുതുതായി നിയമിതനായിരിക്കുന്ന പ്രിയ ബഹു. പോൾ കൂട്ടാല അച്ചനെ WSSS കുടുംബത്തിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഒരു വർഷക്കാലം മാനന്തവാടി രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനങ്ങളുടെ ഡയറക്ടർ ആയിരുന്ന പോൾ അച്ചന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ഏറെ മാതൃകാപരമായി മുന്നോട്ടു കൊണ്ടു പോകുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഡിജിറ്റൽ സാക്ഷരതയ്ക്ക് സാമൂഹ്യ വികസ പ്രസ്ഥാനങ്ങൾ നേതൃത്വം നൽകണം: ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

ആധുനിക കാലഘട്ടത്തിൽ ഡിജിറ്റൽ സാക്ഷരതയ്ക്ക് സാമൂഹ്യ വികസന പ്രസ്ഥാനങ്ങൾ നേതൃത്വം നൽകണമെന്നും ഇന്ന് സമൂഹം അനുഭവിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ഓൺലൈൻ സാമ്പത്തിക ഇടപാടുകളുൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുവാൻ സാധിക്കുന്നവരും അല്ലാത്തവരുമായ വ്യക്തികൾ തമ്മിലുള്ള സാങ്കേതികമായ അന്തരമാണെന്നും ബിഷപ്പ് മാർ ജോസ് പൊരുന്നേടം അഭിപ്രായപ്പെട്ടു. മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പിതാവ്. സാധാരണക്കാരായ വ്യക്തികളെ ഓൺലൈൻ പെയ്മെന്റ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ പഠിപ്പിക്കുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉൾപ്പെടെയുള്ള സാമൂഹ്യ വികസന പ്രസ്ഥാനങ്ങൾ മുൻകൈ എടുക്കണമെന്നും കാർഷിക മേഖലയിൽ അഗ്രോഫോണിക്സ് ഫാർമിംഗ്, അക്വാഫോണിക്സ് ഫാമിംഗ്, എരിയൽ ഫാർമിംഗ് തുടങ്ങിയവ പരിചയപ്പെടുത്തണമെന്നും കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് മൊബൈൽ റൂറൽ മാർട്ടുകൾ ആരംഭിക്കണമെന്നും പിതാവ് അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി റവ. ഫാ. ബിജോ കറുകപ്പള്ളിൽ വാർഷിക റിപ്പോർട്ട്, കണക്ക്, ഭാവിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്നിവ അവതരിപ്പിച്ചു. മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, ബയോവിൻ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, സെബാസ്റ്റ്യൻ പാലംപറമ്പിൽ, കെ.എം.ദേവസ്യ മാസ്റ്റർ, ബാലൻ പുതൂർ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ. എന്നിവർ സംസാരിച്ചു.

**ശാസ്ത്രീയ മഞ്ഞൾ കൃഷിയിൽ പരിശീലനവും മഞ്ഞൾ വിത്ത് വിതരണവും നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ

എടമുണ്ട ആദിവാസി കോളനിയിൽ വെച്ച് ശാസ്ത്രീയ മഞ്ഞൾ കൃഷിയിൽ പരിശീലനവും മഞ്ഞൾ വത്ത് വിതരണവും നടത്തി. പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിലിന്റെ അദ്ധ്യക്ഷതയിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് സലോമി ഫ്രാൻസീസ് ഉദ്ഘാടനം ചെയ്തു. പരിശീലനത്തിന് കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോക്ടർ ശ്രീനിവാസൻ, ഡോ. പ്രവീണ എന്നിവർ നേതൃത്വം നൽകി. പരിശീലനത്തിൽ പങ്കെടുത്ത 30 കർഷകർക്ക് കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രം പുതുതായി വികസിപ്പിച്ചെടുത്ത പ്രഗതി, സുവർണ്ണ എന്നീ മഞ്ഞൾ വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രത്തിലെ റിസേർച്ച് ഓഫീസർ ലിജോ, റവ. ഫാ. അഭിലാഷ്, ഷൈനി ദേവസ്യ എന്നിവർ സംസാരിച്ചു. പരിപാടിക്ക് ലയോള കോളേജ് ചെന്നൈ, സെന്റ് ജോസഫ് കോളേജ് ബാംഗ്ലൂർ, ലയോള കോളേജ് തിരുവനന്തപുരം, വിമല കോളേജ് തൃശൂർ, എസ്.എൻ.ഡി.പി കോളേജ് പെരിന്തൽമണ്ണ, സെന്റ് ജോസഫ് കോളേജ് ഇരിഞ്ഞാലക്കുട എന്നിവിടങ്ങളിലെ MSW വിദ്യാർത്ഥികൾ നേതൃത്വം നൽകി.

**ആദിമ മുളയുൽപ്പന്ന യൂണിറ്റ് ശ്രദ്ധേയമാകുന്നു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തവിഞ്ഞാൽ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ആദിമ മുളയുൽപ്പന്ന യൂണിറ്റ് ഏറെ ശ്രദ്ധേയമാകുന്നു. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ പ്രധാനപ്പെട്ട 02 പരിപാടികളിൽ പങ്കെടുക്കുന്നതിന് ആദിമക്കു അവസരം ലഭിച്ചു. കണ്ണൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാഷൻ ടെക്നോളജിയിൽ നടന്ന വിദഗ്ധ പരിശീലനത്തിൽ യൂണിറ്റിൽ നിന്നും പത്തു വനിതകൾ പങ്കെടുക്കുകയുണ്ടായി. മൂന്നു ദിവസം നീണ്ടുനിന്ന പരിശീലനത്തിൽ ഈ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ മനസിലാക്കുന്നതിനും യൂണിറ്റിന് ദേശീയ അംഗീകാരം നേടിയെടുക്കുവാനും സാധിച്ചു. കൂടാതെ യൂണിറ്റിനാവശ്യമായ വെബ് സെറ്റ്, ബ്രോഷർ എന്നിവ തയ്യാറാക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാഷൻ ടെക്നോളജി സാങ്കേതിക സഹായം നൽകും. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാഷൻ ടെക്നോളജിയിലെ വിദ്യാർത്ഥികൾ യൂണിറ്റ് സന്ദർശിച്ച് പഠനം നടത്തുകയുണ്ടായി. കൂടാതെ കൽപ്പറ്റയിൽ വെച്ചു നടന്ന *പൊലിക 2018* ലും പങ്കെടുക്കുന്നതിന് ആദിമ മുളയുൽപ്പന്ന യൂണിറ്റിനു അവസരം ലഭിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുൻപോട്ട് പോകുന്നു. ഇപ്പോൾ നിലവിൽ 316 കുടുംബങ്ങൾ സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ നിന്ന് സഹായം സ്വീകരിച്ചു വരുന്നു.

ഈ വർഷം മാനന്തവാടി രൂപതയുടെ കീഴിൽ പുതുതായി 53 കുടുംബങ്ങളെ കൂടി അനുവദിച്ചു കിട്ടിയിട്ടുണ്ട്. മുള്ളൻകൊല്ലി, പൂതാടി,

പുൽപ്പള്ളി, കൽപ്പറ്റ, പടിഞ്ഞാറത്തറ, തൊണ്ടർനാട്, തവിഞ്ഞാൽ, മാനന്ത വാടി, തിരുനെല്ലി എന്നീ പഞ്ചായത്തുകളിൽ നിന്നുമുള്ള ഇടവകകളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് WSSS ഓഫീ സുമായി ബന്ധപ്പെടുക.

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ പുതിയ പ്രോഗ്രാം കോ ഓഡിനേറ്ററായി സി. അനിലിറ്റ് FCC മെയ് 2-ാം തീയതി ചാർജെടുത്തു.

മെയ് 8,9,10,11 തീയതികളിൽ കാലടി ഐശ്വര്യ ഗ്രാമിൽ വെച്ച് നടന്ന സേവ് എ ഫാമിലി പ്ലാനിന്റെ വാർഷികാവലോകന യോഗത്തിലും പരിശീ ലനത്തിലും സേവ് എ ഫാമിലി പ്ലാൻ കോ-ഓഡിനേറ്റർ സി. അനിലിറ്റ് FCC പങ്കെടുത്തു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

ചുങ്കക്കുന്ന്, വെള്ളൂന്നി, ഏലപ്പീടിക തുടങ്ങിയ വിവിധ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ വാർഷികാഘോഷങ്ങൾ നടന്നു. കല്ലോടി, മുതിരേരി, പടമല സോഷ്യൽ വെൽഫയർ സൊസൈറ്റികൾ അമ്മമാർക്ക് സെമിനാറും കമ്മന സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ കൗമാര കുട്ടികൾക്ക് സെമിനാർ നടത്തി.

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയിൽ വിവിധ പ്രദേ ശങ്ങളിലെ 12 കാൻസർ രോഗികൾക്ക് 60000 രൂപ ധനസഹായം നൽകി. ആശാകിരണത്തിന്റെ പ്രാദേശിക സന്നദ്ധ പ്രവർത്തകർക്കു വേണ്ടി സെമി നാർ നടത്തി.

മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പിൽ 150 പേർ പങ്കെടുത്തു. RCC യിൽ നിന്നുള്ള പ്രത്യേക വിദഗ്ധ സംഘം പരിശോധനയ്ക്ക് നേതൃത്വം നൽകി.

വനിതാ സ്വാശ്രയ സംഘം പ്രവർത്തനങ്ങളിൽ നബാർഡ് സജീവ മായി ഇടപെടുന്നു. പയ്യമ്പള്ളി മാനന്തവാടി കാനറ ബാങ്കുകളിൽ നിന്ന് 9 ലക്ഷം രൂപ വിവിധ സംഘങ്ങൾക്ക് വായ്പ ലഭിച്ചു.

മുന്നോക്ക വികസന കോർപ്പറേഷന്റെ സമുന്നതി പദ്ധതിയുടെ സാമ്പ ത്തിക സഹായത്തിനുള്ള അപേക്ഷകൾ തയ്യാറാക്കി വരുന്നു.

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി (Traditional Pepper Conservation Project)**

കുരുമുളക് സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ മാസം നടത്തി, കുരുമുളകിനങ്ങളുടെ 71 സാംപിളുകൾ ഇതുവരെയായി ശേഖരിച്ചു. കഴിഞ്ഞ മാസം ഫീൽഡ് സർവ്വേയും നടീൽ വസ്തുക്കളുടെ ശേഖരണവും നടത്തി. ഇല്ലത്തുമൂല, കുറ്റിയോട്ടിൽ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയും നടീൽ വസ്തുക്കൾ ശേഖരിക്കുകയുമുണ്ടായി. നഴ്സറി യിൽ നട്ടുവളർത്തിയിട്ടുള്ള മാതൃസസ്യങ്ങളിൽ നിന്നും ശേഖരിച്ച് നഴ്സറി യിൽ നട്ടുവളർത്തി.

കുരുമുളകിന്റെ പ്രധാന കളനിയന്ത്രണവും വളപ്രയോഗവും നടത്തി. പൂർണ്ണമായും ജൈവവളങ്ങളും സൂക്ഷ്മാണുവളവും ഉപയോഗിച്ചു. നാടൻ

ഇനങ്ങളുടെ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളും ഹെർബേറിയം തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി.

നിലവിലുള്ള ഔഷധ സസ്യ ഉദ്യാനത്തിലെ സസ്യങ്ങളുടെ സംരക്ഷണവും, കളനിയന്ത്രണവും നടത്തി. വെള്ള ശംഖുപുഷ്പം, കാട്ടുപാവൽ തുടങ്ങിയ അപൂർവ്വ ഇനങ്ങൾ ഔഷധ സസ്യങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. ഇതിന്റെ വിത്തുകൾ ശേഖരിച്ച് നഴ്സറിയിൽ നട്ടുവളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തി. സസ്യ സംരക്ഷണത്തിനായി ഗവേഷണാടിസ്ഥാനത്തിൽ ജൈവകീടനാശിനികൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളും നടത്തി. വിവിധ സംഘടനകളിൽ നിന്നും കോളേജുകളിൽ നിന്നും പദ്ധതി സന്ദർശിക്കാനെത്തിയവർക്കായി വിശദീകരണ ക്ലാസ്സുകളും, മറ്റ് അനുബന്ധ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു.

**DDU-GKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്.

തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്. വിവിധ കോഴ്സുകളിലായി 500 ഓളം കുട്ടികളെ പരിശീലിപ്പിക്കാനും അവർക്ക് വിദേശത്തും സ്വദേശത്തും ജോലി നൽകാനും സാധിച്ചു. ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നൽകിയ ഏജൻസിക്കുള്ള ആവാർഡും വയനാട് സർവ്വീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

കേരളത്തിലെ DDU-GKY സെന്ററുകൾക്കിടയിൽ നടത്തിയ ഗ്രേഡിംഗിൽ WSSS A ഗ്രേഡോടു കൂടി ഒന്നാം സ്ഥാനത്തെത്തിയതും WSSS ന്റെ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തി. മെയ് 5 ഏവം കൗശൽ വികാസ് ദിവസ് ആയി ആചരിച്ചു. കഴിഞ്ഞ ബാച്ചിലെ കുട്ടികൾ പരീക്ഷ വിജയകരമായി പൂർത്തിയാക്കുകയും നല്ല റിസൽറ്റ് കൈവരിക്കുകയും ചെയ്തുകൊണ്ട് ചെന്നൈ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ജോലി നോക്കി വരുന്നു.

ഫുഡ് പ്രോസ്സസിംഗ് ആന്റ് പ്രൊഫഷൻ കോഴ്സിൽ വിജയകരമായി പഠനം പൂർത്തിയാക്കിയ ഒരു കുട്ടിക്ക് മലേഷ്യയിൽ ജോലി നൽകു

വാൻ സാധിച്ചു. കുടുംബശ്രീയുമായി ചേർന്ന് രണ്ടാമത്തെ കോൺവൊക്കേഷൻ പരിപാടിയും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ഫാഷൻ ഡിസൈൻ ബാച്ചിന്റെ യാത്രയയപ്പും വിവിധ ബാച്ചിന്റെ പരീക്ഷയും നടത്തി. DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റ് കോഴ്സുകൾക്ക് 10-ാം ക്ലാസ്സുമാണ് അടിസ്ഥാന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്.

**Jeevas Family Health Insurance**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സ്റ്റാർഹെൽത്ത് ഇൻഷൂറൻസും യോജിച്ച് നടപ്പിലാക്കുന്ന ജീവസ് കാരുണ്യ മെഡിക്കൽ ഇൻഷൂറൻസ് പദ്ധതിയിൽ 1581 കുടുംബങ്ങൾ ചേർന്നു.

ജീവസ് ജീവകാരുണ്യ മെഡിക്കൽ ഇൻഷൂറൻസിന്റെ കൃത്യമായ നടത്തിപ്പിനായി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് പദ്ധതിയിൽ അംഗങ്ങളായ ആളുകൾക്ക് ക്ലയിം ലഭിക്കുന്നതിന്റെ നടപടി ക്രമങ്ങൾ വിശദീകരിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. കയ്യൂന്നി ഫാത്തിമ മാതാ ദേവാലയത്തിൽ നടത്തിയ സമ്മേളനത്തിൽ നൂറിലധികം ആളുകൾ പങ്കെടുത്തു. റവ. ഫാ. തോമസ് മണക്കുന്നേൽ പ്രോഗ്രാം കോ -ഓഡിനേറ്റർ ഷിനോയി എന്നിവർ നേതൃത്വം നൽകി. ജീവസിൽ അംഗങ്ങളായ 16 വ്യക്തികൾക്ക് ക്ലയിം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചു വരുന്ന കേരള ലേബർ മൂവ്മെന്റ് മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**തിരിച്ചറിയൽ കാർഡ് വിതരണം**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ 2017-18 ൽ ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്തിയ 57 അംഗങ്ങളുടെ തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തു.

**രജിസ്ട്രേഷൻ**

വിവിധ ക്ഷേമനിധികളുടെ രജിസ്ട്രേഷൻ നടന്നു വരുന്നു. ഇടവകകളിൽ ഈ ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നൽകുവാൻ താൽപര്യം ഉള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക. ക്ഷേമനിധികളിൽ നിലവിലുള്ള അംഗങ്ങൾ അവരുടെ 2018 -ലെ അംശാദായം എത്രയും പെട്ടെന്ന് അടയ്ക്കുവാൻ ശ്രദ്ധിക്കുക.

**വികാസ് പീഡിയ വാർഷിക റിപ്പോർട്ട് 2017-18**

കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ മന്ത്രാലയത്തിന്റെ

കീഴിലുള്ള ഓൺലൈൻ പോർട്ടലായ വികാസ് പീഡിയ മലയാളം ഭാഷാ പോർട്ടലിന്റെ നോഡൽ ഏജൻസിയാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി. 2014 നവംബർ മുതൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന WSSS ന്റെ നേതൃത്വത്തിൽ കേരളത്തിലുടനീളം വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളും ശില്പശാലകളും പരിശീലനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും കേന്ദ്രഭരണ പ്രദേശമായ മാഹി, ഉത്തർപ്രദേശ്, കർണാടകയുടെ അഞ്ച് ജില്ലകൾ, ലക്ഷദ്വീപ്, സിക്കിം എന്നിവിടങ്ങളിലും വികാസ് പീഡിയ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് WSSS -ന് ഉത്തരവാദിത്വമുണ്ട്. സന്നദ്ധ പ്രവർത്തകരായ ധാരാളം വിവരദാതാക്കളുടെ സഹകരണത്തോടെയാണ് വികാസ് പീഡിയയുടെ വ്യാപനപ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നത്.

ഹൈദരാബാദ് ആസ്ഥാനമായ കേന്ദ്ര ഗവൺമെന്റ് കമ്പ്യൂട്ടിംഗ് സ്ഥാപനമായ സിഡാക് ഡവലപ് ചെയ്തിട്ടുള്ള ഈ ഓൺലൈൻ പോർട്ടൽ കേരളത്തിൽ പ്രചാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം അഭ്യർത്ഥിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, വികാസ് പീഡിയ സ്റ്റേറ്റ് കോർഡിനേറ്റർ സി.വി.ഷിബു, സിനാക് ഡെപ്യൂട്ടി ഡയറക്ടർ രമണി തുടങ്ങിയവർ കൂടിക്കാഴ്ച നടത്തുകയും ഇതിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുമായും സഹകരണം ഉറപ്പാക്കുകയും ചെയ്തു. കൂടാതെ വിദ്യാഭ്യാസമന്ത്രി പ്രൊ. പി.രവീന്ദ്രനാഥ്, കൃഷിവകുപ്പ് മന്ത്രി വി.എസ്.സുനിൽകുമാർ, ഫിഷറീസ് വകുപ്പ് മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ, വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി, ആരോഗ്യ വകുപ്പുമന്ത്രി കെ.കെ. ശൈലജ, പ്രൊ. കെ.ടി.ജലീൽ എന്നിവരും, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, ഡയറക്ടർമാർ എന്നിവരുമായും കൂടിക്കാഴ്ചയും ചർച്ചയും നടത്തി. പോർട്ടലിന്റെ കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഊർജ്ജം, ഇ-ഭരണം എന്നീ ഡൊമൈനുകളുമായി ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ വകുപ്പ് മേലദ്ധ്യക്ഷന്മാരുമായി കൂടിക്കാഴ്ചയും കത്തിടപാടുകളും ചർച്ചയും യോഗങ്ങളും നടത്തിയതിന്റെ അടിസ്ഥാനത്തിൽ വികാസ് പീഡിയ മലയാളവുമായി സംസ്ഥാന സർക്കാരിന്റെ മേൽവകുപ്പുകൾ ഇപ്പോൾ നല്ല സഹകരണത്തിലാണ്.

ഐ.ടി.മിഷൻ ഡയറക്ടർ ശീറാം സാംബശിവറാവുമായി നിരവധി തവണ നടത്തിയ കൂടിക്കാഴ്ചകളുടെയും സംയുക്ത യോഗങ്ങളുടെയും ഭാഗമായി കേരള ഗവൺമെന്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ വികാസ് പീഡിയ ലോഗോയോടുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലുടനീളം വികാസ് പീഡിയ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളുടെയും ജില്ലാതലത്തിലുള്ള ഇ-ഗവേണൻസ് സൊസൈറ്റികളുടെയും നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെയും നല്ല രീതിയിലുള്ള സഹകരണം പോർട്ടലിൽ ലഭിച്ചുവരുന്നു. ഇതിന്റെ ഫലമായി മലയാളം പോർട്ടലിന് ഇപ്പോൾ ഹിറ്റ് റേറ്റ് അഞ്ച് കോടി കവിഞ്ഞിട്ടുണ്ട്. ഏകദേശം ആയിരത്തോളം വിവരദാതാക്കൾ വികാസ് പീഡിയ മലയാളം പോർട്ടലിന് ഇന്നുണ്ട്.

നാലായിരത്തി അഞ്ഞൂറിലധികം പേർ ഫേസ്ബുക്ക് വഴി വികാസ്പീഡിയ യിൽ നിന്ന് ദൈനംദിന വിവരങ്ങൾ അറിയുന്നു.

**ബോധവൽക്കരണ പരിപാടികൾ**

സംസ്ഥാനത്തുടനീളം ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തു കൾ, ജില്ലാ പഞ്ചായത്തുകൾ, അക്ഷയ കേന്ദ്രങ്ങൾ മറ്റ് ഓൺലൈൻ സേവന കേന്ദ്രങ്ങൾ, സുവിധ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്ററു കൾ, ലൈബ്രറികൾ, ക്ലബ്ബുകൾ, യുവജനസംഘടനകൾ, സന്നദ്ധ സംഘട നകൾ, സർക്കാർ-അർദ്ധസർക്കാർ-സഹകരണ സ്ഥാപനങ്ങൾ എന്നിവരു മായി ചേർന്ന് കഴിഞ്ഞ ഒരു വർഷക്കാലം 150 ലധികം ബോധവൽക്കരണ പരിപാടികൾ നടത്തുകയുണ്ടായി. 14 ജില്ലകളിലും ജില്ലാതല ശില്പശാല കൾ പൂർത്തിയായി. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നിവയുമായി സഹകരിച്ച് നിരവധി പരിപാടികൾ നടത്തുകയുണ്ടായി. സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് ധാരാളം വിവരങ്ങൾ ഇപ്പോൾ വികാസ് പീഡിയയിൽ ഉൾക്കൊള്ളിക്കുന്നുണ്ട്.

**വികാസ്പീഡിയ ഉപയുക്തത**

പതിനായിരക്കണക്കിന് പേജുകളിലായി വിവിധ വിഷയങ്ങളിൽ പുതിയ പുതിയ വിവരങ്ങൾ വികാസ് പീഡിയയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുകൂടാതെ വികാസ് പീഡിയ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നവരുടെ എണ്ണവും മറ്റ് ആപ്ലിക്കേഷനുകളായ ഇ-ചരക്ക് തുടങ്ങിയവ ഉപയോഗിക്കുന്ന കാര്യത്തിലും ആളുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായി ട്ടുണ്ട്.സർക്കാർ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പുതിയ മൊബൈൽ ആപ്ലിക്കേഷനുകൾ നിർമ്മിച്ചുനൽകുന്നുമുണ്ട്.

**ഡിജിറ്റൽ ഓൺലൈൻ ഇന്റഗ്രേഷൻ**

നിലവിലുള്ള സർക്കാർ-അർദ്ധസർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ ഓൺലൈൻ സേവനങ്ങൾ വികാസ് പീഡിയയുമായി ബന്ധപ്പെടുത്തി നട ത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരികയാണ്. ഇതിന്റെ ഭാഗ മായി തെരഞ്ഞെടുക്കപ്പെട്ട ആറ് ജില്ലകളായ തിരുവനന്തപുരം, കോട്ടയം, കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിൽ ഡിജിറ്റൽ ഓൺലൈൻ ഇന്റഗ്രേഷൻ നടപടികൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗ മായി വയനാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ സർക്കാർ ഉദ്യോഗ സ്ഥരെയും ഡിജിറ്റൽ വളണ്ടിയർമാരെയും പങ്കെടുപ്പിച്ച് ഏകദിന ജില്ലാ ശില്പശാലകൾ നടന്നുകഴിഞ്ഞു. മറ്റു ജില്ലകളിൽ ഇത്തരം പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

**വികാസ് പീഡിയ സേവന കേന്ദ്രങ്ങൾ**

വികാസ്പീഡിയ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തി ക്കുന്നതിനും പൊതുജനങ്ങൾക്ക് സഹായങ്ങൾ നൽകുന്നതിനുമായി വികാസ് പീഡിയ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. എല്ലാ ജില്ലകളിലും പത്ത് സഹായകേന്ദ്രങ്ങൾ വെച്ചാണ് തുടക്കത്തിൽ ആരംഭിക്കുന്നത്.

**ഡിജിറ്റൽ പെയ്മെന്റ് സംവിധാനങ്ങൾ**

നോട്ട് നിരോധനത്തെ തുടർന്ന് പൊതുജനങ്ങൾക്കുണ്ടായ പ്രശ്ന ങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നതിന് ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ക്യാമ്പെയ്ൻ തന്നെ അക്ഷയ സെന്ററുകളുടെയും ലീഡ് ബാങ്കിന്റെയും സഹകരണത്തോടെ സംസ്ഥാനത്തുട നീളം നടത്തുകയുണ്ടായി. 120 ലധികം ബോധവൽക്കരണ പരിപാടികളാണ് ഇങ്ങനെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയത്.

**സിക്കിമിൽ വികാസ് പീഡിയ പ്രവർത്തനം തുടങ്ങി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നോഡൽ ഏജൻസി യായ കേന്ദ്ര ഗവൺമെന്റിന്റെ ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിക്ക് കീഴിലുള്ള വിജ്ഞാന പോർട്ടലായ വികാസ് പീഡിയ സിക്കിമിലും പ്രവർത്തനം തുടങ്ങി. സിക്കിം സെൻട്രൽ യൂണിവേഴ്സിറ്റി യുടെ സഹകരണത്തോടെയാണ് പോർട്ടലിന്റെ പ്രചരണത്തിനും വ്യാപന ത്തിനും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയത്.

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഊർജ്ജം, ഇ-ഭരണം തുടങ്ങിയ ആറ് ഡൊമൈനുകളിലായി നിരവധി വിഷയങ്ങളിലെ വിവരങ്ങൾ പോർട്ടലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇംഗ്ലീഷ് കൂടാതെ നേപ്പാളി അടക്കം 22 ഇന്ത്യൻ ഭാഷകളിൽ പതിനായിരക്കണക്കിന് പേജുകളിലായി വികാസ് പീഡിയ പോർട്ടലിൽ വിവരങ്ങൾ ഉണ്ട്. വളണ്ടിയർമാരായി പ്രവർത്തി ക്കുന്ന വിവരദാതാക്കൾ വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി കൾ, നയങ്ങൾ, സ്കീമുകൾ, അറിയിപ്പുകൾ, വിജയഗാഥകൾ തുടങ്ങി നിര വധി വിവരങ്ങൾ നൽകി വരുന്നു. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (സി-ഡാക്) ഹൈദരാബാദ് യൂണിറ്റ് ആണ് വികാസ് പീഡിയ പോർട്ടലിന്റെ നിർവ്വഹണം നടത്തുന്നത്. ഓരോ സംസ്ഥാ നത്തും സ്റ്റേറ്റ് നോഡൽ ഏജൻസികൾ വഴി ബോധവൽക്കരണ പരിപാടി കളും വിവര ദാതാക്കൾക്കും ഡിജിറ്റൽ വളണ്ടിയർമാർക്കും ഉള്ള പരിശീല നങ്ങളും നൽകി വരുന്നു.

സിക്കിം സംസ്ഥാനത്ത് നിലവിൽ സ്റ്റേറ്റ് നോഡൽ ഏജൻസി ഇല്ലാ ത്തതിനാൽ കേരളത്തിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസിയായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് തുടക്കത്തിൽ ബോധവൽക്കരണ പ്രചരണ പരിപാടികൾ നടത്തുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി സിക്കിം സെൻട്രൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലൈംഗ്വേജസ് ആന്റ് ലിറ്ററേച്ചി ന്റെയും നേപ്പാളി ഡിപ്പാർട്ടുമെന്റിന്റെയും നേതൃത്വത്തിൽ വിവര ദാതാക്ക ളായി പ്രവർത്തിക്കാൻ താൽപര്യമുള്ളവർക്കും പോർട്ടലിന്റെ തുടർ പ്രവർത്ത നങ്ങളിൽ പങ്കാളികളാകാൻ താൽപര്യമുള്ളവർക്കുമായി ഏകദിന പരിശീ ലനം സംഘടിപ്പിച്ചു.

ശില്പശാല യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ജെ.പി. തമങ്ങ് ഉദ്ഘാടനം ചെയ്തു. സി-ഡാക് ഹൈദരാബാദ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ എം. ജഗദീഷ് ആമുഖ പ്രഭാഷണവും പോർട്ടൽ പരിചയപ്പെടു ത്തലും നടത്തി. സ്കൂൾ ഓഫ് ലാംഗ്വേജസ് ആന്റ് ലിറ്ററേച്ചർ വിഭാഗം

മേധാവി പ്രൊഫ. ഐ.ജി. അഹമ്മദ്, ഡിപ്പാർട്ട്മെന്റ് ഓഫ് നേപ്പാളി വിഭാഗം അസി. പ്രൊഫ. ഡോ. സമർ സിൻഹ, പ്രൊഫ. പ്രതാപ് സി. പ്രധാൻ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പള്ളിൽ, സർവ്വകലാശാല ഇന്റർനാഷണൽ റിലേഷൻസ് വകുപ്പ് മേധാവി ഡോ. എൻ. സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

വികാസ് പീഡിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗത്തെക്കുറിച്ച് വികാസ് പീഡിയ കേരള കോഡിനേറ്റർ സി.വി.ഷിബു, ടെക്നിക്കൽ ഹെഡ് ജൂബിൻ അഗസ്റ്റ്യൻ എന്നിവർ പരിചയപ്പെടുത്തി. വിവിധ മേഖലകളിൽ നിന്നും, വകുപ്പുകളിൽ നിന്നും 75 പേർ ശില്പശാലയിൽ പങ്കെടുക്കുകയും അമ്പതോളം പേർ വികാസ് പീഡിയ നേപ്പാളി പോർട്ടലിൽ വിവരദാതാക്കളായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. നാംചി ലെയോള കോളേജ് ഓഫ് എജുക്കേഷനിൽ അധ്യാപക വിദ്യാർത്ഥികൾക്കായി വികാസ് പീഡിയ നേപ്പാളി ശില്പശാല സംഘടിപ്പിച്ചു.

സിക്കിമിൽ വികാസ് പീഡിയ നേപ്പാളി പോർട്ടലിന്റെ പ്രചരണാർത്ഥം കൃഷി വകുപ്പുദ്യോഗസ്ഥർക്ക് വേണ്ടി ബോധവൽക്കരണ പരിപാടി നടത്തി. സിക്കിം ഓർഗാനിക് മിഷൻ ഡയറക്ടർ ഡോ. അൻപളഗൻ ഐ.എഫ്.എസ്, അഗ്രികൾച്ചർ ജോയിന്റ് ഡയറക്ടർ ബീനകുമാരി റായ് ഓർഗാനിക് സർട്ടിഫിക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് എസ്. റാഹി റാം ഗുരുംഗ് എന്നിവരുമായും വികാസ് പീഡിയ കേരള നോഡൽ ഏജൻസിയായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബിജോ തോമസ്, സ്റ്റേറ്റ് കോർഡിനേറ്റർ സി.വി.ഷിബു, ടെക്നിക്കൽ ഹെഡ് ജുബിൻ അഗസ്റ്റ്യൻ എന്നിവർ വെവ്വേറെ കൂടിക്കാഴ്ച നടത്തി.

ഓർഗാനിക് സർട്ടിഫിക്കേഷൻ ഡിപ്പാർട്ട്മെന്റ് ആസ്ഥാനത്ത് മെയ് 10 ന് നടത്തിയ വികാസ് പീഡിയ നെപ്പാളി ഭാഷാ പോർട്ടൽ ബോധവൽക്കരണ സെമിനാറിൽ ഫാ. ബിജോ തോമസ് ക്ലാസ്സെടുത്തു. വികാസ് പീഡിയ മൊബൈൽ ആപ്ലിക്കേഷനെക്കുറിച്ച് സി.വി.ഷിബുവും രജിസ്ട്രേഷൻ സംവിധാനങ്ങളെക്കുറിച്ച് ടെക്നിക്കൽ ഹെഡ് ജൂബിൻ അഗസ്റ്റ്യനും ക്ലാസ്സെടുത്തു.

കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരായ Palden Dorgee Lama, Sushma Pradhan എന്നിവർ നേതൃത്വം നൽകി. വിവിധ വകുപ്പുകളിലെ 25 പേർ സെമിനാറിൽ പങ്കെടുത്തു. സിക്കിമിലെ നാല് ജില്ലകളിലും ഓരോ ജില്ലാതല ശില്പശാലകൾ നടത്തണമെന്ന് സെമിനാറിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു. ഇത്തരം സെമിനാറുകളിൽ കർഷകരെ കൂടി പങ്കെടുപ്പിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. ഇതിന് നേതൃത്വം വഹിക്കാമെന്ന് ഡോ. അൻപളഗൻ ഐ.എഫ്.എസ്. ഉറപ്പ് നൽകി. അദ്ദേഹത്തിന് ഇക്കാര്യങ്ങൾ സൂചിപ്പിച്ച് സി.ഡാകിൽ നിന്ന് ഒഫീഷ്യൽ ഇ-മെയിൽ സന്ദേശം അയയ്ക്കണമെന്ന് കൂടിക്കാഴ്ചയിൽ ധാരണയായി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
അസോ. ഡയറക്ടർ, WSSS

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

സ്വാർത്ഥ താൽപര്യത്തിലൂന്നി മണ്ണിനും പരിസ്ഥിതിയ്ക്കും ദോഷകരമായ കൃഷിരീതികൾക്ക് പരിസമാപ്തി വരുത്തി ഭാവിതലമുറയുടെ സുരക്ഷിതത്വത്തിലൂന്നി കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഏപ്രിൽ മാസത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുവാൻ സാധിച്ചു.

**സെമിനാറുകൾ നടത്തി**

ജൈവവളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് സെമിനാറുകൾ നടത്തി. കുമാരി ലിജി ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

പ്രാദേശിക തലത്തിലുള്ള കർഷക കൂട്ടായ്മയായ വില്ലേജ് ഫാം ക്ലബ്ബുകളുടെ മീറ്റിംങ്ങുകൾ വിവിധ സ്ഥലങ്ങളിലായി നടക്കുകയും യോഗങ്ങളിൽ ഫീൽഡ് കോർഡിനറ്റർമാർ/ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു.

**ലീഡേഴ്സ് മീറ്റിംങ്ങുകൾ നടത്തി**

പ്രാദേശിക തലത്തിൽ കർഷക ഗ്രൂപ്പുകളുടെ ലീഡർമാർക്കായി മീറ്റിങ്ങുകൾ നടത്തി. ഗ്രൂപ്പ് മീറ്റിംങ്ങുകൾ നടത്തേണ്ട വിധം, ലീഡറുടെ ചുമതലകൾ, കർഷക സംഘാടനം, ഉൽപ്പന്നങ്ങളുടെ ശേഖരണം, ഫെയർട്രേഡ് സർട്ടിഫിക്കേഷൻ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുകയും ഓരോ പ്രദേശത്തെയും കർഷകർ അഭിമുഖീകരിക്കുന്ന പ്രാദേശിക പ്രശ്നങ്ങളും വെല്ലുവിളികളും ചർച്ചയാകുകയും ചെയ്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ**

പുതുതായി അംഗങ്ങളായ കർഷകരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള ആദ്യ കൃഷിയിട പരിശോധന ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഇന്റേണൽ ഇൻസ്പെക്ടർമാർ നടത്തിവരുന്നു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉൽപ്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ നടപടികൾ ശ്രീ. നിധീഷിന്റെ നേതൃത്വത്തിൽ കൃഷിയിടങ്ങളിലും, ആവശ്യമായ

രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ രമ്യയുടെ നേതൃത്വത്തിലും നടന്നുവരുന്നു.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും, ഗ്രൂപ്പ് മീറ്റിംങ്ങുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസിലാക്കി കൊടുക്കുകയും ചെയ്തു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർട്രേഡ് സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (വോഫ) 2018 ഏപ്രിൽ മാസത്തിൽ 57 കർഷകർക്ക് കൂടി അംഗത്വം നൽകി. നിലവിൽ 7826 കർഷകരാണ് വോഫെയിൽ അംഗങ്ങളായുള്ളത്.

**വോഫ എക്സിക്യൂട്ടീവ് മീറ്റിംങ്ങ്**

2018 ഏപ്രിൽ 17 -ാം തീയതി ബയോവിൻ അഗ്രോ റിസേർച്ച് കോൺഫറൻസ് ഹാളിൽ ചേർന്ന വോഫ എക്സിക്യൂട്ടീവ് മീറ്റിങ്ങിന് വോഫ-ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതമാശംസിച്ചു. തുടർന്ന് 2017-18 വർഷത്തെ വരവു-ചെലവ് കണക്കുകൾ യോഗത്തിൽ ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ അവതരിപ്പിച്ചു. തുടർന്ന് 2017-18 വർഷത്തെ വോഫയുടെ പ്രവർത്തന റിപ്പോർട്ട് കോ-ഓർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ അവതരിപ്പിച്ചു. വോഫ പ്രവർത്തന റിപ്പോർട്ട്, വരവു-ചെലവ് കണക്കുകൾ യോഗം ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 2017-18 വർഷത്തെ വാർഷിക പൊതുയോഗം 2018 ജൂൺ ഇരുപതാം തീയതി രാവിലെ 10 മണിക്ക് ചേരുന്നതിനായി തീരുമാനിച്ചു. യോഗത്തിൽ വോഫയുടെ ഫെയർട്രേഡ് ഓഡിറ്റ് 2018 ഏപ്രിൽ മാസം 23 മുതൽ 25 വരെ ഉണ്ടായിരിക്കുമെന്ന് അറിയിക്കുകയും ചെയ്തു.

**ഫെയർട്രേഡ് ഓഡിറ്റ്**

വോഫയിൽ കർഷകരെ നേരിട്ട് കാണുന്നതിനും സംഘടനയെക്കുറിച്ച് വിലയിരുത്തുന്നതിനുമായി 2018 ഏപ്രിൽ മാസം 23 മുതൽ 25 വരെ ഫെയർട്രേഡ് ഓഡിറ്റ് നടന്നു. ഓഡിറ്റിനായി ഫ്ളോസെർട്ടിൽ നിന്നും ശ്രീ. രാജാസിങ്കം (ശ്രീലങ്ക) വോഫയുടെ ഓഫീസ്, രേഖകൾ പരിശോധിക്കുകയും ചെറുകാട്ടൂർ, അമരക്കുനി, വേലിയമ്പം, തിരുനെല്ലി, മക്കിയാട് എന്നീ വില്ലേജുകൾ സന്ദർശിക്കുകയും കർഷകരെ നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയും ചെയ്തു. വോഫെയുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നേറുന്നതിനുള്ള സന്തോഷം രേഖപ്പെടുത്തുകയും ചെയ്തു.

**സെമിനാറുകൾ**

2018 മെയ് മാസത്തിൽ ബാംഗ്ലൂരിൽ വച്ച് നടക്കുന്ന NAAP പരിശീലന പരിപാടിയിൽ വോഫയുടെ സ്റ്റാഫ് അംഗങ്ങളായ ശ്രീ. അനു ജോൺ, ശ്രീ. എൽദോ എ.കെ എന്നിവർ പങ്കെടുക്കാൻ തീരുമാനിച്ചു.

**സംഭരണം**

വോഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഏപ്രിൽ മാസം 71830 കിലോ കാപ്പി കിലോയ്ക്ക് 80 രൂപ നിരക്കിലും, 14500 കിലോ പച്ച ഇഞ്ചി

കിലോയ്ക്ക് 45 രൂപ നിരക്കിലും, 1480 കിലോ പപ്പായ ഇല കിലോയ്ക്ക് 20 രൂപ നിരക്കിലും, 2350 കിലോ പച്ച മഞ്ഞൾ കിലോയ്ക്ക് 20 രൂപ നിരക്കിലും സംഭരിച്ചു.

**കഫേ**

2015 മുതൽ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വേണ്ടി 2015 ജൂലൈ മാസം 20-ാം തീയതി രൂപീകരിക്കപ്പെട്ട ഫെയർട്രേഡ് സംഘടനയാണ് കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ് (കഫേ). 2859 കർഷകരാൽ രൂപം കൊണ്ട സംഘടനയിൽ 2016-17 വർഷത്തിൽ 4358 അംഗങ്ങളാണുള്ളത്.

**ബോണസ് വിതരണം**

സംഘടനയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഉൽപ്പന്നം സംഭരിച്ചതു വഴിയായി കർഷകർക്ക് 1083617.4 രൂപ അധിക വിലയായി നൽകുകയുണ്ടായി. കാപ്പിക്ക് കിലോഗ്രാമിന് 3 രൂപയാണ് അധിക വിലയായി നൽകിയത്.

**ജൈവവള വിതരണം**

സംഘടനയിൽ അംഗങ്ങളായ കർഷകർക്ക് സബ്സിഡി നിരക്കിൽ ജൈവവളം വിതരണം ചെയ്തതിന്റെ രണ്ടാം ഘട്ടം മാർച്ച് മാസത്തിൽ പൂർത്തീകരിക്കുകയുണ്ടായി 875000 രൂപയുടെ സ്വീറ്റ് പൊട്ടാഷ് ആണ് കർഷകർക്ക് 75% സബ്സിഡി നിരക്കിൽ നൽകിയത്. സംഘടയിൽ അംഗങ്ങളായ അഞ്ഞൂറോളം കർഷകരാണ് പദ്ധതിയുടെ ഉപഭോക്താക്കളായത്.

**പഞ്ചായത്ത് തല ലീഡേഴ്സ് മീറ്റിങ്ങ്**

സംഘടനയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനും കർഷക അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനായി വിവിധ പഞ്ചായത്തുകളിലായി ഗ്രൂപ്പ് ലീഡർമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്ത് തല മീറ്റിങ്ങ് സംഘടിപ്പിക്കുകയുണ്ടായി. 27 പഞ്ചായത്തുകളിൽ നിന്നുമായി 250 ഓളം കർഷക പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുകയും സംഘടനാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗ നിർദ്ദേശങ്ങൾ സ്വരുക്കൂട്ടുകയും ചെയ്തു.

**ഫെയർട്രേഡ് ഓഡിറ്റ്**

2018 ഏപ്രിൽ മാസം പത്തൊൻപതാം തീയതി മുതൽ ഇരുപത്തിഒന്നു വരെ സംഘടയുടെ റിന്യൂവൽ ഓഡിറ്റ് നടന്നു. ഫ്ളോസേർട്ട് ഓഡിറ്റർ ശ്രീ. മുരുക രാജസിംഗം രേഖകൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തു.

പൂതാടി, മുട്ടിൽ, കോട്ടത്തറ, വെള്ളമുണ്ട, തരിയോട് എന്നീ പഞ്ചായത്തുകളിലെ കർഷക ഗ്രൂപ്പുകളിലെ കർഷകരുമായി സംവദിക്കുകയും കൃഷിയിടങ്ങൾ സന്ദർശിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഏപ്രിൽ മാസത്തിലും കാപ്പി, മഞ്ഞൾ, പൈനാപ്പിൾ, ചക്ക, പനിക്കൂർക്ക (ഒറിഗാനോ) ഉള്ളിത്തണ്ട് (ചായ്സ്) തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ബയോവിൻ വഴി വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ഹൃദയംനിറഞ്ഞ നന്ദിയോടെ,**

സ്നേഹിതരേ,

2016 ജനുവരി ഒന്നു മുതൽ നമ്മുടെ റേഡിയോ മാറ്റൊലിയിൽ പുരോഹിത ശ്രുശ്രൂഷ ചെയ്യാൻ എന്നെ അനുഗ്രഹിച്ച നീതിമാനും കരുണാനിധിയുമായ നല്ലദൈവത്തിന് നന്ദി. സകലജനത്തിനും നല്ലവാർത്ത അറിയിക്കുവാൻ നമ്മുടെ രൂപതയുടെ WSSS നു കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോയുടെ സ്റ്റേഷൻ ഡയറക്ടറായി എന്നെ നിയമിച്ച അഭിവന്ദ്യപിതാവിന് ഹൃദയപൂർവ്വം കൃതജ്ഞതയർപ്പിക്കുന്നു. മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി ചെയർമാനായ ബഹുമാനപ്പെട്ട വികാരി ജനറാളച്ചന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ബഹുമാനപ്പെട്ട രൂപതാ ചാൻസലർ, പ്രൊക്യുറേറ്റർ മറ്റു രൂപതാധികാരികൾ എന്നിവരോടുള്ള പ്രത്യേകമായ കടപ്പാടും രേഖപ്പെടുത്തുന്നു. മുൻവികാരി ജനറാൾ, ചാൻസലർ, പ്രൊക്യുറേറ്റർ എന്നിവരെയും നന്ദിപൂർവ്വം ഓർക്കുന്നു. മാറ്റൊലിയുടെ മാതൃസ്ഥാപനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ, സോഷ്യൽ സർവീസ് സംരംഭങ്ങളുടെ കോർഡിനേറ്റർ മുതലായവർക്ക് പ്രത്യേകം നന്ദി. എന്റെ സഹപ്രവർത്തകരായിരുന്ന ബഹുമാനപ്പെട്ട സന്തോഷ് കാവുങ്കൽ, ജെയ്സ് ചെട്ടിയാശ്ശേരി, മനോജ് കാക്കോനാൽ, ജസ്റ്റിൻ മുത്താനിക്കാട്ട് എന്നീ അച്ചൻമാരോടുള്ള നന്ദി നിസ്സീമമാണ്. അവരുടെ അറിവും കഴിവും സമർപ്പണവും സന്ധതയും സംലഭ്യതയുമാണ് റേഡിയോ മാറ്റൊലിയുടെ മുതൽക്കൂട്ട്. സ്റ്റാഫ്, ടീം, വോളണ്ടിയേഴ്സ്, കോർ ടീം, മാനേജ്മെന്റ് കമ്മിറ്റി, കണ്ടന്റ് മോണിറ്ററി കമ്മിറ്റി HOD ടീം, മാറ്റൊലിക്കൂട്ടം ഭാരവാഹികൾ, മുതലായവർ ഉൾപ്പെടുന്ന മാറ്റൊലി മഹാടീമിലെ എല്ലാവരേയും ഏറെ നന്ദിയോടെ മാത്രമേ ഓർക്കാനാവൂ. എല്ലാവരും ഒരുമയോടെ കഠിനാധ്വാനം ചെയ്യുന്നതുകൊണ്ട് മാത്രമാണ് ജനാധിപത്യ മൂല്യത്തിൽ ഉറച്ച് മതേതര മാധ്യമ സേവനം നടത്താൻ നമുക്ക് സാധിക്കുന്നത്. മാറ്റൊലിയുടെ സഹകാരികളായ കേന്ദ്ര, കേരള, ഡിപ്പാർട്ടുമെന്റുകളും, സർക്കാർ, സർക്കാരിതര സംഘടനകൾ, സന്ധപ്രവർത്തകർ, മാധ്യമപ്രവർത്തകർ, ത്രിതല പഞ്ചായത്തുകളുടെ സാരഥികളും നേതാക്കളും, കച്ചവട സ്ഥാപനങ്ങൾ, പരസ്യം തന്നു സഹായിക്കുന്നവർ എല്ലാവരുടേയും സഹായത്തോടേയും സഹകരണത്തോടേയും ആണ് ഈ സാമൂഹ്യമാധ്യമം മുന്നോട്ടു പോകുന്നത്. എല്ലാവർക്കും ഒരുപാട് നന്ദി. മാനന്തവാടി രൂപതയിലെ വൈദികർ, സന്യസ്തർ, അത്മായ നേതാക്കൾ, സർവ്വർക്കും നന്ദി. വയനാട്ടിലെ എല്ലാ ഫൊറോനകളിലും തന്നെ മാസധ്യാനങ്ങളിൽ മാറ്റൊലി ശ്രുശ്രൂഷയെക്കുറിച്ച് സംസാരിക്കാൻ കിട്ടിയ അവസരങ്ങളും അവിടെ നിന്ന് ലഭിച്ച പ്രോത്സാഹനങ്ങളും നന്ദിപൂർവ്വം ഓർക്കുന്നു.

പുതിയ ഡയറക്ടർ ബഹുമാനപ്പെട്ട ബിജോ കറുകപ്പിള്ളി അച്ചൻ കഴിഞ്ഞ ആറു വർഷമായി റേഡിയോ മാറ്റൊലിയുടെ ഭാഗമാണ്. WSSS എന്ന സന്നദ്ധ സംഘടനയാണ് ആധികാരികമായി മാറ്റൊലിയുടെ ഉടമ. അച്ചന്റെ അറിവും കഴിവും പരിശീലനവും ബന്ധങ്ങളുടെ സ്വാധീനങ്ങളും മാറ്റൊലിക്ക് തീർച്ചയായും ഗുണം ചെയ്യും. അച്ചന് പ്രാർത്ഥനാപൂർവ്വകമായ ആശംസകൾ.

പത്താം വർഷത്തിലേക്ക് പ്രവേശിക്കുകയാണ് റേഡിയോമാറ്റൊലി ജൂൺ 1 ന്. മാനന്തവാടി രൂപത മനുഷ്യസമൂഹത്തിന് ചെയ്യുന്ന മഹാമാധ്യമ സേവനമാണ് മാറ്റൊലി. ദൈവരാജ്യം സംസ്ഥാപിക്കാൻ, സകലരെയും വിമോചിപ്പിക്കാൻ, ഏറ്റവും ഫലപ്രദമായ ഒരു മാർഗ്ഗമാണ് നമുക്ക് തുറന്നു കിട്ടിയിരിക്കുന്നത്. കേവലം സ്റ്റുഡിയോ അല്ലെങ്കിൽ റേഡിയോ എന്നതിലുപരിയായി എല്ലാവരുടേയും ഒരുമയും നന്മയും വികസനവും ഉറപ്പുവരുത്താൻ ഈ മതേതര മാധ്യമ മുന്നേറ്റത്തിന് സാധിക്കും. പ്രത്യേകിച്ച് പാവങ്ങൾക്കു വേണ്ടിയും ആദിവാസികൾക്കുവേണ്ടിയും 1973 മുതൽ നാം ചെയ്തുവരുന്ന ശുശ്രൂഷയുടെ ഏറ്റവും ഫലപ്രദമായ ആധുനിക മുഖമാണിത്. രൂപതയൊന്നാകെ ഈ സമാന്തര മതേതര മാധ്യമ മുന്നേറ്റമെന്ന് സ്വന്തമായി കണ്ട് കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്ന് വിനീതമായി താല്പര്യപ്പെടുന്നു. കുറുമണി ഇടവകയിൽ ശുശ്രൂഷ ആരംഭിക്കുന്ന എനിക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമേ എന്ന അപേക്ഷയോടെ,

**ഫാ. സെബാസ്റ്റ്യൻ പുത്തേൻ**

### ബഹു. ബിജോ കറുകപ്പള്ളിൽ അച്ചന് സ്വാഗതം

റേഡിയോ മാറ്റൊലിയുടെ പുതിയ ഡയറക്ടറായി ബഹുമാനപ്പെട്ട ബിജോ കറുകപ്പള്ളി അച്ചൻ ചാർജ്ജെടുത്തു. മാറ്റൊലി കോൺഫറൻസ് ഹാളിൽ നടന്ന ലളിതമായ ചടങ്ങിൽ മാനേജിംഗ് കമ്മിറ്റി ചെയർമാൻ മോൺ അബ്രാഹം നെല്ലിക്കൽ അച്ചന്റെ സാന്നിദ്ധ്യത്തിലാണ് നിലവിലെ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ ചാർജ്ജ് കൈമാറിയത് മാറ്റൊലി 10-ാം വാർഷിക ഉദ്ഘാടന സമ്മേളനത്തിലായിരിക്കും ബഹു. സെബാസ്റ്റ്യൻ പുത്തേനച്ചന് റേഡിയോ മാറ്റൊലി യാത്രയയപ്പ് നല്കുക എന്ന് ഫാ.ബിജോ അറിയിച്ചു.

വയനാടിന്റെ സ്വരമായി കഴിഞ്ഞ 9 വർഷങ്ങൾ വികസനത്തിന്റെ, വിജ്ഞാനത്തിന്റെ വാതായനങ്ങൾ ശ്രോതാക്കൾക്കായി തുറന്നുകൊടുത്ത റേഡിയോ മാറ്റൊലി വളർച്ചയുടെ പടികൾ ഓരോന്നായി ചവിട്ടിക്കേറുന്നു. കഴിഞ്ഞുപോയ 9 വർഷങ്ങൾ സമ്മാനിച്ചത് നേട്ടങ്ങളുടെ അഭിമാന നിമിഷങ്ങളാണ്. അഭിവന്ദ്യ പിതാവിന്റെ മനസ്സിനൊത്ത് ബഹുമാനപ്പെട്ട തേരകത്തിലച്ചൻ കൊളുത്തിയ മാധ്യമ ദീപശിഖ എണ്ണയൊഴിച്ച് കെടാതെ സൂക്ഷിച്ച് വയനാട്ടിലെ നാനാജാതി മതസ്ഥരുടെ പിന്തുണ സമാഹരിച്ച് ഞങ്ങളുടെ റേഡിയോ എന്ന വിളിപ്പേരിലെത്തിച്ചാണ് 7 വർഷങ്ങൾക്കുശേഷം ബഹു. പുത്തേനച്ചന് കൈമാറിയത്. കേരളത്തിലെ യുവജനപ്രസ്ഥാനത്തിന് നിയതമായ ദിശാബോധം നല്കി ഫിലിപ്പൈൻസിൽ നിന്നും നേടിയ മനശാസ്ത്രബോധത്തിന്റെ പിൻബലത്തിൽ രണ്ടര വർഷങ്ങൾ റേഡിയോമാറ്റൊലിയുടെ അമരക്കാരനായിരുന്ന പുത്തേനച്ചൻ മാറ്റൊലിക്ക് മാറ്റേകിയ പ്രവർത്തനമാണ് കാഴ്ചവെച്ചത്. മാറ്റൊലിക്കൂട്ടത്തിലൂടെ ശ്രോതാക്കളുടെ കൂട്ടങ്ങൾ ആരംഭിച്ച് മാറ്റൊലിക്ക് നല്കിയ ജനകീയ മുഖം മറക്കാനാവില്ല. മനശാസ്ത്രത്തിൽ സായത്തമാക്കിയ അറിവുകൾ മനസൗഖ്യ എന്ന

റേഡിയോ പ്രോഗ്രാമിലൂടെ ശ്രോതാക്കൾക്ക് പകർന്നുകൊടുക്കാനും അച്ചന് സാധിച്ചു. പ്രാദേശിക ശുചിത്വത്തിന് പ്രാമുഖ്യം നല്കി ആരംഭിച്ച ക്യാംപെയ്ൻ അച്ചന്റെ ദീർഘവീക്ഷണത്തിൽ ഉരുത്തിരിഞ്ഞ ആശയമാണ്. രണ്ടരവർഷങ്ങൾ റേഡിയോ മാറ്റൊലിയുടെ വളർച്ചയിൽ കൂടെ നടന്ന് വളർത്തിയ, പ്രോത്സാഹിപ്പിച്ച, മാറ്റൊലിയെ ഹൃദയത്തിൽ ഏറ്റിയ പുത്തേനച്ചൻ പുതിയ കർമ്മപഥത്തിലേക്ക് യാത്രയായിരിക്കുന്നു.

മെയ് 19 മുതൽ റേഡിയോ മാറ്റൊലിയുടെ ചാർജ്ജ് അഭിവന്ദ്യ പിതാവ് എന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ എല്ലാവരുടേയും പ്രാർത്ഥനയും സഹകരണവും വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്. അഭിവന്ദ്യപിതാവും, ജനറാളച്ചനും, WSSS ഉം, ബഹുമാനപ്പെട്ട വൈദികരും, മാധ്യമ പ്രവർത്തകർ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നായകർ, സർക്കാർ ജീവനക്കാർ, വോളണ്ടിയേഴ്സ് എന്നിവരും സഹകരണവും പ്രോത്സാഹനവും കൂടെയുണ്ട് എന്ന വിശ്വാസത്തിൽ ഞാൻ ആരംഭിക്കുകയാണ്.

**ഫാ.ബിജോ കറുകപ്പള്ളിൽ**

**യാത്രയയപ്പ് - നബാർഡ് എ.ജി.എം -എൻ.എസ് സജികുമാർ**

മുംബൈയിലേക്ക് സ്ഥലം മാറിപ്പോകുന്ന നബാർഡ് എ.ജി.എം. എൻ.എസ് സജികുമാറിന് റേഡിയോ മാറ്റൊലിയിൽ യാത്രയയപ്പ് നൽകി. സമ്മേളനത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ, മംഗലശ്ശേരി മാധവൻ മാസ്റ്റർ, എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ സ്വാഗതവും കെ.കെ.ചന്ദ്രശേഖരൻ നന്ദിയും പറഞ്ഞു.

**സ്വീകരണം-കേരള വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ-സജ്ന സജീവൻ**

അണ്ടർ 23 കേരള വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ സജ്ന സജീവന് റേഡിയോ മാറ്റൊലിയിൽ സ്വീകരണം നൽകി. റേഡിയോ മാറ്റൊലിയുടെ ഉപഹാരമായ റേഡിയോ സെറ്റ് സ്റ്റേഷൻ ഡയറക്ടർ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ സജ്നയ്ക്ക് കൈമാറി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു പൊന്നാടയണിയിച്ചു. ജൂനിയർ സൂപ്രണ്ട് സിന്ധു ജസ്റ്റിൻ, പി.ജെ.കാതറിൻ, മംഗലശ്ശേരി മാധവൻ മാസ്റ്റർ, ഇന്റേൺ ഹമേദ അലി എന്നിവർ റേഡിയോ മാറ്റൊലിയുടെ സ്നേഹോപഹാരങ്ങൾ നല്കി ആദരിച്ചു.

**പ്രോഗ്രാം പ്രൊഡക്ഷൻ വിംഗ്**

നവീകരിച്ച പ്രോഗ്രാം പ്രൊഡക്ഷൻ വിംഗിന്റെ വെഞ്ചരിപ്പു കർമ്മം 26.04.18 ന് സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ നിർവ്വഹിച്ചു. ആധുനിക സൗകര്യങ്ങളോടുകൂടി 14 പ്രൊഡ്യൂസർമാർക്ക് ഇരുന്നു ജോലി ചെയ്യാവുന്ന വിധത്തിൽ പ്രോഗ്രാം പ്രൊഡക്ഷൻ വിംഗ് നവീകരിക്കാനായി സാമ്പത്തിക സഹായം അനുവദിച്ച അഭിവന്ദ്യ പിതാവിനും ബഹു.ജനറാളച്ചനും പ്രൊക്യുറേറ്ററച്ചനും മറ്റു രൂപതാധികാരികൾക്കും നന്ദി.

**പങ്കാളിത്തം**

മാനന്തവാടി പ്രസ്സ് ക്ലബ്ബിൽ നടന്ന ഓപ്പൺ ന്യൂസറിന്റെ യൂട്യൂബ് ചാനൽ ഉദ്ഘാടന ചടങ്ങിൽ ഫാ.സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്ത് ആശംസകൾ നേർന്നു സംസാരിച്ചു. റെനീഷ് ആര്യപ്പിള്ളിൽ നന്ദിപ്രസംഗം നടത്തി.

മാനന്തവാടി പഴശ്ശി ഗ്രന്ഥാലയത്തിൽ നടന്ന ശ്രീമതി ആലീസ് ജോസിന്റെ 'എലികൾ കരളുന്നത് എന്തുകൊണ്ട്' എന്ന കൃതിയുടെ പ്രകാ

ശനകർമ്മത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്തു ആശംസകൾ നേർന്നു സംസാരിച്ചു. സ്റ്റുഡന്റ് വോളണ്ടിയറായ ഏയ്ഞ്ചല മെറിൻ നോബിളിന്റെ ആദ്യകുർബാന സ്വീകരണത്തിന് ഫാ.സെബാസ്റ്റ്യൻ പുത്തേൻ, ജൂനിയർ സൂപ്രണ്ട് സിന്ധു ജസ്റ്റിൻ, സ്മിത ജോസ, റെനീഷ് ആര്യപ്പിള്ളിൽ എന്നിവർ പങ്കെടുത്തു. മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി അംഗം ശ്രീമതി ആസ്യ ടീച്ചറിന്റെ സെന്റ് ഓഫ് പാർട്ടിയിൽ ഫാ.സെബാസ്റ്റ്യൻ പുത്തേൻ, ഷാജു പി ജെയിംസ്, റെനീഷ് ആര്യപ്പിള്ളിൽ, ലിതിൻ മാത്യു എന്നിവർ പങ്കെടുത്തു.

**വിവാഹമംഗളങ്ങൾ**

പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് നിഖിൽ അബ്രാഹം, ലിതിൻ മാത്യു എന്നിവരുടെ വിവാഹത്തിൽ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ, ഫാ. ജസ്റ്റിൻ മാത്യു എന്നിവരും മാറ്റൊലി ടീം അംഗങ്ങളും പങ്കെടുത്തു. ലിതിനും നിഖിലിനും പ്രാർത്ഥനാപൂർവ്വം റേഡിയോ മാറ്റൊലി കുടുംബം നല്ല കുടുംബജീവിതം നേരുന്നു.

**ഇന്റേൺഷിപ്പ് - അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജ്**

ഒരു മാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജിലെ ഒന്നാം വർഷ മാധ്യമ ബിരുദ വിദ്യാർത്ഥികളായ ഏഴുപേർക്ക് സർട്ടിഫിക്കറ്റ് നല്കി. മാറ്റൊലിയിൽ തങ്ങൾ മറ്റൊരു കുടുംബം കണ്ടെത്തി എന്ന് അഭിപ്രായപ്പെട്ടു.

**കാലിക്കറ്റ് യൂണിവേഴ്സിറ്റി**

15 ദിവസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ മാസ്സ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥികളായ മൂന്നുപേർക്ക് സർട്ടിഫിക്കറ്റ് നല്കി.

**അനുമോദനങ്ങൾ**

100 വർഷം പഴക്കമുള്ള പഴശ്ശി ഗ്രന്ഥശാലയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മാറ്റൊലിയുടെ മുൻ മാനേജ്മെന്റ് കമ്മിറ്റി അംഗവും മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി പ്രസിഡന്റുമായ ഷാജൻ ജോസ് ഗുരുകുലത്തിന് അനുമോദനങ്ങൾ.

**അനുമോദനം സ്വാഗതം**

പുതിയതായി നിയമിതയായ പ്രൊഡ്യൂസർ ഭാഗ്യലക്ഷ്മിക്ക് അനുമോദനവും സുസ്വാഗതവും നേരുന്നു.

**സന്ദർശനങ്ങൾ**

പ്രൊജക്ട്വർക്ക് റിസർച്ചിന്റെ ഭാഗമായി മാംഗ്ലൂർ റേഡിയോ സാരംഗ് ഡയറക്ടർ ഫാ. മെൽവിൻ എസ്.ജെ. മാറ്റൊലി സന്ദർശിച്ചു. ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേന്റെ നേതൃത്വത്തിൽ സ്വീകരണം നല്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തു നല്കുകയും ചെയ്തു. പനമരം നവജ്യോതി ഓൾഡേജ് ഹോമിലെ 14 അമ്മമാർ മാറ്റൊലി സന്ദർശിച്ചു. ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയും സ്റ്റുഡിയോയും പ്രവർത്തനങ്ങളും പരിചയപ്പെടുത്തുകയും ചെയ്തു. കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സ്റ്റാർട്ടപ്പ് ആയ കൾച്ചർഷിപ്പിന്റെ ഡയറക്ടർ ഡോ. പി.കെ നൗഷാദ് വന്നു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** ജില്ലയിലെ ആദിവാസി വിഭാഗങ്ങളിൽ വരുത്തിയ ജീവിത പുരോഗതിയെക്കുറിച്ച് മനസ്സിലാക്കുന്നത് റേഡിയോ

മാറ്റൊലി തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഏപ്രിൽ 20 -ന് സംഘടിപ്പിച്ച പരിപാടിയിൽ സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ സി.കെ. പ്രദീപ് കുമാർ പങ്കെടുത്തു.

**സർവോദയസദസ്സ്:** മുള്ളൻകൊല്ലി, പുൽപ്പള്ളി, നെന്മേനി എന്നീ പഞ്ചായത്തുകളെ പരിചയപ്പെടുത്തി.

**നേരും പൊരുളും:** ഉത്സവകാലങ്ങളിലെ വാദ്യഘോഷങ്ങൾ, പൊതുവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ, കറൻസി ക്ഷാമം, സൈബർ കുരുക്കിൽ വീഴുമ്പോൾ ശ്രദ്ധിക്കേണ്ടത്, വിവരാവകാശ നിയമം, നവമാധ്യമങ്ങളുടെ സ്വാധീനം, താമരശ്ശേരിചുരം വികസനം, വാഹനപെരുപ്പം സൃഷ്ടിക്കുന്ന ഗതാഗത പ്രതിസന്ധി, വയനാടൻ കാർഷിക മേഖല എന്നീ വിഷയങ്ങൾ നേരും പൊരുളും ചർച്ച ചെയ്തു.

**മനസൗഖ്യ:** ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് എങ്ങനെ മോചനം നേടാം എന്നതിനെകുറിച്ചാണ് മനസൗഖ്യ പ്രക്ഷേപണം ചെയ്തത്. കോട്ടയം ട്രാഡ ഇൻസ്റ്റിറ്റ്യൂട്ടിലെ ലഹരി വിമോചക പരിശീലകനായ സിജി ആന്റണിയാണ് വിവരങ്ങൾ പങ്കുവെച്ചത്. ഉപരിപഠനത്തിലേക്ക് കടക്കുമ്പോൾ എന്ന വിഷയത്തിൽ സു.ബത്തേരി സെന്റ് മേരീസ് ക്ളിനിക്കിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സി.ലില്ലി എസ്.എ.ബി.എസ്. നടത്തിയ പ്രഭാഷണവും പ്രക്ഷേപണം ചെയ്തു.

**അരങ്ങ്:** ഐശ്വര്യ, ഡോണ റെജി എന്നിവർ ആലപിച്ച ഗാനങ്ങളും, മാതു വഞ്ഞോട് അവതരിപ്പിച്ച കഥാപ്രസംഗവും പ്രക്ഷേപണം ചെയ്തു.

ധന്യമീജീവിതം: ശ്രീധരൻ മംഗലശ്ശേരി, ചെറുകര വി.കെ ദാമോദരൻ, വി.ഓ ചാക്കോ പാറത്തോട്, വെള്ളമുണ്ട സ്വദേശി ഇ.എം. ക്ലാരമ്മ എന്നിവരെ ധന്യമീ ജീവിതം എന്ന പരിപാടിയിലൂടെ പരിചയപ്പെടുത്തി.

**പ്രത്യേക പരിപാടികൾ:** വീണ്ടുമൊരു വിഷുക്കാലം, വ്യക്തിത്വം ആകർഷകമാക്കാം ജീവിതത്തിൽ വിജയിക്കാം, ശിൽപങ്ങളുടെ കലാചാരുത വ്യക്തമാക്കി ഒരു ചിത്രപ്രദർശനം, ഭൗമദിന പ്രത്യേക പരിപാടി, DDUGKY പദ്ധതി നടത്തിപ്പിൽ ഒന്നാം സ്ഥാനം നേടിയ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രൊജക്ട് കോർഡിനേറ്റർ റോബിൻ ജോസഫുമായി നടത്തിയ അഭിമുഖം, റോഡു സുരക്ഷാവാരാചരണത്തോടനുബന്ധിച്ചുള്ള പ്രത്യേക ഗാനപരിപാടി, പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾ ഉപരിപഠനം തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വൊക്കേഷനൽ ട്രെയിനർ ആലിക്കോയയുമായി നടത്തിയ അഭിമുഖം, പൊലിക 2018 നോടനുബന്ധിച്ച് നടന്ന പരിപാടികളുടെ റേഡിയോ റിപ്പോർട്ടുകൾ, മാതൃദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടി, ജില്ലാ ലൈഫ് മിഷൻ കോർഡിനേറ്റർ സിബി വർഗ്ഗീസ് കെയുമായി നടത്തിയ സുരക്ഷിത ഭവനം സുരക്ഷിത ജീവിതം എന്ന പ്രത്യേക അഭിമുഖം, പ്ലസ് ടുവിനുശേഷം മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ജില്ലാ എപ്ലോയ്മെന്റ് ഓഫീസർ കെ.ആർ രവികുമാറുമായി നടത്തിയ അഭിമുഖം എന്നീ പരിപാടികൾ പ്രത്യേക പരിപാടികളായി പ്രക്ഷേപണം ചെയ്തു.

**പൊൻപുലരി:** ബത്തേരിയിൽ വെച്ച് നടന്ന കുടുംബശ്രീ ജില്ലാ കലോത്സവത്തിന്റെ പരിപാടികളാണ് പൊൻപുലരിയിൽ പങ്കുവെച്ചത്.

**പ്രതിഭയും അതിഥിയും:** പന്തിപൊയിൽ സ്വദേശിയും ഇന്ത്യൻ ബാസ്കറ്റ് ബോൾ ജീന സ്കറിയ, കേരള വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ സജ്ന സജീവൻ എിവർ പരിപാടിയിൽ പങ്കെടുത്തു.

**ജാലകം:** റോഡുസുരക്ഷാവാരത്തോടനുബന്ധിച്ച് കല്പറ്റ സിവിൽ സ്റ്റേഷനിൽ നടന്ന ഉദ്ഘാടന ചടങ്ങിന്റെ റേഡിയോ റിപ്പോർട്ട്, മാനന്ത വാടി ലളിതകലാ അക്കാദമിയിൽ നടന്ന നിറക്കൂട്ട് ബാലചിത്രരചനാ പ്രദർശനം എന്നിവ പ്രക്ഷേപണം ചെയ്തു.

**ടെക്നോമാറ്റൊലി:** വാവേ കമ്പനിയ്ക്ക് കീഴിലുള്ള ഹോണർ എന്ന ബ്രാന്റിന്റെ പുതിയ ഫോണിനെയാണ് ടെക്നോമാറ്റൊലി പരിചയപ്പെടു ത്തിയത്.

**ഓവർഡ്രൈവ്:** റോയൽ എൻഫീൽഡ് പുതിയ രൂപത്തിൽ തണ്ടർബേഡ് പുറത്തിറക്കിയതിനെകുറിച്ചാണ് ഓവർഡ്രൈവ് പങ്കുവെച്ചത്. തണ്ടർബേഡ് 350 എക്സ്, തണ്ടർബേഡ് 500 എക്സ് എന്നിവയുടെ വിശേഷങ്ങൾ പരിപാടിയിലൂടെ പങ്കുവെച്ചു.

**ക്ഷീരവാണി:** കന്നുകാലികൾക്ക് ബാധിക്കുന്ന അകിടുവീക്കം, പരാദ ജീവികൾ പരത്തുന്ന രോഗങ്ങളും പ്രതിവിധിയും എന്ന രോഗത്തെ കുറിച്ചുള്ള വിവരങ്ങളാണ് ഡോ.പ്രശാന്ത് ക്ഷീരവാണിയിൽ പങ്കുവെച്ചത്, പശുപരിപാലനത്തിനുവേണ്ട പത്തുകല്പനകൾ എന്നവിഷയം മിൽമ പ്രൊക്യൂർമെന്റ് ഓഫീസർ ജയരാജൻ പങ്കുവെച്ചു.

**വയൽനാട്:** കൃഷിവകുപ്പിന്റെ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ ജില്ലയിൽ രണ്ടാം സ്ഥാനം നേടിയ കണിയാമ്പറ്റ സ്വദേശിനി ലാലിയുടെ കാർഷിക വിശേഷങ്ങളാണ് വയൽനാട് പരിപാടിയിൽ ഉൾപ്പെടുത്തിയത്. കിഴങ്ങു വിളകളുടെ കൃഷിരീതികളെകുറിച്ച് പി.ജെ മാനു വലും പങ്കുവെച്ചു.

**കുടുംബവേദി:** പങ്കുവെയ്ക്കുന്നതിലെ മാഹാത്മ്യം, സംവേദ നത്തിലെ നയനശക്തി എന്നിവയാണ് കുടുംബവേദി പ്രക്ഷേപണം ചെയ്തത്.

**മയിൽപ്പീലി:** ആലുങ്കൽത്താഴെ അംഗൻവാടിയിലെ കുട്ടികളുടെ കലാപരിപാടികളാണ് മയിൽപ്പീലി പ്രക്ഷേപണം ചെയ്തത്.

സ്മരണാഞ്ജലി: രവീന്ദ്രനാഥ് ടാഗോറിനെ സ്മരണാഞ്ജലിയിൽ അനുസ്മരിച്ചു.

**റേഡിയോ നാടകം:** ഘോഷയാത്ര എന്ന നാടകം പ്രക്ഷേപണം ചെയ്തു.

**ചിത്രീകരണം:** അനീതിക്കെതിരെ, വാതിൽ, ആർക്കുവേണ്ടി, വാതിലിൽ മുട്ടിയ കാലൻ എന്നീ ചിത്രീകരണങ്ങൾ പ്രക്ഷേപണം ചെയ്തു.

**ആരോഗ്യവേദി:** ഓട്ടിസം, വേനൽക്കാലത്തെ ആരോഗ്യപരിചരണം എന്നിവയാണ് ആരോഗ്യവേദി ചർച്ച ചെയ്തത്.

**കിലുക്കാംപെട്ടി:** ബ്രഹ്മകൃഷ്ണയുടെ വിശേഷങ്ങളാണ് കിലുക്കാം പെട്ടിയിൽ കേട്ടത്.

**വിജ്ഞാനവേദി:**കേന്ദ്രഭരണപ്രദേശങ്ങളെ കുറിച്ചുള്ള വിവരങ്ങളാണ് വിജ്ഞാനവേദി പങ്കുവെച്ചത്.

**ആപ്സ്.കോം:** ക്യാംസ് സ്കാനർ, വിവ വീഡിയോ, അമ്മച്ചിയുടെ അടുക്കള എന്നആപ്ലിക്കേഷനെയാണ് ആപ്സ്.കോം പരിചയപ്പെടുത്തിയത്.

**കാലികം:** കെയ്സ് മാനേജിംഗ് ഡയറക്ടർ ഡോ.ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസുമായുള്ള പ്രത്യേക അഭിമുഖമാണ് കാലികത്തിൽ പ്രക്ഷേപണം ചെയ്തത്.

**ഫാ. മനോജ് കാക്കോനാൽ–** അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

കൽപ്ര സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ജൈവകർഷക (WOFFA/KAFFE) സെമിനാർ കൽപ്ര ഇടവക വികാരി ബഹു.തോമസ് കാട്ടുതുരുത്തിയിൽ അച്ചന്റെ സ്വാഗതത്തോടെ ആരംഭിക്കുകയും ബയോവിൻ ചെയർമാൻ ഫാ.ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷനാവുകയും ചെയ്ത യോഗത്തിൽ NDS ഡയറക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ, ബയോവിൻ പർച്ചേസ് മാനേജർ ശ്രീ. ഷാജി കുടക്കച്ചിറ എന്നിവർ സന്നിഹിതരാവുകയും ചെയ്തു. പ്രസ്തുത സെമിനാറിൽ ബയോവിൻ ചെയർമാൻ ബഹു. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ ജൈവകൃഷി, ജൈവഉത്പങ്ങളുടെ സംഭരണം എന്നീ വിഷയങ്ങൾ അവതരിപ്പിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും NDS ന്റെ നേതൃത്വത്തിൽ ജൈവ തേയില സംഭരിക്കുന്നതിനെകുറിച്ച് ജൈവകർഷകരുമായി ആശയ വിനിമയം നടത്തുകയും ചെയ്തു. അതിനോടനുബന്ധിച്ച് ജൈവതേയില ഉത്പാദിപ്പിച്ച് നൽകുവാൻ താത്പര്യം ഉള്ള കർഷകരിൽ ഒരു സർവ്വേ നടത്തുവാനും തീരുമാനിച്ചു. പ്രസ്തുത സെമിനാറിൽ 82 കർഷകർ പങ്കെടുക്കുകയുണ്ടായി.

**ജൈവ ഉത്പന്നങ്ങളുടെ സംഭരണം**

WOFFA അംഗങ്ങളായ കർഷകരിൽ നിന്നുമായി 17021 കിലോ കാപ്പി 25 കർഷകരിൽനിന്നുമായും, 3303.350 കിലോ കുരുമുളക് 22 കർഷകരിൽ നിന്നുമായി വിപണി വിലയേക്കാൾ അധികം നൽകി സംഭരിച്ചു.

**ഫാർമേഴ്സ് വെൽഫയർ വർക്ഷോപ്പ്**

NDS ന്റെയും ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഗൂഡല്ലൂരിൽവച്ച് നടത്തപ്പെട്ട ഫാർമേഴ്സ് വെൽഫയർ വർക്ഷോപ്പിൽ റീജണൽ ഫീൽഡ് ഓഫീസറുടെ നേതൃത്വത്തിൽ കർഷകർ പങ്കെടുക്കുകയും, ജൈവകൃഷി, ജൈവവളകൂട്ടുകളുടെ സൗജന്യ വിതരണം, നടീൽ വസ്തുക്കളുടെ സൗജന്യ വിതരണം, സൗജന്യമായി സ്പ്രിംഗ്ലർ സെന്റ്, സബ്സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങൾ എന്നീ വിഷയങ്ങൾ അവതരിപ്പിക്കുകയും കർഷകരുടെ

സംശയങ്ങൾക്ക് മറുപടി നൽകുകയും ഒപ്പം ബയോവിൻ അഗ്രോ റിസേർച്ചിനെ യോഗത്തിൽ പരിചയപ്പെടുത്തുകയും ചെയ്തു.

**ജൈവകർഷക പഠനയാത്ര**

കഫെ അംഗങ്ങളായ കർഷക പ്രതിനിധികൾക്കായി ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ തികച്ചും സൗജന്യമായി കോയമ്പത്തൂർ കാർഷിക സർവ്വകലാശാലയിലേക്ക് റീജണൽ ഫീൽഡ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തുകയും സുസ്ഥിര ജൈവകൃഷി, ജൈവവളക്കൂട്ടുകളുടെ നിർമ്മാണം, ജൈവകീടനിയന്ത്രണം, ജൈവ കുമിൾ നിയന്ത്രണം, ജൈവ കീട/കുമിൾ നാശിനികളുടെ തയ്യാറിപ്പ്, കൃഷിയിട സന്ദർശനം, ചിലവ് വളരെ കുറഞ്ഞ രീതിയിൽ ഉള്ള ജൈവ സർട്ടിഫിക്കേഷൻ എന്നീ വിഷയങ്ങളിൽ നടത്തിയ സെമിനാറുകളിൽ അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

**NDS ഇവാലുവേഷൻ മീറ്റിംഗ്**

NDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ SWS കളുടെയും പ്രതിമാസ ഇവാലുവേഷൻ മീറ്റിംഗ് ഗൂഡല്ലൂർ അരുൾനിലയം പള്ളിയിൽവച്ച് ചേരുകയും എല്ലാ SWS യൂണിറ്റുകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുകയും പ്രവർത്തനങ്ങളും, വരവ് ചിലവ് കണക്ക് അവതരിപ്പിക്കുകയും കൂടുതൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**April-May 2018**

Amidst the end-semester University examinations (regular) and the year-end SDE examinations, a few more activities have been keeping the otherwise quiet vacation time moderately lively. The Department of Commerce and the Department of Physical Education jointly organized a seven day workshop with the assistance of the IQAC on Research Methodology and Data Analysis with Statistical Packages from 7 to 13 May 2018. Dr P Rajesh, Assistant Professor of Economics at Govt. Engineering College Thrissur, was the chief resource person. In addition, the Department of Commerce conducted a Certificate Course in Tally during the vacation for about twenty students who completed B Com this year. The campus also witnessed competitions in the junior badminton championship organized by the district Badminton Association. Kannur University informs us that the online registration for admission to the Degree Programmes in all the affiliated colleges will begin from May 19, 2018. The admission process is expected to be over by the end of June 2018 and the first semester classes are likely to start in the first week of July 2018.

**Dr. Savio James V**
Principal

**കേരള കർഷകജാഥ – ആലോചനായോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരള കർഷക ജാഥയുമായി ബന്ധപ്പെട്ട് മാനന്തവാടി ടൗൺ ചർച്ച് ഹാളിൽ നടന്ന ആലോചനായോഗം ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ ഫാ.റോയി കണ്ണൻചിറ ഉദ്ഘാടനം ചെയ്തു. ചുങ്കക്കുന്ന്, കാവുംമന്ദം, കൽപ്പറ്റ, ബത്തേരി, പുൽപ്പള്ളി, നടവയൽ, മാനന്തവാടി എന്നിവിടങ്ങളിൽ ജാഥക്ക് സ്വീകരണം നൽകുവാൻ തീരുമാനിച്ചു. ഈ കേന്ദ്രങ്ങളിൽ വിപുലമായ സ്വാഗതസംഘം രൂപീകരണം നടത്തുവാൻ യോഗം തീരുമാനമെടുത്തു. ജനറൽ കോ–ഓർഡിനേറ്ററായി ഡി.എഫ്. സി. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേലിനെ നിയോഗിച്ചു. കൺവീനർമാരായി ഡി.എഫ്.സി. രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ജിഷിൻ മുണ്ടക്കാതടത്തിൽ എന്നിവരെ തെരഞ്ഞെടുത്തു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര, രൂപതാഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ, സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, മിജാർക്ക് കോ–ഓർഡിനേറ്റർ സിറിയക് ചാഴിക്കാടൻ എന്നിവർ പ്രസംഗിച്ചു.

**ഒപ്പുശേഖരണം**

കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണണം എന്നാവശ്യപ്പെട്ട് ദീപിക ഫ്രണ്ട്സ് ക്ലബ് വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്തുന്ന കേരള കർഷകജാഥയുടെ ഭാഗമായി ഒരു കോടി കർഷകരുടെ ഒപ്പുശേഖരണത്തിന്റെ രൂപതാതല ഉദ്ഘാടനം മാനന്തവാടിയിൽ കർഷകജാഥാ ജില്ലാ കോ–ഓർഡിനേറ്റർ ഫാ. സുനിൽ വട്ടുകുന്നേൽ നിർവ്വഹിച്ചു. ഒപ്പുകൾ ശേഖരിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് നിവേദനം നൽകും.

**കരിയർ ഗൈഡൻസ് ക്യാമ്പ്**

ഡി.എഫ്.സി. തരിയോട് ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിൽ പത്താംക്ലാസും പ്ലസ്ടുവും കഴിഞ്ഞ കുട്ടികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. മെയ് 2–ന് രാവിലെ ഒൻപതരക്ക് ആരംഭിച്ച ക്യാമ്പിന്റെ ഉദ്ഘാടനം കൽപ്പറ്റ ഡി.വൈ.എസ്.പി. പ്രിൻസ് എബ്രഹാം നിർവഹിച്ചു. തരിയോട് ഫൊറോന വികാരി ഫാ. ജയിംസ് കുന്നത്തേട്ട് അധ്യക്ഷത വഹിച്ചു. ഫാ. മാർട്ടിൻ പുതുശ്ശേരി ആശംസകളർപ്പിച്ചു. ഡി.എഫ്.സി. രൂപതാ ഡയറക്ടർ ഫാ.സുനിൽ

വട്ടുകുന്നേൽ സ്വാഗതവും പ്രസിഡണ്ട് സണ്ണി മുത്തങ്ങാപറമ്പിൽ നന്ദിയും പറഞ്ഞു. ജ്യോതിസ്പോൾ, ബാബു പള്ളിപ്പാട്ട് എന്നിവർ ക്ലാസ് നയിച്ചു. ജോസ് തൊട്ടിയിൽ, ജോസ് ജെ മലയിൽ, ഷിന്റോ നാമറ്റത്തിൽ, ബനഡിക്റ്റ് മോളോപ്പറമ്പിൽ, രാജ് വല്യാറയിൽ, തോമസ് കിഴക്കേടത്ത്, ജോസ് പുളിയംകുന്നത്ത്, അബ്രഹാം കറുത്തേടത്ത്, ആന്റോ പാറയിൽ, ബേബി കുടിലിൽ, ജോസ് പാലക്കാതടത്തിൽ എന്നിവർ നേതൃത്വം നൽകി.

**കർഷക ജാഥ - സ്വാഗതസംഘ രൂപീകരണം**

**കൽപ്പറ്റ:-** കേരള കർഷകജാഥയുടെ വിജയത്തിനായി വിവിധ മേഖലകളിൽ വിപുലമായ സ്വാഗത സംഘങ്ങൾ രൂപീകരിച്ചു. കൽപ്പറ്റയിൽ നടന്ന സ്വാഗതസംഘ രൂപീകരണയോഗം ഫൊറോന വികാരി ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കർഷകജാഥ ജില്ലാ കോ ഓർഡിനേറ്റർ ഫാ. സുനിൽ വട്ടുകുന്നേൽ അധ്യക്ഷത വഹിച്ചു. ഡി.എഫ്.സി. രൂപതാ പ്രസിഡന്റ്, അലക്സ് കടേക്കാട്ട്, മേഖലാ പ്രസിഡണ്ട് മത്തായി നെല്ലിക്കുന്നേൽ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ - രക്ഷാധികാരി, മത്തായി നെല്ലിക്കുന്നേൽ - ചെയർമാൻ, റ്റിബിൻ പാറയ്ക്കൽ - വൈ.ചെയർമാൻ, ഷാജി അഴകനാൽ - ജനറൽ കൺവീനർ എന്നിവരെ തെരഞ്ഞെടുത്തു.

**തരിയോട്:-** സ്വാഗതസംഘം രൂപീകരണയോഗം ഫൊറോന വികാരി ഫാ. ജെയിംസ് കുന്നത്തേട്ട് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. രൂപതാ പ്രസിഡണ്ട് അലക്സ് കടേക്കാട്ട് അധ്യക്ഷത വഹിച്ചു. ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യ പ്രഭാഷണം നടത്തി. കാവുംമന്ദം ടൗണിൽ ജാഥക്ക് സ്വീകരണം നൽകുവാൻ തീരുമാനിച്ചു. ഭാരവാഹികളായി ഫാ. ജയിംസ് കുന്നത്തേട്ട് - രക്ഷാധികാരി, ഫാ. മാർട്ടിൻ പുതുശ്ശേരി - സഹരക്ഷാധികാരി, സണ്ണി മുത്തങ്ങാപറമ്പിൽ - ചെയർമാൻ, തോമസ് കിഴക്കേടത്ത് - വൈ.ചെയർമാൻ, ജോസ് ജെ മലയിൽ ജനറൽ കൺവീനർ, എബ്രഹാം മാത്യു - പബ്ലിസിറ്റി കൺവീനർ എന്നിവരെ തെരഞ്ഞെടുത്തു. നൂറ്റി ഒന്ന് അംഗ കമ്മിറ്റിക്ക് രൂപം നൽകി.

**മാനന്തവാടി:-** കേരള കർഷകജാഥ മാനന്തവാടി, കല്ലോടി, പയ്യംപ്പിള്ളി, ദ്വാരക ഫൊറോനതല സംയുക്തയോഗം കത്തീഡ്രൽ പാരീഷ് ഹാളിൽ ചേർന്നു. കത്തീഡ്രൽ വികാരി ഫാ. പോൾ മുണ്ടോളിക്കൽ യോഗം ഉദ്ഘാടനം ചെയ്തു. ഫാ. സുനിൽ വട്ടുകന്നേൽ മുഖ്യപ്രഭാഷണം നടത്തി. അലക്സ് കടേക്കാട്ട്, ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, ബെന്നി പൂതറയിൽ, തോമസ് പാരിയത്ത്, ജിഷിൻ മുണ്ടക്കാതടത്തിൽ, ജോസ് ഇലഞ്ഞിമറ്റം, മനോജ് പാക്കാനിക്കുഴിയിൽ എന്നിവർ പ്രസംഗിച്ചു. സ്വാഗതസംഘ ഭാരവാഹികൾ: രക്ഷാധികാരി ഫാ. പോൾ മുണ്ടോളിക്കൽ, സഹരക്ഷാധികാരി - ഫാ. ജോസ് മൊളോപ്പറമ്പിൽ, ചെയർമാൻ - തോമസ് പാരിയത്ത്, വൈ.ചെയർമാൻ - ജിഷിൻ മുണ്ടക്കാതടത്തിൽ,

ജനറൽ കൺവീനർ - ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, പബ്ലിസിറ്റി കൺവീനർ - മനോജ് പാക്കാനിക്കുഴിയിൽ എന്നിവരെ തെരഞ്ഞെടുത്തു.
**മുള്ളൻകൊല്ലി:-** കർഷകജാഥയുടെ വിജയത്തിനായി പ്രവർത്തിക്കാൻ മുള്ളൻകൊല്ലിയിൽ ചേർന്ന സ്വാഗതസംഘ രൂപീകരണയോഗം തീരുമാനിച്ചു. യോഗം മുള്ളൻകൊല്ലി ഫോറോന വികാരി ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. മേഖലാ ഡയറക്ടർ ഫാ.തോമസ് പരുന്തനോലിൽ അധ്യക്ഷത വഹിച്ചു. കർഷകജാഥ ജില്ലാ കോ-ഓർഡിനേറ്റർ ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. ജിബിൻ വട്ടുകുളം ആശംസയർപ്പിച്ചു. രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, രൂപതാ ജോ.സെക്രട്ടറി ജിജോ ഇട്ടൻപറമ്പിൽ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ: ഫാ.ചാണ്ടി പുനക്കാട്ട്-രക്ഷാധികാരി, ഫാ. തോമസ് പരുന്തനോലിൽ, ഫാ. ജോസ് മുണ്ടക്കൽ -സഹരക്ഷാധികാരികൾ: ജിജോ ഇട്ടൻപറമ്പിൽ-ചെയർമാൻ, സണ്ണി പേടപ്പാട്ട് - വൈ.ചെയർമാൻ, സജി നമ്പുടാകം-കൺവീനർ എന്നിവരെ തെരഞ്ഞെടുത്തു. വിവിധ കമ്മിറ്റികൾക്ക് രൂപം നൽകി.
**നടവയൽ:-** നടവയൽ ഫൊറോനാതല സ്വാഗതസംഘ രൂപീകരണയോഗം ഫൊറോനവികാരി ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. കർഷകജാഥ ജില്ലാ കോ-ഓർഡിനേറ്റർ ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഡി.എഫ്.സി. രൂപതാട്രഷറർ സജി പൂവാറ്റിൻചിറ, ജയിംസ് ജോസഫ്, ഷെറിൻ സെബാസ്റ്റ്യൻ, പീറ്റർ ഞരളക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു. ഭാരവാഹികൾ: രക്ഷാധികാരി-ഫാ. ബെന്നി മുതിരക്കാലായിൽ, ചെയർമാ-ബേബി കുളത്തിങ്കൽ, വൈ.ചെയർമാൻ-ബിനു മാങ്കൂട്ടം, ജനറൽ കൺവീനർ-ജയിംസ് ജോസഫ് എന്നിവരെ തെരഞ്ഞെടുത്തു. വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.
**ബത്തേരി:-** കേരള കർഷകജാഥയുടെ വിജയത്തിനായി ബത്തേരിയിൽ ഫൊറോനതല സ്വാഗതസംഘം രൂപീകരിച്ചു. അസംപ്ഷൻ ഫൊറോന വികാരി ഫാ. സ്റ്റീഫൻ കോട്ടക്കൽ സ്വാഗതസംഘം രൂപീകരണയോഗം ഉദ്ഘാടനം ചെയ്തു. ഫാ. സുനിൽ വട്ടുകുന്നേൽ അധ്യക്ഷത വഹിച്ചു. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, സിബിച്ചൻ കരിക്കേടത്ത്, സജി പൂവാറ്റിൻചറി, ഫ്രൻസീസ് പള്ളിക്കമ്യാലിൽ എന്നിവർ പ്രസംഗിച്ചു. ജാഥക്ക് ബത്തേരി അസംപ്ഷൻ ജംഗ്ഷനിൽ സ്വീകരണം നൽകുവാൻ തീരുമാനിച്ചു. ഭാരവാഹികളായി ഫാ.സ്റ്റീഫൻ കോട്ടക്കൽ-രക്ഷാധികാരി, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ-ചെയർമാൻ, എൻ.എം.ജോസ് വൈസ്. ചെയർമാൻ, സിബിച്ചൻ കരിക്കേടത്ത്-ജനറൽ കൺവീനർ, അഗസ്റ്റിൻ കൊടിയംകുന്നേൽ-പബ്ലിസിറ്റി കൺവീനർ എന്നിവരെ തെരഞ്ഞെടുത്തു. സ്വാഗതസംഘ രൂപീകരണത്തിന് സഹകരിച്ച ഏവർക്കും നന്ദി.

**ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ**
ഡി.എഫ്.സി. രൂപതാ സെക്രട്ടറി

# Pastoral Centre Programme



**June 2018**

| | | |
|---|---|---|
| 2 | - | Zion CRC |
| 8 | - | Department Of Youth Ministry |
| 9 | - | Department Of Youth Ministry,<br>CML, Counselling Day |
| 10-13 | - | Marriage Preparation Course |
| 15 | - | Department Of Youth Ministry,<br>Catechism Amugha Seminar, KCYM |
| 16 | - | Department Of Youth Ministry,<br>Catechism Amugha Seminar |
| 17-21 | - | Zion Retreat |
| 29-30 | - | Department Of Catechism |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



### *June 2018*

| | | |
|---|---|---|
| *1* | *Fri 8 Fri .........* | *Abroad* |
| *10* | *Sun ..................* | *Thalippadam: Foundation Stone laying for the new Church* |
| *11* | *Mon .................* | *Visitors' Day* |
| *13* | *Wed .................* | *Visitors' Day* |
| *14* | *Thu .................* | *Edoor* |
| *15* | *Fri ..................* | *Out of Station* |
| *17* | *Sun .................* | *Pastoral visit: Poolappadam* |
| *18* | *Mon .................* | *Visitors' Day* |
| *20* | *Wed ..................* | *Visitors' Day* |
| *24* | *Sun ..................* | *Pastoral visit: Mangalam* |
| *25* | *Mon .................* | *Out of Station* |
| *27* | *Wed .................* | *Visitors' Day* |
| *29* | *Fri ..................* | *Out of Station* |

### *July 2018*

| | | |
|---|---|---|
| *1* | *Sun 4 Wed ........* | *Engaged* |
| *5* | *Thu 26 Thu .......* | *Australia* |
| *29* | *Sun ...................* | *Pastoral visit: Kallody* |